ജനകീയാസൂത്രണ പദ്ധതി

തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത്



സമഗ്ര വികസന രേഖ

കേരളം

137-6

ജനകീയ ആസൂത്രണ പദ്ധതി

തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത്



വികസനസെമിനാർ '96

നവംബർ 22 വെള്ളിയാഴ്ച

ഗവ: യൂപി സ്കൂൾ തലപ്പുഴ

തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത്

ഭരണസമിതിയംഗങ്ങൾ

എക്കണ്ടി മൊയ്തൂട്ടി	– പ്രസിഡണ്ട്
വി. കുഞ്ഞിരാമൻ	– വൈസ് പ്രസിഡണ്ട്
കെ.എം. മേരി	– സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
കെ.എസ്. സഹദേവൻ	– മെമ്പർ
കെ.കെ. കരുണൻ	– ”
ആലക്കണ്ടി അണ്ണൻ	– ”
എൻ.സി. ആലി	– ”
ത്രേസ്യാമ്മ ജോസഫ്	– ”
എം.ടി പൗലോസ്	– ”
പി.പി. സൽമ	– ”
ശോഭന നാരായണൻ	– ”
പി. ജയചന്ദ്രൻ	– ”
ഒ.എ. ശാരദ	– ”



പ്രസിഡണ്ട്



വൈസ് പ്രസിഡണ്ട്

1. ആമുഖം

2. പൊതുവിവരണം

3. സാമൂഹിക സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

5. സാമൂഹിക സാംസ്കാരിക മേഖലകൾ

5–1 കൃഷിയും ജലസേചനവും

5–2 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5–3 വിദ്യാഭ്യാസം

5–4 വ്യവസായം

5–5 ആരോഗ്യവും കുടിവെള്ളവും

5–6 പാർപ്പിടവും സാമൂഹ്യക്ഷേമവും

5–7 മൃഗസംരക്ഷണവും മത്സ്യബന്ധനവും

5–8 സംസ്കാരം

5–9 വനിത

5–10 സഹകരണം

5–11 പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

5–12 വിഭവ സമാഹരണം

ആമുഖം

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ മോഹന സങ്കല്പങ്ങളിലൊന്നായ ഗ്രാമസഭകൾ ഇന്ന് അതിന്റെ സമൂർത്തമായ രൂപത്തിൽ യാഥാർത്ഥ്യമായിരിക്കുകയാണല്ലോ. സ്വതന്ത്രഭാരതം പിറന്നുവീണത് പ്രതിസന്ധികളുടെ നടുവിലാണ്. തങ്ങളുടെ രക്തവും വിയർപ്പും ഒഴുക്കി സ്വാതന്ത്ര്യം നേടിത്തന്ന നമ്മുടെ ധീരദേശാഭിമാനികളുടെ വികസന സങ്കല്പം ഇന്നെവിടെയെത്തി എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എട്ട് പഞ്ചവത്സര പദ്ധതികൾ അവസാനിക്കാറായി. ഈ പദ്ധതികളിലൂടെ നാം കൈവരിക്കേണ്ടിയിരുന്ന ലക്ഷ്യങ്ങൾ പൂർണ്ണമായി നേടിയിട്ടുണ്ടോ എന്ന് പരിചിന്തനം നടത്താൻ സമയം വൈകി. എവിടെയാണ് നമ്മുടെ പാളിച്ചകൾ? ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തത്തിന്റെ അഭാവമാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു പോരായ്മയായി ചൂണ്ടിക്കാണിക്കുന്നത്. ആസൂത്രണം ഉദ്യോഗസ്ഥ തലങ്ങളിൽ മാത്രമായി പോകുന്നത് പദ്ധതികൾക്ക് മണ്ണിന്റെ മണം നഷ്ടപ്പെടാൻ ഇടയാക്കി. ഇവിടെയാണ് ജനകീയാസൂത്രണ പദ്ധതിയുടെ പ്രസക്തി ഉയർന്നു വരുന്നത്.

പഞ്ചായത്ത് രാജ് നിയമത്തിന്റെ 175-ാം വകുപ്പ് ത്രിതല പഞ്ചായത്തുകൾക്ക് വിപുലമായ അധികാരങ്ങൾ നൽകുന്നു. ഒമ്പതാം പദ്ധതി ഈ അധികാരങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് എത്രത്തോളം ഫലപ്രദമാക്കാം എന്നാണ് നാം ചിന്തിക്കേണ്ടത്. ഇതിനകം ഏറെ ചർച്ച ചെയ്യപ്പെട്ടിരിക്കുന്ന കല്യാശ്ശേരി വികസന മാതൃക മാത്രമാണ് നമ്മുടെ മുന്നിലുള്ള ഏക മാതൃക. എങ്കിലും പൊതുവെയുള്ള വൈജാത്യങ്ങളും പ്രശ്നങ്ങളും നാം മറന്നുകൂടാ.

ഗ്രാമസഭകളിൽ കൂടി ഉയർന്നുവന്ന പദ്ധതികൾ മുഴുവൻ ഏറ്റെടുത്തു നടത്തുവാനാവശ്യമായ സാമ്പത്തിക ഭദ്രത പദ്ധതി വിഹിതത്തിന്റെ 40%ത്തിൽ ഒതുങ്ങി നിൽക്കുകയില്ല എന്ന് നമുക്കറിയാം. കേന്ദ്ര കേരള സർക്കാരുകളുടെ സഹായം, സന്നദ്ധസംഘടനകളുടെയും വിവിധ ഏജൻസികളുടെയും സഹായം, നികുതിയിനത്തിൽ ലഭ്യമാകുന്ന ധനം എന്നിവ

ഉൾപ്പെടുത്തി ലക്ഷ്യം പരമാവധി കൈവരിക്കാൻ ശ്രമിക്കാം. ഇതിനൊക്കെ പുറമേ നമുക്ക് ഉപയോഗപ്പെടുത്താവുന്ന വമ്പിച്ച മനുഷ്യാദ്ധ്വാനമാണ് ഏറ്റവും വിപുലമായ സമ്പത്തായി കണക്കാക്കേണ്ടത്. മറ്റ് ധനങ്ങൾക്ക് പൂരകമായി മനുഷ്യാധ്വാനം കൂടി കൊണ്ടുപോകാൻ സാധിച്ചാലേ വികസനം പൂർണ്ണമായ തോതിലാവൂ. ജനകീയാസൂത്രണ പദ്ധതിയുടെ പൂർണ്ണമായ വിജയം ജനങ്ങളുടെ നിസ്വാർത്ഥവും നിരന്തരവുമായ സഹകരണത്തിലൂടെ മാത്രമേ യാഥാർത്ഥ്യമാവൂ. വിശേഷാൽ ഗ്രാമസഭകളിലൂടെയാണ് ജനപങ്കാളിത്തം ഉറപ്പുവരുത്താനും അവരുടെ പ്രശ്നങ്ങൾ അറിയാനുമുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 29-9-96 മുതൽ 6-10-96 വരെ നടന്ന 13 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തം സാമാന്യം വിജയകരമായിരുന്നു.

വിവിധ വികസന തുറകളെ അവലോകനം ചെയ്തുകൊണ്ടും ഒൻപതാം പദ്ധതി രൂപീകരണത്തിനുള്ള വിശേഷാൽ ഗ്രാമസഭകളിലെ സജീവമായ ചർച്ചകളുടെ അടിസ്ഥാനത്തിലും ദ്വിതീയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും വിപുലമായി നടത്തിയ പഠനപര്യടനത്തിന്റെ അടിസ്ഥാനത്തിലുമാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വിവിധ വികസനതുറകളെ പൊതു അവലോകനത്തിന് വിധേയമാക്കിയിട്ടുണ്ട്. വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി സാദ്ധ്യതകൾ അവലോകനം ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലവും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ചേർത്തുവേണം വികസനം വിശകലനം ചെയ്യേണ്ടത്. അതിനാൽ ഒരു വിശദമായ റിപ്പോർട്ട് കൂടി ഇതിന്റെ കൂടെ ചേർത്തിരിക്കുന്നു.

ജനകീയ പ്രശ്നങ്ങൾ ഇന്നും നമ്മുടെ മുന്നിലെ ഒരു വെല്ലുവിളിയാണ്. വാളാട് പുഴക്ക് കുറുകെയുള്ള പാലം, ബോയ്സ് ടൗൺ കൊട്ടിയൂർ റോഡ്, വാളാട് കുഞ്ഞോം റോഡ് പണി പൂർത്തീകരണം, തൊണ്ടർനാട്, എടവക പഞ്ചായത്തുകളുമായി നമ്മുടെ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന പാലങ്ങൾ, തലപ്പുഴ ടെലിഫോൺഎക്സ്ചേഞ്ച് വികസനം, പേരിയ കാട്ടിമൂല എക്സ്ചേഞ്ചുകളുടെ നിർമ്മാണം എന്നിവ അടിയന്തിര പ്രാധാന്യം അർഹിക്കു ന്ന പ്രശ്നങ്ങൾ ആണ്. ഒടുങ്ങാത്ത ആവേശവും പ്രകാശമാനമായ പ്രതീക്ഷയും വർദ്ധിതമായ ജനശക്തിയും നമ്മെ ലക്ഷ്യത്തിലെത്തിക്കാൻ സഹായിക്കും. ഭൂതകാലത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് വർത്തമാനത്തിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഭാവിയുടെ വെല്ലുവിളികൾ നേരിടാനുള്ള ചരിത്ര നിയോഗം ഏറ്റെടുക്കാൻ തവിഞ്ഞാൽ പഞ്ചായത്തിലെ നല്ലവരായ ജനതയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

പൊതുവിവരണം

പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ജില്ലയിലെ വടക്കെ വയനാട് താലൂക്കിലാണ് തവിഞ്ഞാൽ പഞ്ചായത്ത് ഉൾപ്പെട്ടിരുന്നത്. 1937 ജൂൺ 6ന് പുറപ്പെടുവിച്ച 31929/36(i)ഉത്തരവ് പ്രകാരമാണ് ഇന്നത്തെ തവിഞ്ഞാൽ പഞ്ചായത്ത് നിലവിൽ വന്നത്. വാളാട്, തവിഞ്ഞാൽ, പേരിയ എന്നീ വില്ലേജുകളാണ് പഞ്ചായത്തിൽ ഉൾപ്പെടുന്നത്.

വടക്ക് കൊട്ടിയൂർ തിരുനെല്ലി പഞ്ചായത്തുകളും തെക്ക് എടവക തൊണ്ടർനാട് പഞ്ചായത്തുകളും കിഴക്ക് മാനന്തവാടി പഞ്ചായത്തും പടിഞ്ഞാറ് തൊണ്ടാർനാട് പഞ്ചായത്തുമാണ് പഞ്ചായത്തിന്റെ അതിരുകൾ 1421.3 ച.കിമീ ആണ് ആകെ വിസ്തീർണ്ണം. 1996ലെ കണക്കനുസരിച്ച് ജനസംഖ്യ 33135 ആണ്. ഇതിൽ 16649 പുരുഷന്മാരും 16486 സ്ത്രീകളും ആണ്.

1995ലെ വാർഡുവിഭജനം അനുസരിച്ച് 13 വാർഡുകൾ ഉണ്ട്. ഇതിൽ 4 വനിതാസംവരണവാർഡുകളും, 1 ആദിവാസി വനിതാസംവരണ വാർഡും, 1 പട്ടികജാതി സംവരണവാർഡും ഉൾപ്പെടുന്നു.

പി.ഐ. ഗോപാലൻ നമ്പ്യാർ, കെ.പി. സൂപ്പി, എം. കുഞ്ഞിരാമൻ നമ്പ്യാർ, ഫാദർ ഇ ബ്രഗാൻസ, ടി.പി.ജി നമ്പൂതിരി, എം.ടി. മാത്യൂ, എ. പ്രഭാകരൻ മാസ്റ്റർ എന്നിവർ സ്തുത്യർഹമായി പഞ്ചായത്ത് പ്രസിഡണ്ട് എന്ന നിലയിൽ സേവനമനുഷ്ഠിച്ചവരാണ്.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്ത്	:	തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്
വില്ലേജുകൾ	:	വാളാട്, പേരിയ, തവിഞ്ഞാൽ
താലൂക്ക്	:	മാനന്തവാടി
ബ്ലോക്ക് പഞ്ചായത്ത്	:	മാനന്തവാടി
ജില്ലാ പഞ്ചായത്ത്	:	വയനാട്
അസംബ്ലി മണ്ഡലം	:	വടക്കേ വയനാട്
ലോകസഭാ മണ്ഡലം	:	കണ്ണൂർ
വിസ്തീർണ്ണം	:	142.3 ചതുരശ്ര കിലോമീറ്റർ
വാർഡുകൾ	:	13
അതിര്	:	വടക്ക് കൊട്ടിയൂർ പഞ്ചായത്തും തിരുനെല്ലി പഞ്ചായത്തും കിഴക്ക് മാനന്തവാടി പഞ്ചായത്ത്
തെക്ക്	:	എടവക തൊണ്ടാർനാട് പഞ്ചായത്ത്
പടിഞ്ഞാറ്	:	തൊണ്ടാർനാട് പഞ്ചായത്ത്
ജനസംഖ്യ	:	1996ലെ കണക്കനുസരിച്ച്
ആൺ	:	16649
പെൺ	:	16486
ആകെ	:	33135
പ്രസിഡണ്ട്	:	എക്കണ്ടി മൊയ്തൂട്ടി
വൈസ് പ്രസിഡണ്ട്	:	വി. കുഞ്ഞിരാമൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	:	കെ. എം. മേരി

സാമൂഹിക സാംസ്കാരിക ചരിത്രം

പ്രകൃതി അതിന്റെ അനുഗ്രഹങ്ങൾ യാതൊരു പിശുക്കുമില്ലാതെ വാരിക്കോരി നൽകിയ ഒരു പ്രദേശമാണ് വയനാട്. സഹ്യന്റെ മടിത്തട്ടിൽ തന്റെ മനം മയക്കുന്ന സൗന്ദര്യം കൊണ്ട് സന്ദർശകരെ വശീകരിച്ചുകൊണ്ട് സ്ഥിതി ചെയ്യുന്ന ഈ സുന്ദരിയെക്കുറിച്ചുള്ള വിവരങ്ങൾ പതിനഞ്ചാം നൂറ്റാണ്ടിനു മുമ്പ് എഴുതപ്പെട്ട ആദ്യ കാല മണിപ്രവാള കൃതികളിൽ പോലും കാണാം. ഈ പരാമർശത്തിൽ നിന്നും സമ്പന്നമായ ഒരു ഭൂതകാലം വയനാടിനുണ്ടെന്ന് നമുക്ക് അനുമാനിക്കാം.

വേടരാജാക്കന്മാരുടെയും വീരപഴശ്ശിയുടെയും വീരസ്മരണകൾ സ്വന്തം മണിച്ചെപ്പിൽ സൂക്ഷിക്കുന്ന ഒരു വയനാടൻ പ്രദേശമാണ് തവിഞ്ഞാൽ. വേടരാജകുമാരിയായിരുന്ന ഇരവി തന്റെ സ്വന്തം കാതിലെ തോടകൾ വിറ്റ് സ്ഥാപിച്ച മൂന്ന് ക്ഷേത്രങ്ങളിലൊന്നാണ് തവിഞ്ഞാലിലെ ഇരവിമല- (ഇരുമനത്തൂർ)-എന്ന് ഐതീഹ്യങ്ങളിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. വീരപഴശ്ശിയുമായുള്ള പോരാട്ടത്തിൽ പഴശ്ശിയെ തളയ്ക്കാൻ പേരിയയിലും തിണ്ടുമ്മലിലും ഇംഗ്ലീഷുകാരുടെ സൈനിക പോസ്റ്റുകൾ നില നിന്നിരുന്നു. നെപ്പോളിയനെ പോലും തോല്പിച്ച വെല്ലസ്ലിയെ കിടുകിടെ വിറപ്പിച്ച വീരപഴശ്ശിയെ സഹായിച്ച വയനാട്ടുകാരിൽ തവിഞ്ഞാൽകാർ മുന്നിൽ നിൽക്കുന്നു. എടത്തന കുങ്കന്റെയും തലയ്ക്കൽ ചന്തുവിന്റെയും വീരകഥകൾ വയനാട്ടുകാരുടെ നാവിൽ തത്തിക്കളിക്കുന്നു. വയനാട്ടിന്റെ ഓമനമക്കളായ കുറിച്യപ്പടയാളികളും നായർ പടയാളികളും പെറ്റ നാടിന്റെ അഭിമാനം കാക്കാൻ പഴശ്ശിയോടൊപ്പം സ്വന്തം ജീവൻ തൃണവൽഗണിച്ച് പോരാടിയിരുന്നു.

വീരപഴശ്ശിയോട് ബന്ധപ്പെട്ട ധാരാളം ക്ഷേത്രങ്ങളും ദേവസ്വം ഭൂമികളും തവിഞ്ഞാൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുണ്ട്. കഴുക്കോട്ടൂർ എന്ന സ്ഥലത്ത് പഴശ്ശിത്തമ്പുരാന്റെ കോട്ടയും ക്ഷേത്രവും നിലനിന്നിരുന്നു. കുറ്റവാളികളെ കഴുവിലേറ്റുന്ന സ്ഥലം എന്നതു കൊണ്ടാണ് ഈ സ്ഥലനാമം ഉണ്ടായതെന്ന് കരുതപ്പെടുന്നു.

പഴശ്ശിത്തമ്പുരാന്റെ കാലഘട്ടത്തിലാണ് നായർ കുടുംബങ്ങൾ വയനാട്ടിലെത്തിയതെന്ന് കരുതപ്പെടുന്നു. ഇതേകാലഘട്ടത്തിൽ തന്നെ മുസ്ലീങ്ങളും വയനാട്ടിലെത്തിയിരുന്നു. വയനാട്ടിൽ മുസ്ലീംമതം എത്തിച്ച ഒരു ഡൽഹിക്കാരൻ പട്ടാണി സിദ്ധനേറതാണ് പേരിയ ചുരത്തിലെ ഖബർ എന്നു വിശ്വസിക്കുന്നു. പിൽക്കാലത്ത് അന്യമതസ്ഥർ ആ ഖബറിടം പുതുക്കിപ്പണിതു.

ബ്രിട്ടീഷ് ആഗമനത്തോടെയാണ് വയനാട്ടിൽ കാപ്പികൃഷി ആരംഭിച്ചത്. പട്ടാളക്കാരുടെ വിശ്രമവേളകൾ ഉപയോഗപ്പെടുത്താനാണ് കാപ്പികൃഷി ആരംഭിച്ചത്. അന്ന് കാപ്പി ഉണക്കിയിരുന്ന കാപ്പിക്കളം എന്ന സ്ഥലം ഇപ്പോഴും ഗതകാലസ്മരണകൾ ഉണർത്തുന്നു. യൂറോപ്യൻ കമ്പനികൾ വയനാട്ടിൽ കാപ്പി, തേയിലത്തോട്ടങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിച്ചത് 18-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ്. തോട്ടങ്ങളിൽ പണിയെടുക്കാൻ ജോലിക്കാരെ ലഭിക്കുന്നതിനായി അന്ന് നിലവിലിരുന്ന അടിമക്കച്ചവടം ബ്രിട്ടീഷുകാർ നിർത്തി. എങ്കിലും ജന്മിമാരിൽ നിന്ന് വിട്ടുപോരാൻ അടിമകളെ

പ്പോലെ പണിയെടുത്തവർ വൈമുഖ്യം കാട്ടിയതിനാൽ മംഗലാപുരത്തു നിന്നും തമിഴ് നാട്ടിൽ നിന്നും ആളുകളെ കൊണ്ടു വന്നു. ഇവരുടെ പിൻതലമുറക്കാർ ഇന്നും തേയിലത്തോട്ടങ്ങളിൽ ജോലി ചെയ്യുന്നു.

അമ്പതുകളോടെ ഇവിടെയെത്തിയ കുടിയേറ്റ കർഷകർ തവിഞ്ഞാലിന്റെ കാർഷിക സാമൂഹിക ഭൂപടത്തിൽ സാരമായ മാറ്റം വരുത്തി. ആദ്യകാല കുടിയേറ്റക്കാർ അനുഭവിച്ച ത്യാഗത്തിന്റെ സദ്ഫലങ്ങൾ നാം ഇന്ന് അനുഭവിക്കുന്നു. ഗതാഗതം വിദ്യാഭ്യാസം എന്നീ മേഖലകളിൽ കുടിയേറ്റക്കാർ തങ്ങളുടെ മുഖമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഫാദർ ബ്രഗാൻസ ഈ മേഖലയിൽ എടുത്തുപറയേണ്ട ഒരു വ്യക്തിത്വമാണ്. ഭൂപരിഷ്കരണ നിയമം കർഷകരെ മണ്ണിന്റെ ഉടമകളാക്കിയിട്ടുണ്ട്.

സ്വാതന്ത്ര്യ സമരചരിത്രത്തിലും നമ്മുടെ പഞ്ചായത്തിന് ഗണ്യമായ സ്ഥാനം ഉണ്ട്. കെ.വി. കേളുനായർ ടി.പി.ജി. നമ്പൂതിരി എം.കെ. രാമൻ നമ്പ്യാർ, ചാത്തുക്കുറുപ്പ് എന്നിവർ ജന്മഭൂമിയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയവരിൽ പ്രമുഖരാണ്. കെ.വി. കേളുനായർക്ക് ഗവൺമെന്റിന്റെ താമ്രപത്രം ലഭിച്ചിട്ടുണ്ട്.

ഇന്ന് തവിഞ്ഞാൽ പഞ്ചായത്തിൽ നിലനിൽക്കുന്നത് മാതൃകാപരമായ ഒരു സമ്മിശ്ര സംസ്കാരമാണ്. മതമൈത്രിയിൽ ഉദാത്തമായ മാതൃക കാണിക്കുന്ന ഈ പഞ്ചായത്തിലെ ജനത കേരളത്തിന് അഭിമാനമാണ്.

എല്ലാ മതവിഭാഗങ്ങളും തങ്ങളുടെ മതപരമായ ചടങ്ങുകളും ഉത്സവങ്ങളും മറ്റുള്ളവരുമായി സഹകരിച്ചുകൊണ്ടാണ് നടത്തുന്നത്.

1937ലാണ് തവിഞ്ഞാൽ പഞ്ചായത്തിൽ ഭരണസമിതി ആദ്യമായി രൂപം കൊണ്ടത്. ആദ്യ പ്രസിഡണ്ട് പി.എ ഗോപാലൻ നമ്പ്യാരായിരുന്നു. തലപ്പുഴ ടൗണിലെ ഒരു വാടകക്കെട്ടിടത്തിലായിരുന്നു പഞ്ചായത്തിന്റെ ആസ്ഥാനം.

വിവിധ തൊഴിലാളി പ്രസ്ഥാനങ്ങൾ ആദ്യകാലം മുതൽ തന്നെ ശക്തി പ്രാപിച്ചിരുന്നു. സി.എച്ച് ഭാസ്കരൻ പി.പി. ആലി എന്നിവർ തൊഴിലാളി പ്രസ്ഥാനങ്ങളുടെ മുന്നണിപ്പോരാളികളായിരുന്നു. എം. മുഹമ്മദ് അഷ്റഫ് ഇ.കെ.കെ. മുഹമ്മദ് എന്നിവരുടെ പേരുകളും വിസ്മരിച്ചുകൂടാത്തതാണ്.

പുത്തൻ കൊളോണിയലിസത്തിന്റെ നഖമുനകൾ നമ്മെ കാർന്നുതിന്നുന്ന നേരമാണിത്. ഇവ പ്രതിരോധിക്കാനുള്ള ശക്തി പുതിയ തലമുറ കൈവരിക്കേണ്ടിയിരിക്കുന്നു. മുകൾത്തട്ടിൽ നിന്ന് താഴേക്ക് എത്തിയിരുന്ന ആ പഴയ വികസനപ്രക്രിയക്ക് മാറ്റം വരുത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. വികേന്ദ്രീകരണത്തിന്റെ പാതയിലാണ് ഇന്ന് നാം. അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാനും അടിസ്ഥാനവർഗത്തിന് ലഭിക്കേണ്ട അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും നാം ഉണർന്നു പ്രവർത്തിച്ചേ മതിയാകൂ. ഒരു സ്വാശ്രയ ഗ്രാമത്തിന്റെ നിർമ്മിതിയിലേക്ക് ചുവടുവെയ്ക്കാൻ ജനകീയാസൂത്രണം സഹായിക്കട്ടെ എന്ന് പ്രത്യാശിക്കാം.

പഠന പദ്ധതം

വിദ്യാലയത്തിന്റെ സ്ഥാനം - പാലക്കാട് ടൗൺ 21 കി.മീ
പഠനമേഖലയുടെ സ്ഥാനം - കടിഞ്ഞൂൽ പ്രദേശം
Scale 1000 Pace = 1 cm



പ്രധാനമായി കാണുന്ന സസ്യങ്ങൾ | ഇടയിടെ കാണുന്നവ | വിരളം | കുന്നിൻ മുകളിൽ | ചരിവിൽ | കുറ്റിച്ചെടികൾ | ഇടയിടെ കാണുന്നവ | കുന്നിൻ മുകളിലെ നിരപ്പ്

ഉയരം കുറഞ്ഞ ചെടികളുടെ കൂട്ടം | ചെടികളുടെ കൂട്ടം | തിരിച്ചിടുള്ള കൂട്ടം | കല്ല് അടരുകളിലെ ചെടികളുടെ കൂട്ടം | ഏറ്റവുമധികം | കൂട്ടം | മണൽ അടരുകളിലെ കൂട്ടം | വെള്ളാരം കല്ലുകളിൽ ചെടികളുടെ കൂട്ടം | വിരളം | ചെടികളുടെ കൂട്ടം | മണലടരുകളിലെ ചെടികളുടെ കൂട്ടം | വെള്ളാരം കല്ലുകളിൽ ചെടികളുടെ കൂട്ടം

ഇടത്തരം ഉയരമുള്ള ചെടികൾ കാണപ്പെടുന്നു | ഉയരം കുറഞ്ഞ ചെടികൾ | സമൃദ്ധം | ഉയരക്കുറവ് | ഇടത്തരം | സമൃദ്ധം | ഇടത്തരം | സമൃദ്ധം | ഇടത്തരം | ഉയരക്കുറവ്

സസ്യങ്ങളുടെ പേരുകൾ | കാവ്, കുന്നുകൾ, തരിശുഭൂമി, കുളക്കരകൾ | കുന്നുകൾ, വാഴ, നെല്ല് | ഒന്നുമില്ല | കാവ്, തരിശുകൾ, കുളക്കരകൾ | കുന്നുകൾ, മലകൾ | തരിശുകൾ, കുന്നുകൾ | തരിശുകൾ, കാവ്, തെങ്ങുകൾ | തെങ്ങുകൾ, തരിശുകൾ, പാടത്തിലെ ചെളിയിൽ, വേലിയേൽക്കൽ | കുളക്കരകൾ, കാവുകൾ, കാവ് | തെങ്ങുകൾ, തരിശുകൾ, കുന്നുകൾ, പുഴയോരം

രോഗങ്ങൾ | തരിശുഭൂമിയിലെ ചെടികൾക്ക് രോഗം | | | കുഴൽ പുഴുവിന്റെ ശല്യം | | | | | കുളക്കരകളിലെ ചെടികൾക്ക് രോഗം വ്യാപകം | |

മണ്ണിന്റെ വിവിധ ഉപയോഗങ്ങൾ | മൺപാത്രനിർമ്മാണം | വയൽനികത്തി കവുങ്ങ് വെക്കുന്നത് | മൺപാത്രനിർമ്മാണം വരൾച്ച | വരൾച്ച | മൺപാത്രനിർമ്മാണം | വയൽ നികത്തി കവുങ്ങ് വെക്കുന്നത് | മൺപാത്രനിർമ്മാണം | വനനശീകരണം | മൺപാത്രനിർമ്മാണം | മൺപാത്രനിർമ്മാണം വരൾച്ച

WF നിവന്നുയർന്ന പ്രദേശം

GIG	ഇടത്തരം കാവ്
CO	കാവ്
PE	കുന്നുകൾ
PA	തരിശ്
RU	വയൽ
CN	തെങ്ങിൻതോട്ടം
ARI	തെങ്ങുകൾ
CAR	വാഴകൾ
COC	തെങ്ങുകൾ
GIR	തെങ്ങുകൾ
BA	പാറ

വിശകലനം : കാടിനോട് ചേർന്ന് കിടക്കുന്നതിനാൽ മണ്ണിന്റെ വ്യത്യാസവും സ്വഭാവവും മാനുഷ ഇടപെടലുകളും കൃഷിരീതികളും വിവിധ തരത്തിലുള്ള ചെടികളുടെ വളർച്ചയെ സ്വാധീനിക്കുന്നു.

ഭൂപ്രകൃതി

കേരളത്തിന്റെ കിഴക്ക് വശത്ത് പ്രകൃതി ഒരുക്കിയ കോട്ട പോലെ കിടക്കുന്ന സഹ്യന്റെ മലനിരകളിൽ കിടക്കുന്ന ഒരു മലമ്പ്രദേശമാണ് തവിഞ്ഞാൽ പഞ്ചായത്ത്. ചെങ്കുത്തായ മലനിരകളും കുന്നിൻപ്രദേശങ്ങളുമാണ് ഇവിടെ ഭൂരിഭാഗവും. ആകെ ഭൂവിസ്തൃതിയുടെ മുപ്പത് ശതമാനത്തോളം മാത്രമാണ് നിരപ്പായ വയൽപ്രദേശം ഉള്ളത്.

ഭൂമിയുടെ സ്വഭാവം സംബന്ധിച്ച പട്ടിക

ഭൂമിയുടെ സ്വഭാവം	വാളാട് വില്ലേജ്	പേരിയ വില്ലേജ്	തവിഞ്ഞാൽ വില്ലേജ്	ആകെ (ഏക്കറിൽ)
ഡ്രൈലാൻറ്	5707.24	6240.89	8063.70	20011.83
വെറ്റ്‌ലാൻറ്	875.82	866.32	3095.03	4837.08
വെസ്റ്റഡ് ഫോറസ്റ്റ്	401.46	4255.56	237.00	7028.02
റിസർവ് ഫോറസ്റ്റ്	—	3248.13	2032.32	5280.45
കൃഷിഭൂമി	3501.47	7107.12	9455	20063.54
കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയാത്തത്	201.46	7503.64	1703.73	9408.88
കൃഷിക്ക് ഉപയുക്തമാക്കാത്തത്	2880.13	---	667	3547.13

ജനപ്രകൃതി

നെൽകൃഷിക്ക് ഉപയുക്തമാക്കിയിരുന്ന വയൽ പ്രദേശങ്ങളോട് ബന്ധപ്പെട്ടാണ് ആദ്യകാലങ്ങളിൽ ജനവാസം ഒതുങ്ങിയിരുന്നത്. കുടിയേറ്റത്തോടെ ഈ അവസ്ഥയ്ക്ക് സാരമായ മാറ്റം വന്നു. ഇന്ന് മിക്ക പ്രദേശങ്ങളും ജനസാന്ദ്രതയുടെ കാര്യത്തിൽ ജില്ലാ ശരാശരിയോട് അടുത്തു നിൽക്കുന്നു.

വാർഡ് നമ്പർ	പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ	ആകെ
(I)	1061	1161	1088	3310
(II)	513	555	1008	2076
(III)	902	605	633	2140
(IV)	973	1009	853	2835
(V)	1023	974	1167	3164
(VI)	894	904	958	2756
(VII)	703	707	891	2301
(VIII)	1038	952	833	2823
(IX)	521	590	722	1833
(X)	823	920	1054	2797
(XI)	976	1036	979	2991
(XII)	946	879	805	2630
(XIII)	486	407	586	1979
ആകെ	10859	10699	11577	33135

1991ൽ ശേഖരിച്ച കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 33135 ആണ്. ഇതിൽ പുരുഷന്മാർ 16649ഉം സ്ത്രീകൾ 16486ഉം ആണ്.

ഇതിൽമിക്കവരും കാർഷികവൃത്തിയെ ആശ്രയിക്കുന്നവരാണ്. തോട്ടം തൊഴിൽ മേഖലയിൽ 1560 ആളുകൾ ജോലി ചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യാവളർച്ച സംസ്ഥാനത്തിലെ പൊതു വളർച്ചാ നിരക്കിൽ നിന്നും താരതമ്യേന വ്യത്യസ്തമല്ല.

ജലപ്രകൃതി

പഞ്ചായത്ത് പ്രദേശത്തെ ശരാശരി വർഷപാതം 380 സെമി ആണ്. ജലസമ്പത്തിനാൽ നമ്മുടെ പഞ്ചായത്ത് ഏറെക്കുറേ സമ്പന്നമാണ്. 26 തോടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അറുപതിലേറെ കുളങ്ങൾ പഞ്ചായത്തിലുണ്ട്. എങ്കിലും കുന്നിൻപ്രദേശങ്ങളുടെ മുകൾഭാഗങ്ങളിൽ ജലം ഒരു വലിയ പ്രശ്നമാണ്. ഭൂഗർഭജലലഭ്യതയെക്കുറിച്ച് വലിയ പഠനങ്ങളൊന്നും ഇതുവരെ നടന്നിട്ടില്ല.

ജൈവസമ്പത്ത്

പഞ്ചായത്തിലെ ജൈവസമ്പത്തിനെ കുറിച്ച് സമഗ്രമായ പഠനങ്ങളൊന്നും ഇതുവരെ നടത്തിയിട്ടില്ല. എങ്കിലും ഔഷധസസ്യങ്ങളുടെ സാന്നിദ്ധ്യം ആണ് ഏറ്റവും പ്രധാനമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഏകദേശം ഇരുന്നൂറ് ഔഷധസസ്യങ്ങൾ നമ്മുടെ കാടുകളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഔഷധ സസ്യങ്ങളുടെ ഉപയോഗത്തിലൂടെ ഒരു വംശീയ വൈദ്യപഠന കേന്ദ്രത്തിന്റെ പ്രവർത്തനം നടത്താൻ സാധിക്കുന്നു എന്നത് തന്നെ നമ്മുടെ ജൈവ സമ്പത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്നു. മുൻപ് കാലങ്ങളിൽ നടന്നിരുന്ന വ്യാപകമായ നായാട്ടിന്റെ ഫലമായി നമ്മുടെകാടുകളിൽ കണ്ടിരുന്ന കാട്ടുമുയൽ, മുള്ളൻ പന്നി എന്നിവ ഏകദേശം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മുൻപ് പഞ്ചായത്തിന്റെ ചില പ്രദേങ്ങളിൽ പുലി, നരി എന്നിവ പ്രത്യക്ഷമാവുമായിരുന്നു.

കൃഷി, ജലസേചനം

ഇന്ത്യയുടെ നട്ടെല്ല് ഗ്രാമങ്ങളാണ്. ഈ ഗ്രാമങ്ങളിലെ അദ്ധ്വാനിക്കുന്ന കൃഷിക്കാരാണ് ഇന്ത്യയെ താങ്ങി നിർത്തുന്നത്. അതുകൊണ്ട് തന്നെ തികച്ചും കൃഷിക്കാർ മാത്രം അധിവസിക്കുന്ന തവിഞ്ഞാൽ പഞ്ചായത്തിലെ കാർഷിക രംഗത്തെക്കുറിച്ച് അവലോകനം നടത്തുമ്പോൾ ഈ ഇന്ത്യൻ പരിസ്ഥിതിയെക്കുറിച്ച് കൂടി സൂരിക്കേണ്ടതാണ്. കൃഷി രക്തത്തിൽ അലിഞ്ഞുചേർന്ന ഈ ഒരു വിഭാഗത്തിന് പ്രകൃതി കനിഞ്ഞു നൽകുന്ന വിഭവങ്ങൾ മാത്രമാണ് മനസ്സും കീശയും നിറയ്ക്കാൻ സഹായിക്കുന്നത്. പക്ഷേ, ചതിക്കുന്ന പ്രകൃതിയെക്കുറിച്ചാണ് മിക്ക കർഷകർക്കും പറയാനുള്ളത്.

വയൽനാടാണ് വയനാടായി മാറിയതെന്നാണ് പഴമക്കാർ പറയുന്നത്. അതുകൊണ്ടു തന്നെ കാർഷികമേഖലയോട് വയനാട്ടുകാർക്കും പ്രത്യേകിച്ച് തവിഞ്ഞാൽകാർക്കും ഒരു പ്രത്യേകത പ്രതിപത്തി തന്നെയുണ്ട് എന്ന് പറയാം. പരാജയങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കൃഷിരീതിയും വിളകളും മാറിമാറി പരീക്ഷിക്കുന്ന സാധാരണ വയനാടൻ കർഷകനെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. തങ്ങളുടെ മണ്ണിന് ഏറ്റവും യോജിച്ച കൃഷി നമ്മുടെ കർഷകർ ഇനിയും കണ്ടെത്തിയോ എന്നും സംശയമാണ്.

ഭൂവിസ്തൃതിയുടെ എഴുപത് ശതമാനത്തോളം കുന്നുകളായതിനാൽ കേരളത്തിലെ മറ്റു പ്രദേശങ്ങളെപ്പോലെ നെൽകൃഷിക്ക് ഇവിടെ നന്നായി വേരുപിടിക്കാൻ കഴിഞ്ഞിരുന്നില്ല. അൻപതുകളിൽ കുടിയേറ്റ കർഷകർ എത്തിച്ചേരുന്നതുവരെ മുപ്പത് ശതമാനത്തോളം വരുന്ന വയൽ പ്രദേശങ്ങൾ മാത്രമാണ് കൃഷിക്ക് ഉപയുക്തമാക്കിയിരുന്നത്. സ്വന്തം വീടിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ നാമമാത്രമായി കാപ്പി, കുരുമുളക് തുടങ്ങിയ വിളകളും ഇല്ലാതിരുന്നില്ല. അക്കാലത്ത് വൻകിട തോട്ടമുടമകളുടെ കാപ്പി, തേയില, ഏലം തുടങ്ങിയവയുടെ തോട്ടങ്ങളും ആരംഭിച്ചിരുന്നുവെന്നത് മറന്നുകൂടാ.

സമുദ്രനിരപ്പിൽ നിന്നും ശരാശരി രണ്ടായിരം കിലോമീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന വയനാടൻ മലമ്പ്രദേശമാണ് തവിഞ്ഞാൽ. കുന്നു

ഭൂമി സംബന്ധിച്ച വിവരങ്ങൾ - പട്ടിക (1)

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ				
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ
തവിഞ്ഞാൽ	7582.2	955.14	113.27	—	8650.61
വാളാട്	5579.37	953.43	139.46	—	6672.26
പേരിയ	10896.45	866.23	220.77	—	11983.45
ആകെ	24058.02	2774.8	473.5	—	27306.32

ഏകദേശം നാനൂറ്റി എഴുപത് ഏക്കർ ഭൂമി പുറമ്പോക്ക് ആയി കിടക്കുന്നു എന്നതാണ് പട്ടികയിൽ നിന്ന് കണ്ടെത്തുന്നത്.

കളും വയലുകളും കൂടി ഏകദേശം 142.30 ചതുര ശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ കൃഷിഭൂമി ഏകദേശം 2784 ഏക്കർ വരും. ജനങ്ങളിൽ ഏറിയ ഭാഗവും നാമമാത്ര കർഷകരാണ്.

അമ്പതുകളിലെ കുടിയേറ്റത്തോടെയാണ് കാർഷികമേഖലയിൽ സമൂലമായ മാറ്റം സംഭവിക്കുന്നത്. പുതിയ കൃഷികളും കൃഷിരീതികളും തവിഞ്ഞാലിലേക്ക് കൊണ്ടുവന്നത് കുടിയേറ്റക്കാരായിരുന്നു. പരമ്പരാഗതമായ നെൽകൃഷിക്കു പുറമേ കുടിയേറ്റക്കാർ ആദ്യമായി കൈവെച്ച മേഖല മരച്ചീനികൃഷിയും പുൽത്തൈല കൃഷിയുമായിരുന്നു. കുന്നിൻ പ്രദേശങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിന്റെ ഭാഗമായി കുടിയേറ്റക്കാർ ആരംഭിച്ച ഈ കൃഷിക്ക് കർഷകർ ഇന്ന് മുന്തിയ പരിഗണന നൽകുന്നില്ല.

വയനാട്ടിലെ ഏറ്റവും പ്രധാന കൃഷിയായ കാപ്പി തന്നെയാണ് തവിഞ്ഞാലിലെയും പ്രധാന കൃഷി. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയാണ് വയനാട്ടിൽ കാപ്പികൃഷി ആരംഭിച്ചത്. ചുരുങ്ങിയ തോതിൽ കൃഷി ചെയ്തിരുന്ന കാപ്പി വ്യാപകമായത് അമ്പതുകളിലാണ്. റോബസ്റ്റ, അറബിക്ക എന്നീ ഇനങ്ങളാണ് സാധാരണമായി കൃഷി ചെയ്യുന്നത്. നാണ്യവിളയായ കാപ്പിയുടെ വാണിജ്യ സാദ്ധ്യതകൾ പ്രതീക്ഷിച്ച് കാപ്പികൃഷിയിലേക്കിറങ്ങിയ കർഷകർ കാപ്പിയുടെ തുച്ഛമായ വില കണ്ട് ഈ കൃഷിയിൽ നിന്നും പിൻമാറുകയാണുണ്ടായത്. സമീപകാലത്ത് കാപ്പിയുടെ വില കുതിച്ചുയർന്നതോടെ ഈ രംഗത്ത് കർഷകർ വീണ്ടും എത്തിത്തുടങ്ങിയിട്ടുണ്ട്.

കുരുമുളക് കൃഷി തവിഞ്ഞാലിൽ വ്യാപകമായുണ്ടായിരുന്നു. എന്നാൽ ദ്രുതവാട്ട രോഗത്തോടെ പഞ്ചായത്തിലെ മിക്ക തോട്ടങ്ങളും നാശത്തിന്റെ വക്കിലാണ്.

വൻകിട കൃഷിക്കാർക്ക് മാത്രം പ്രവേശിക്കാവുന്ന മേഖലയായിരുന്ന തേയിലകൃഷി ഇന്ന് ചെറുകിട നാമമാത്ര കർഷകർക്കും പ്രാപ്യമായിട്ടുണ്ട്. പക്ഷേ, ഇതിന് ഒരു നൂറ്റാണ്ടിലേറെ കാത്തിരിക്കേണ്ടിവന്നു എന്നു മാത്രം. സാധാരണക്കാർക്ക് തേയില സംസ്കരണഫാക്ടറികൾ സ്ഥാപിക്കാനുള്ള പ്രയാസവും ഇല വിറ്റഴിക്കാൻ വിപണി ഇല്ലാത്തതുമായിരുന്നു ഈ കാലവിളംബത്തിന് കാരണം. ഇന്ന് ധാരാളം ഫാക്ടറികൾ സ്ഥാപിക്കപ്പെട്ടതും ചെറുകിട കർഷകരുടെ കൊളുന്തുകൾ വാങ്ങാൻ വൻകിടക്കാർ തയ്യാറായതും ഈ കൃഷി വ്യാപകമാക്കാൻ സഹായിച്ചു. തവിഞ്ഞാൽ ഉൾപ്പെടുന്ന മാനന്തവാടി താലൂക്കാണ് തേയില കൃഷിക്ക് ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്.

റബ്ബർകൃഷി തവിഞ്ഞാൽ പഞ്ചായത്തിൽ വളരെ മുമ്പേ തന്നെ ആരംഭിച്ചെങ്കിലും അനുകൂലമല്ലാത്ത കാലാവസ്ഥ ഈ കൃഷിയിൽ നിന്ന് കർഷകരെ വിമുഖരാക്കുന്നു.

ലോകത്ത് തന്നെ ഏറ്റവും ഗുണമേന്മയുള്ള ഏലം കൃഷി ചെയ്യുന്നത് തവിഞ്ഞാൽ പഞ്ചായത്തിൽ ഉൾപ്പെടുന്ന പേരിയ എസ്റ്റേറ്റിലായിരുന്നു. ഇന്നും മോശമല്ലാത്ത രീതിയിൽ ഏലം കൃഷി പഞ്ചായത്തിൽ നടന്നു വരുന്നു.

നെല്ലിന്റെ ഉല്പാദനച്ചെലവിലുണ്ടായ ഭീമമായ വർദ്ധനവും മറ്റ് നാണ്യവിളകളെ അപേക്ഷിച്ച് അനാദായകരമായതും ആയ അവസ്ഥ ഇഞ്ചിക്കും ഏത്തവാഴക്കും കമുകിനും വേണ്ടി നെൽപ്പാടങ്ങൾ വഴി മാറിക്കൊടുത്തു. നെൽപ്പാടങ്ങൾ നികത്തുന്നത് പോലും ഇന്ന് ഒരു സാധാരണ കാഴ്ചയായിരിക്കുന്നു. ഇന്ന് വയനാടൻ കർഷകന്റെ നട്ടെല്ലായി നിൽക്കുന്നത് ഈ മൂന്ന് കൃഷികളാണ്. തികച്ചും ഹ്രസ്വകാല വിളയായതിനാൽ കർഷകന് ഏറെ ആകർഷകമായിരുന്നു. ഈ മൂന്ന് കൃഷികളും. നെൽകൃഷി ചെയ്തിരുന്ന വയലുകൾ ഇഞ്ചിക്ക് വഴിമാറിക്കൊടുത്തത് കാർഷികരംഗത്തും സാമൂഹികരംഗത്തും ഗുണപരമല്ലാത്ത മാറ്റങ്ങൾ ഉണ്ടാക്കിയെന്നത് വിസ്മരിച്ചുകൂടാ. മുമ്പ് അരിക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കാതിരുന്നവരായിരുന്നു പഞ്ചായത്തിലെ ഭൂരിഭാഗം പേരും. ഇന്ന് സ്ഥിതി ആകെ മാറിയിരിക്കുന്നു. സംസ്ഥാനമൊട്ടാകെ കാണുന്ന ഉപഭോഗ സംസ്കാരം നമ്മുടെ പഞ്ചായത്തിലും നിഴലിച്ചു തുടങ്ങിയിരിക്കുന്നു.

മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്നവരാണ് നമ്മുടെ പഞ്ചായത്തിലെ കൃഷിക്കാരിൽ ഭൂരിഭാഗം പേരും. കാപ്പികൃഷിയിൽ മഴക്ക് വളരെയധികം പ്രാധാന്യമുണ്ട്. നല്ല മഴയോ നനയോ കിട്ടിയാൽ മാത്രമേ കാപ്പി പൂക്കൂ. മൊട്ടുകൾ വിരിഞ്ഞാലും കായ് പിടിക്കണമെങ്കിൽ വീണ്ടും മഴ ലഭിക്കണം. വളരെ ചെലവേറിയ സ്പ്രിംഗ്ളർ സമ്പ്രദായം സ്വീകരിക്കാൻ കഴിവുള്ള കർഷകർ പഞ്ചായത്തിൽ ആരുമില്ലെന്ന് തന്നെ പറയാം. കുരുമുളകിന്റെ പരാഗണത്തിനും മഴ അത്യാവശ്യമാണ്. കുരുമുളകിന്റെ ദ്രുതവാട്ടരോഗം

പഞ്ചായത്തിൽ വലിയ ഭീഷണിയാണ്. ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ മുഴുവൻ കുരുമുളകു തോട്ടങ്ങളും നശിക്കാനാണിട.

തെങ്ങ്, നെല്ല്, ഇഞ്ചി എന്നീ കൃഷികളിൽ മികച്ച ഉല്പാദനക്ഷമത കൈവരിക്കാൻ നമ്മുടെ കർഷകർക്ക് സാധിക്കുന്നില്ല. തികച്ചും മഴയെ മാത്രം ആശ്രയിക്കുന്നതുകൊണ്ടും നൂതനമായ കൃഷി സമ്പ്രദായങ്ങൾ സ്വീകരിക്കാത്തതും വളം കീടനാശിനി എന്നിവ കൃത്യസമയത്ത് ലഭ്യമല്ലാത്തതും മണ്ണുപരിശോധനയുടെ അഭാവവുമാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിക്കുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

നെൽകൃഷിയിൽ ഒന്നാം വിളയും രണ്ടാം വിളയും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഇതിന് കാരണമെന്ന് പറയാം. വയനാടിന്റെ കുത്തകയായിരുന്ന ഗന്ധകശാല നെല്ല് ഇന്ന് അന്യം നിന്നുവരികയാണ്.

വളം, കീടനാശിനി എന്നിവയുടെ

ഭൂവിനിയോഗം പട്ടിക (2)

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	മൊത്തം ഉല്പാദനം (മെട്രിക് ടണ്ണിൽ)	ഉല്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	1174	3522 MTs	3000 KG/Htr
നെല്ല് (രണ്ടാം വിള)	600	1980 MTs	3300 KG/Htr
പയർ	25	1000 MTs	200 KG/Htr
എള്ള്	5	—	200 KG/Htr
പച്ചക്കറികൾ	20	—	200 KG/Htr
തെങ്ങ്	275	1925000 MTs	7000 KG/Htr
വാഴ	400	10000 MTs	25 KG/Htr
മരച്ചീനി	50	1000 MTs	20 KG/Htr
കുരുമുളക്	1650	6600 KG	400 KG/Htr
കശുമാവ്	360	86400 KG	240 KG/Htr
റബ്ബർ	240	67200 KG	280 KG/Htr
കവുങ്ങ്	450	7450000 MTs	21000 KG/Htr
തേയില	850	2550000 KG	3000 KG/Htr
കാപ്പി	2000	800000 KG	400 KG/Htr
ഏലം	258	9675 KG	37.5 KG/Htr

ഉപയോഗം

സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും ആയി പഞ്ചായത്തിൽ വളം കീടനാശിനി എന്നി വ വിതരണം ചെയ്യുന്നതിനായി ഏഴ് സ്ഥാപന ങ്ങൾ ഉണ്ട്.

കൃഷിക്ക് ഉപയോഗിക്കുന്നത് തൊണ്ണൂറ്

പട്ടിക (3)

ക്രമ നമ്പർ	1993-94				1994-95			1995-96		
	സ്ഥാപനത്തിന്റെ പേര്	രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി.ഗ്രാം	കീടനാശിനി	
			ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
	സഹകരണം	48.75MT	---	---	58.446	---		--- 64.29		--- ---
	സ്വകാര്യ 6 സ്ഥാപനങ്ങൾ	75 MT	350	100 MT	82.5MT	410 Ltr	125 MT	105 MT	5.04Ltr	133MT

ശതമാനവും രാസവളങ്ങളാണ്. ഇത് ശാസ്ത്രീയമാ യ രീതിയിലല്ല ഉപയോഗിക്കുന്നത്. മണ്ണ് പരിശോ ധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം കൊണ്ടേ രാസവളങ്ങളുടെ അനാവശ്യ ഉപയോ ഗം കുറക്കാനാവൂ. ജൈവവളങ്ങളുടെ ഉപ്യോഗം വളരെ വിരളമാണ്.

വാഴകൃഷിക്കുള്ള കീടനാശിനികളുടെ ഉപയോഗം ഭീകരമായ രീതിയിൽ വർദ്ധിച്ചിരി ക്കുന്നു. പല പരിസ്ഥിതി പ്രശ്നങ്ങൾക്കും ഈ കീടനാശിനി പ്രയോഗം ഇടയാക്കുന്നു. ജൈവകീ ടനാശിനികളെപ്പറ്റി അറിവുള്ളവർ വിരളമാണ്.

നൂറ്റി എൺപത്തിയെട്ട് ഇലക്ട്രിക്ക്

കാർഷികോപകരണങ്ങൾ പട്ടിക (3)

	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മെതി യന്ത്രം	തെങ്ങു കയറ്റ യന്ത്രം	ഷോർട്ടബിൾ പമ്പ്സെറ്റ്
	ട്രാക്ടർ	ടില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക് സ്പ്രെയർ	മറ്റുള്ളവ			
1	2	3	4	5	6	7	8	9	10
94-95		4		684	104				
95-96		6		264	104			6	

പമ്പു സെറ്റും നൂറ് ഡീസൽ പമ്പുസെറ്റും പതി നാല് മണ്ണെണ്ണ പമ്പുസെറ്റും ഇതിനു പുറമേ ഉണ്ട്. മിക്ക ഉപകരണങ്ങളും സബ്സിഡി നിര ക്കിലാണ് കർഷകന് നൽകുന്നത്. ഇതോടെ നാടൻ കൃഷിയുപകരണങ്ങൾ നാമാവശേഷമാവു ന്നുണ്ട്.

പാടശേഖര സമിതികൾ

കാർഷികരംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും നവീന കാർഷികോപകരണങ്ങൾ ഉപയോഗിക്കാനുള്ള സൗകര്യാർത്ഥവും ഇരുപത് പാടശേഖരസമിതികളും പന്ത്രണ്ട് കുരുമുളക് സംരക്ഷണസമിതികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

കാർഷികവായ്പ

ഒരു സഹകരണ ബാങ്കുൾപ്പെടെ ആറ് ബാങ്കുകളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. കാർഷിക വായ്പകൾ ഉദാരമായി അനുവദിക്കുന്നുണ്ടെങ്കിലും മിക്ക വായ്പകളും കാർഷിക ആവശ്യത്തിനു മാത്രം ഉപയോഗിക്കുന്നില്ല എന്നു പറയപ്പെടുന്നു. പഞ്ചായത്തിൽ ആകെ കാർഷികാവശ്യങ്ങൾക്ക് നല്കിയ വായ്പ തുക 45,20,000 രൂപയാണ്. ജലസേചനത്തിനു വേണ്ടി ഇതിനു പുറമേ 8,40,000 രൂപ കൂടി വായ്പ നൽകിയിട്ടുണ്ട്.

ദുരിതാശ്വാസ വിതരണം

മിക്കവാറും വർഷങ്ങളിൽ പ്രകൃതിക്ഷോഭം മൂലം വൻനഷ്ടങ്ങൾ കർഷകർക്ക് സംഭവിക്കാറുണ്ട്. നാമമാത്രമായ തുക നഷ്ടപരിഹാരമായി ലഭിക്കാറുണ്ട്. വിള ഇൻഷുറൻസ് പദ്ധതികളുടെ നിബന്ധനകളിൽ ചിലത് അപ്രായോഗികമായത് കൊണ്ട് മിക്ക കൃഷിക്കാർക്കും ഇൻഷൂറൻസ് പദ്ധതികളിൽ ചേരാൻ സാധിക്കുന്നില്ല.

1994-95ൽ കൊടുങ്കാറ്റിന്റെ ഫലമായി 2.52 ഹെക്ടറിലെ കൃഷി നശിച്ചു. നൂറ്റിമുപ്പത്തെട്ടു പേർക്കായി മുപ്പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി മുപ്പത്തിരണ്ട് രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു. 1995-96ൽ 6.4 ഹെക്ടറിലെ കൃഷി നശിച്ചതിന്റെ ഫലമായി 107 പേർക്ക് 400727 രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.

നടീൽ വസ്തുക്കളുടെ വിതരണം-പട്ടിക (5)

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	3920	2220	2220
കുരുമുളക്	13000	——	48000
കവുങ്ങ്	3000	80 (മംഗള)	1240
ഫലവൃക്ഷങ്ങൾ	386	164	106
പയർ		272	224
നെൽവിത്ത്		50 KG	60 KG
പച്ചക്കറി		759 Packet	
കിഴങ്ങ്വർഗവിള		100 Kit	10 Kit
ജാതി	29		

നടീൽ വസ്തുക്കളുടെ വിതരണം

പഞ്ചായത്തിലെ കൃഷിഭവൻ മുഖേന കാലാകാലമായി നടീൽ വസ്തുക്കൾ വിതരണം നടക്കാറുണ്ട്.

നിലവിൽ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ പോലും നഴ്സറികൾ പ്രവർത്തിക്കാത്തത് കർഷകർക്ക് തൈകൾ ലഭിക്കാൻ കാലതാമസത്തിന് ഇടയാക്കുന്നു. കൃഷിഭവൻ ഈ കാര്യത്തിൽ കുറേകൂടി ശ്രദ്ധിക്കേണ്ടതാണ് എന്നാണ് കർഷകർ അഭിപ്രായപ്പെടുന്നത്.

തവിഞ്ഞാൽ പഞ്ചായത്തിൽ ഉൾപ്പെടുന്ന സംരക്ഷിതവനത്തിൽ 4676 ഈട്ടിയും 8 ആഞ്ഞിലിയും 20 വേങ്ങയും ഒരു പ്ലാവുമാണുള്ളത്. വന സംരക്ഷണത്തിന് അത്രയേറെ പ്രാധാന്യമുള്ള ഇക്കാലത്ത് നിലവിലുള്ള വനങ്ങളിൽ

സത്വര ശ്രദ്ധ പതിയേണ്ടതാണ്.

ജലസേചനം

പഞ്ചായത്തിൽ സമീപകാലം വരെ ജല സേചനത്തിന് പ്രാധാന്യം നൽകിയിരുന്നില്ല. പ്ര കൃതി കനിഞ്ഞുനൽകിയ ഇരുപത്തിഅഞ്ച് തോടുക ളാണ് നാമമാത്രമായതെങ്കിലും ജലസേചനത്തിന് ഉപയോഗിച്ചിരുന്നത്. പണി പൂർത്തിയായതോ നട ന്നുകൊണ്ടിരിക്കുന്നതോ ആയ ഇരുപതിലേറെ ചെറുകിട ജലസേചന പദ്ധതികളുണ്ടെങ്കിലും ഇവയിൽ മിക്കതും ഉപയോഗ ക്ഷമമല്ല. അനുഗ്രഹീതമായ ജലസമ്പത്തുള്ള നമ്മുടെ പഞ്ചായത്ത് ഇത് കാര്യ ക്ഷമമായും ആസൂത്രിതമായും ഉപയോഗിച്ചാൽ കർഷകന് ഏറെഗുണകരമായിരിക്കും.

പ്രശ്നങ്ങൾ

1. ചെങ്കുത്തായ മലകളിൽ കാര്യക്ഷമമായി കൃ ഷി ചെയ്യാൻ സാധിക്കുന്നില്ല.
2. നെൽകൃഷി താരതമ്യേന നഷ്ടമാണ്.
3. തെങ്ങ്, കവുങ്ങ് എന്നിവയെ രോഗങ്ങളിൽ നിന്ന് രക്ഷിക്കാനാവുന്നില്ല.
4. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമല്ല.
5. കർഷകത്തൊഴിലാളികളെ യഥാസമയം ലഭിക്കുന്നില്ല.
6. വളപ്രയോഗം, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല.
7. ജൈവവളത്തിന്റെ ഉപയോഗം പരിമിതം.
8. അഭ്യസ്തവിദ്യരിൽ കൃഷിയോട് ആഭിമുഖ്യം കുറവ്.
9. മണ്ണൊലിപ്പ് തടയാനാവുന്നില്ല.
10. ആധുനിക കൃഷി ഉപകരണങ്ങളുടെ അഭാവം
11. കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കേണ്ടതാണ്.
12. ചെറുകിട തേയില കർഷകർക്ക് യഥാസമയത്തുള്ള സഹായങ്ങൾ ലഭിക്കു ന്നില്ല.
13. കാർഷികോല്പന്നങ്ങളുടെ വിപണന സാദ്ധ്യതകൾ പരിമിതം.
14. തരിശു നിലങ്ങളുടെ കാര്യക്ഷമമായ ഉപയോഗക്കുറവ്.
15. ഉയർന്ന സ്ഥലങ്ങളിൽ ജലസേചനം നടക്കു ന്നില്ല.
16. പുഴയിൽ നിന്നുള്ള അമിതമായ മണൽ വാരൽ.

നിർദ്ദേശങ്ങൾ

1. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യേണ്ട താണ്.
2. വിവിധ പ്രദേശങ്ങളിൽ മണ്ണുപരിശോധന നടത്തി അത്യാവശ്യമായ വളപ്രയോഗം നിർദ്ദേശിക്കുക.
3. ജൈവവളങ്ങൾ ലഭ്യമാക്കുകയും അതി ന്റെ മേന്മയെപ്പറ്റി ബോധവൽക്കരണം നടത്തുകയും ചെയ്യുക.
4. വിള ഇൻഷ്വറൻസ് പദ്ധതിയുടെ സങ്കീർ ണ്ണത ഇല്ലാതാക്കുക.
5. കർഷകന് ന്യായവില ലഭിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുക.
6. പഞ്ചായത്തിലെ പ്രദേശങ്ങളെ വാട്ടർഷെഡ് മാനേജ്മെൻറ് പ്രോഗ്രാമിൽ ഉൾപ്പെടുത്തുക
7. ഔഷധ സസ്യസംരക്ഷണത്തോട്ടം സ്ഥാപി ക്കുക.
8. സ്കൂളുകളിൽ പച്ചക്കറികൃഷി പ്രോത്സാഹി പ്പിക്കുക.
9. എല്ലാ വാർഡുകളിലും ആവശ്യമായ സ്ഥല ങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക.
10. നിലവിലുള്ള ചെക്ക് ഡാമുകളുടെ പ്രവർ ത്തനം കാര്യക്ഷമമാക്കുക.
11. ഒരു കൃഷിയിടത്തിൽ ഒരു കമ്പോസ്റ്റ് കുഴി എന്ന പദ്ധതി തയ്യാറാക്കി നടപ്പാക്കുക.
12. വട്ടോളി, കുനീമ്മൽ, കോളിച്ചാൽ, പു ത്തൂർ, പേരിയ 36 പേരിയ 36 വയൽ, കുളത്താട, ചാത്തൻകീഴ്, കണ്ണോത്ത്മല, വാളാട്, പള്ളിയറ, തിണ്ടുമ്മൽ, അയിനിക്ക ൽ, വില്ലൻപാറ, പുഞ്ചക്കടവ്, വാളാട് പുഴ, കുറ്റിവയൽ, കിരാലോട്, പാറത്തോട്ടം, ചോ യിമൂല, നെടുമ്പാല, കോളിമന്ദം എന്നി വിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സ്ഥാപിക്കുക.
13. കാട്ടാന ശല്യം ഒഴിവാക്കാൻ ചന്ദനത്തോട്-പേരിയ-ഇരുമനത്തൂർ എന്നീ വനാതിർത്തി കളിലൂടെ ഷോക്ക് ഫെൻസിംഗ്, ട്രഞ്ച് എന്നിവ നിർമ്മിക്കുക.
14. പാടശേഖരസമിതികളിൽക്കൂടി കൃഷി യന്ത്രവൽക്കരിച്ച് ഉല്പാദനക്ഷമത കൈവ രിക്കുക.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

വികസനത്തിന്റെ ആദ്യഘട്ടങ്ങളിൽ റോഡുകളാണ് വികസനത്തിന്റെ തോത് നിർണ്ണയിക്കുന്നത്. എത്രയും കൂടുതൽ റോഡുകളുണ്ടോ അത്രയും വികസനമായി എന്ന പഴയ കാഴ്ചപ്പാടിന് മാറ്റം വന്നിട്ടുണ്ടെങ്കിലും റോഡിന്റെ പ്രാധാന്യത്തിന് ഇന്നും കുറവ് സംഭവിച്ചിട്ടില്ല. ജനകീയ ശേഷി ഏറ്റവും കൂടുതൽ സമാഹരിക്കാവുന്ന ഒരു മേഖല കൂടിയാണ് ഇത്. മാനവ വിഭവശേഷി കൂടുതൽ കൂടുതൽ ഉപയോഗിക്കാൻ ലക്ഷ്യമിടുന്ന ജനകീയാസൂത്രണ പദ്ധതിയിൽ ഈ മേഖല ഏറെ ശ്രദ്ധയാകർഷിക്കുന്നു.

പഞ്ചായത്തിലൂടെ കടന്നു പോകുന്ന തലശ്ശേരി-മാനന്തവാടി സ്റ്റേറ്റ് ഹൈവേ ആണ് പഞ്ചായത്തിലെ ആദ്യത്തെ റോഡ്. ബ്രിട്ടീഷുകാരുടെ കാലത്തു തന്നെ നിർമ്മിക്കപ്പെട്ട ഈ റോഡ് പഞ്ചായത്തിലെ ആളുകൾക്ക് പുറംലോകവുമായി ബന്ധപ്പെടാൻ സഹായകമാവുന്നു. കുടിയേറ്റത്തോടെയാണ് തവിഞ്ഞാൽ പഞ്ചായത്തിലെ റോഡുകളുടെ കുറവിനെക്കുറിച്ച് നാട്ടുകാർക്ക് ബോദ്ധ്യമായത് എന്നു പറയാം.

പഞ്ചായത്തിൽ എന്നല്ല ജില്ലയിൽ തന്നെ റെയിൽവേ ഇല്ലാത്തതിനാൽ ഈ സൗകര്യത്തിനായി തൊണ്ണൂറ് കിലോമീറ്ററിലേറെ സഞ്ചരിക്കേണ്ടി വരുന്നു. വൈത്തിരി നഞ്ചൻകോട് റെയിൽവേ ലൈൻ വന്നിരുന്നുവെങ്കിൽ അതിന്റെ ഗുണം പഞ്ചായത്തിനും ലഭിക്കുമായിരുന്നു.

പഞ്ചായത്തിലുള്ള റോഡുകളുടെ ആകെ നീളം 292.35 കി.മീ ആണ്. ഇതിൽ ടാർ ചെയ്ത റോഡിന്റെ നീളം വെറും 69.55 കി.മീ മാത്രമാണ് മെറ്റൽ ചെയ്ത റോഡിന്റെ നീളം 8.5 കി.മീ ആണ്. ബാക്കി റോഡുകൾ മുഴുവൻ ഇനിയും വികസനം എത്തിനോക്കാത്ത റോഡുകൾ ആണ് എന്നുള്ളതാണ് വസ്തുത.

വാഹനഗതാതത്തിന് യോഗ്യമായ റോഡ് പരിമിതമാണെന്നിരിക്കെയും വാഹനങ്ങൾക്ക് പഞ്ചായത്തിൽ യാതൊരു കുറവുമില്ല. ഏകദേശം 158 ജീപ്പുകൾ പഞ്ചായത്തിൽ സർവ്വീസ് നടത്തുന്നു. കെ.എസ്.ആർ.ടി.സിയുടെ മാനന്തവാടി ഡിപ്പോയിൽ നിന്നും പഞ്ചായത്തിലെ വാളാട് പ്രദേശത്തേക്ക് 3 ബസ്സും കണ്ണോത്ത് മല, വരയാൽ പെരിയ, കൊളക്കാട് എന്നിവിടങ്ങളിലേക്ക് ഓരോ ബസ്സും സർവ്വീസ് നടത്തുന്നു. പ്രൈവറ്റ് ബസുകൾ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് പോകുന്നത് വിരളമാണ്. പേരിയ വഴി ആലാർ ഭാഗത്തേക്ക് ആണ് രണ്ടു പ്രൈവറ്റ് ബസുകൾ സർവ്വീസ് നടത്തുന്നത്.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ടാർ റോഡുകളുടെ പട്ടിക കൊടുത്തിരിക്കുന്നു.

ടാർ റോഡുകൾ രണ്ട് വാർഡുകളൊഴിച്ച് മറ്റുള്ളവയിലൂടെ കടന്നുപോകുന്നുണ്ടെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റ കുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. ഓടകൾ ഇല്ലാത്തതുമൂലം മഴക്കാലത്ത് റോഡിലൂടെ വെള്ളം കുത്തിയൊലിച്ച് റോഡുകൾ തകരുന്നു.

പട്ടിക. ടാർ റോഡുകൾ

റോഡ്	ഉടമസ്ഥത	ദൂരം കി. മീ.	വീതി മീ.	ബസ് മറ്റു യാത്രാ സൗകര്യം
ബാവലി – തലശ്ശേരി	PWD	24 കി.മീ.	8 മീ.	ഭാഗികം
തവിഞ്ഞാൽ – വാളാട്	PWD	8 കി.മീ.	8 മീ.	ഭാഗികം
തലപ്പുഴ – പുതിയടം	പഞ്ചായത്ത്	3 കി.മീ.	8 മീ.	ഭാഗികം
കണ്ണോത്ത്മല – വരയാൽ	പഞ്ചായത്ത്	5.8 കി.മീ.	8 മീ.	ഭാഗികം
വിമല നഗർ – ഉദയഗിരി	പഞ്ചായത്ത്	8 കി.മീ.	8 മീ.	ഭാഗികം
പോരൂർ – കൊളത്താട	പഞ്ചായത്ത്	2 കി.മീ.	8 മീ.	ഭാഗികം
യവനാർകുളം – കാട്ടിമൂല	പഞ്ചായത്ത്	2 കി.മീ.	8 മീ.	ഭാഗികം
പേരിയ – ആലാർ – ഇരുമനത്തൂർ	പഞ്ചായത്ത്	6 കി.മീ.	8 മീ.	ഭാഗികം
പേരിയ – അയനിക്കൽ	പഞ്ചായത്ത്	1 കി.മീ.	8 മീ.	ഭാഗികം
വാളാട് – എടത്തന	പഞ്ചായത്ത്	1 കി.മീ.	8 മീ.	ഭാഗികം
കമ്പിപ്പാലം – ഉദയഗിരി	പഞ്ചായത്ത്	4 കി.മീ.	8 മീ.	ഭാഗികം
തലപ്പുഴ 44 – മക്കിമല	പഞ്ചായത്ത്	9 കി.മീ.	8 മീ.	ഭാഗികം
തിടങ്ങഴി – വെണ്മണി	പഞ്ചായത്ത്	1.85 കി.മീ.	8 മീ.	ഭാഗികം

റോഡുനിർമ്മാണം

പഞ്ചായത്തിൽ നിലവിൽ ടാർറോഡുകളുടെ അപര്യാപ്തത വളരെ വലിയ പ്രശ്നമാണ്. ഉള്ള ടാർ റോഡുകളുടെ വീതികുറവും ഗതാഗത പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഓവുചാലുകൾ ഇല്ലാത്തതും പല പ്രശ്നങ്ങൾക്കും ഇടയാക്കുന്നുണ്ട്. ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പല നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്.

നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥയാണ് ഏറ്റവും വലിയ പ്രശ്നമായി ഗ്രാമസഭകളിൽ ഉയർന്നുവന്നത്. മിക്കപ്പോഴും പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന റോഡുകൾ ഏറ്റവും വലിയ ഗതാഗത പ്രശ്നമുണ്ടാക്കുന്നു. താറുമാറായി കിടക്കുന്ന റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുക, ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകൾ നിർമ്മിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നുവന്നു.

ധാരാളം ഇടവഴികൾ ഉള്ള ഒരു പ്രദേശമാണ് തവിഞ്ഞാൽ. ഇവ അൽപം ചെറിയ മാറ്റങ്ങൾ വരുത്തിയാൽ ഗതാഗതയോഗ്യമായ റോഡുകളായി മാറ്റാവുന്നതാണ്.

റോഡുകൾ ഉയർത്തുന്ന പരിസ്ഥിതിപ്രശ്നങ്ങൾ തവിഞ്ഞാൽ പഞ്ചായത്തിനെ സംബന്ധിച്ച് എടുത്തുപറയത്തക്കതല്ല. മരങ്ങളാൽ സമ്പന്നമായ പഞ്ചായത്തിൽ റോഡുകൾ മൂലം നഷ്ടപ്പെടുന്നവ വളരെ കുറവാണ് എന്നു തന്നെ പറയാം.

റോഡ് ഗതാഗതം

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ ഗ്രാമസഭകളിൽ സജീവമായ ചർച്ചകളിലൂടെ നിരവധി നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

ടാർ റോഡുകളുടെ വീതി കുറവും അറ്റ കുറ്റപ്പണികൾ ഇല്ലാത്തതും വളരെയധികം പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ റോഡുകളുടെ ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിക്കുക.

പ്രശ്നങ്ങൾ, സാദ്ധ്യതകൾ

വികസനത്തിന്റെ അളവുകോലായി റോഡുകളെയും പാലങ്ങളെയും മാത്രമാണ് സാധാരണ ജനങ്ങൾ കണക്കാക്കുന്നത്. റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനുമായി ശ്രമദാനമായും സാമ്പത്തികമായും പൊതുജനങ്ങൾ ഇത്രയേറെ ഉത്സാഹം കാണിക്കുന്നതിനും കാരണം ഇതുതന്നെയാണ്. ജനശക്തി ഇത്രയേറെ ഉപയോഗിക്കാവുന്ന മറ്റു മേഖലകൾ ഇല്ലതന്നെ. അയ്യായിരത്തിൽ താഴെ വരുന്ന ഫണ്ടുകൾ ജനകീയ സമിതികളെ ഏല്പിക്കുന്നത് റോഡ് വികസനത്തിനു സഹായകമാകും. ഫണ്ട് ദുരുപയോഗം നടത്തുന്നത് തടയാനും ഇത് സഹായകമാകും എന്ന് വിവിധ ഗ്രാമസഭകളിൽ ശക്തിയുക്തം വാദിച്ചിരുന്നു. ഈ മേഖലയിലെ മറ്റ് പ്രശ്നങ്ങളും സാദ്ധ്യതകളും ക്രോഡീകരിച്ച് താഴെ ചേർക്കുന്നു.

1. ഗ്രാമീണ റോഡുനിർമ്മാണം ജനകീയ കമ്മിറ്റികളെ ഏല്പിക്കുക.
2. റോഡ് കയ്യേറൽ അവസാനിപ്പിക്കുക.
3. റോഡുകൾക്ക് ആവശ്യമായ അഴുക്കുചാലുകൾ നിർമ്മിക്കുക.
4. കൾവർട്ടുകൾ ആവശ്യമായ ഇടങ്ങളിൽ സ്ഥാപിക്കുക.
5. റോഡുകൾക്കു അനുവദിക്കപ്പെടുന്ന ഫണ്ടുകൾ വേണ്ട രീതിയിൽ ഉപയോഗിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക.
6. ആവശ്യമായ സ്ഥലങ്ങളിൽ ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ നിർമ്മിക്കുക.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പുതിയ റോഡുകൾ, പാലങ്ങൾ, നടപ്പാലങ്ങൾ, കലുങ്കുകൾ, എന്നിവയെപ്പറ്റിയുള്ള സൂചനകൾ ക്രോഡീകരിച്ച് പട്ടികയായി അന്യത്ര ചേർത്തിരിക്കുന്നു. (അടുത്ത പേജ് കാണുക)

നിലവിലുള്ള റോഡ് ശൃംഖല ഒരു വീക്ഷണം

വാർഡ് 1	റോഡിന്റെ പേര് 2	നീളം കി. മീറ്ററിൽ 3	ടാർ ചെയ്തത് 4	സോൾ ചെയ്തത് 5	മൺ റോഡ് 6	പുതുതായി നിർദ്ദേശിക്കുന്നവ 7
I	തലപ്പുഴ പുതിയടം	5	✓			
	പുതിയടം ചോയിമൂല	3			✓	
	കുസുമഗിരി ചോയിമൂല	2.5			✓	
	പുതിയടം കോളനി	1.5			✓	
	തിണ്ടുമ്മൽ കോളനി				✓	
	തലപ്പുഴ പണിച്ചിപ്പാലം പുതിയടം					✓
	സെൻട്രൽ എക്സൈസ് 83ം നമ്പർ കൊല്ലി					✓
II	കണ്ണോത്ത്മല വരയാൽ	5.8	✓			
	കണ്ണോത്ത്മല – വെൺമണി ബൈപാസ്	1			✓	
	വെൺമണി തിടങ്ങഴി	2		✓		
	വെൺമണി – ചുള്ളി – വാളാട്	4			✓	
	വെൺമണി ചന്ദനക്കുഴി തൈതാൽ	3.3			✓	
	വെൺമണി തീയരിക്കൊല്ലി	4			✓	
	കാവൽപാടം ഇടമനകോളനി	2			✓	
	കണ്ണോത്ത്മല അംബേദ്കർ കോളനി	0.8			✓	
	കുളങ്ങോട് പാലക്കൊല്ലി					✓
	വെണ്മണി കാമ്പട്ടികോളനി					✓
	കാട്ടിമൂല മാനി കോളനി					✓
	കുളങ്ങോട് 44 എസ്റ്റേറ്റ്					✓
III	ഉദയഗിരി – മുതിരേരി	3	✓			
	തിടങ്ങഴി കരിമാനി	1.85	✓			
	മുതിരേരി മാനികോളനി				✓	
	കഴുക്കോട്ടൂർ കരിമാനി				✓	
	മുതിരേരി – കൊയ്യാലക്കണ്ടി കോളനി					✓
	മുതിരേരി – അമ്പലം	0.5			✓	
	കരിമാനികോറ അയ്യപ്പൻനട				✓	
	ഉദയഗിരി	1			✓	
	തിടങ്ങഴി അയ്യപ്പൻനട	1			✓	
	മുതിരേരിക്കുന്ന് കീഴങ്ങാനം	0.5				✓
	കരിമത്തിൽ കോളനി – കീഴങ്ങാനം	0.5				✓
	കരിമാനി – കഴുക്കോട്ടൂർകുന്ന് മാനി	1				✓

1	2	3	4	5	6	7
	മുതിരേരി പുഞ്ചക്കടവ്	0.5			✓	
	മുതിരേരി പൊള്ളമ്പാറ – മക്കിക്കൊല്ലി	1			✓	
IV	വിമല നഗർ – ഉദയഗിരി					
	മുതിരേരി – കൊളത്താട – പുതുശ്ശേരിക്കടവ്		✓			
	യവനാർകുളം കാട്ടിമൂല	2	✓			
	ഒരപ്പ് കൊളത്താട	.4		✓		
	ഒരപ്പ് കൊളത്താട	1.6			✓	
	യവനാർകുളം ഒരപ്പ്	2.2			✓	
	കാട്ടിമൂല ആറോല ചാത്തൻകുഴി	2			✓	
	ചാത്തൻകുഴി ചിറക്കൊല്ലി	1.5			✓	
	കരിമത്തിൽ – കരിവളത്തുംകര	1			✓	
	പോരൂർ ക്ഷേത്രം കരുവളത്തുംകര	1			✓	
	ചാത്തൻകുഴി ഇരുമ്പൻ കൊല്ലി പുത്തൂർ	3			✓	
	ആറോല പുത്തൂർ	2			✓	
V	വാളാട് കുഞ്ഞോം	4			✓	
	ചേരിമൂല വലിയകൊല്ലി	3			✓	
	ഇല്ലത്തുംമൂല കരിമ്പിൽ	1.5			✓	
	കൂടംകുന്ന് കാരിച്ചാൽ കോളനി	3			✓	
	വായനശാല അമ്പലക്കടവ്	2			✓	
	ഹൈസ്കൂൾ തോളക്കര–വലിയകൊല്ലി	5			✓	
	കരിമ്പിൽ നീലോം	2			✓	
	പള്ളിയറ ചാമാട് കിരാലോട്	1			✓	
	ഇല്ലത്തുംമൂല H.S. കോളനി	1			✓	
	H.S.വലിയകുന്ന്	2			✓	
	കൂടംകുന്ന് കൂടൽക്കടവ്					✓
	പ്ലാച്ചാൽ കാട്ടുപ്പാറ	2				✓
	പൊട്ടൻചിറ ചേരിമുല	2.5				✓
	പൊട്ടൻചിറ കാരച്ചാൽ					✓
VI	വരയാൽ മേലേവരയാൽ	1			✓	
	വരയാൽ കാപ്പാട്ടുമല	3.5			✓	
	വള്ളിക്കോട് CRPകുന്ന്	2			✓	
	മേലേവരയാൽ കരയോത്തുങ്കൽ	3			✓	
	മേലേവരയാൽ കാപ്പാട്ടുമല	1			✓	
	എടമന ചുള്ളി	1			✓	

1	2	3	4	5	6	7
	എടമന കോളനി	1			✓	
	ബോയ്സ്ടൗൺ കൊട്ടിയൂർ	0.8			✓	
	പാറത്തോട്ടം കാപ്പാട്ടുമല	1				✓
	പാറത്തോട്ടം കുറ്റിവാളിൽ കോളനി					✓
	പാറത്തോട്ടം കാപ്പാട്ടുമല					✓
VII	പേരിയ 34 വാരാൽ കുന്ന്					
	ചോയിമൂല കോളനി	1.5			✓	
	ആനേരി കോളനി	1.5			✓	
	പനന്തറ കോളിമന്ദം	1			✓	
	പേരിയ ചപ്പാരം കോളനി	1.3			✓	
	പേരിയ വട്ടോളി വാളാട്	2			✓	
	പേരിയ 37 കൊട്ടിയൂർ	1			✓	
	പേരിയ ചിറക്കൊല്ലി	–				✓
	പേരിയ കുഞ്ഞോം	14			✓	
	പേരിയ 35 ചോയിമൂല					
	നീലീയോട് കോളനി					✓
	പനന്തറ H.C.കോളിമന്ദം					✓
VIII	പേരിയ മുള്ളൽ ആലാറ്റിൽ	3.25			✓	
	പേരിയ മുള്ളൽ ആലാറ്റിൽ	5	✓			
	പേരിയ മുള്ളൽ ആലാറ്റിൽ	0.75		✓		
	പേരിയ അയിനിക്കൽ ആലാറ്റിൽ	3.4				✓
	പേരിയ അയിനിക്കൽ ആലാറ്റിൽ	0.9	✓			
	ഇരുമനത്തൂർ മൈലേറ്റുമല	0.5	✓			
	ഇരുമനത്തൂർ മൈലേറ്റുമല	3.5			✓	
	അക്കൊല്ലി പാമ്പോള കുഞ്ഞോം	1.5			✓	
	ആലാറ്റിൽ മൈലേറ്റുമല	2			✓	
	ആലാറ്റിൽ ഇരുമനത്തൂർ	2			✓	
	അക്കൊല്ലി വയ്യോട് കോളനി	1			✓	
	ആലാറ്റിൽ മാവിലവീട് അയിനിക്കൽ	2.5				✓
	അയിനിക്കൽ കല്ലൻ പുഴ മുന്നരക്കുന്നിൽ	2				✓
	അക്കൊല്ലി ചുരുളി	1.5				✓
	അയിനിക്കൽ മൈലേറ്റുമല	1.5				✓
	മുള്ളൽ പനന്തറ					✓
	മുള്ളൽ അത്തിക്കൊല്ലി					✓
IX	44 മുണ്ടയത്ത് കോളനി	2			✓	

1	2	3	4	5	6	7
	ചുങ്കം കാട്ടേരുക്കുന്ന്	2.5			✓	
	കമ്പിപ്പാലം കാട്ടേരിക്കുന്ന്					✓
X	വാളാട് എടത്തണ	1	✓			
	വാളാട് എടത്തണ	1		✓		
	വാളാട് എടത്തണ	2			✓	
	കാട്ടിമൂല നാഗത്താൻ കുന്ന്					
	എടത്തണ	4			✓	
	വാളാട് നാഗത്താൻ കുന്ന്	2			✓	
	കാട്ടിമൂല നാഗത്താൻകുന്ന്	2			✓	
	വാളാട് ചാത്തൻകീഴ്					
	ഇരുമ്പൻകൊല്ലി	3			✓	
	എടത്തണ കോളനി ആലമൊട്ടം	2			✓	
	പുത്തൂർ പുലിക്കാട്ട് കടവ്	1			✓	
	മാമ്പ പാലോട് കോളനി	1			✓	
	മാമ്പെ നാഗത്താൻ കുന്ന്					✓
	വാളാട് വില്ലേജ് നാഗത്താൻകുന്ന്					✓
	കാട്ടിമൂല നാഗത്താൻകുന്ന്					✓
XI	തലപ്പുഴ ഉദയഗിരി	3	✓			
	കാർമൽ ഹിൽ തിണ്ടുമ്മൽ	2			✓	
	വാളമുക്ക് തിണ്ടുമ്മൽ					
	വിമല നഗർ	2			✓	
	അമ്പലക്കൊല്ലി കാക്കത്തൊറമ്മൽ	1.5			✓	
	ഇടിക്കര കുഴിനിലം	3			✓	
	അമ്പലക്കൊല്ലി രാമൻകൊല്ലി					
	കരിമാനി	2			✓	
	വിമലനഗർ കീഴങ്ങാനം					
	മുതിരേരി	2.5			✓	
	വിമലനഗർ മുതിരേരി	2			✓	
	ഇടിക്കര സെൻട്രൽ എക്സ്സ്					✓
	അമ്പലക്കൊല്ലി വിമല നഗർ					✓
	ഇടിക്കര ശിവഗിരിക്കുന്ന്					✓
	തിണ്ടുമ്മൽ കുഴിനിലം					✓
XII	44-ാം മൈൽ മക്കിമല	5	✓			
	ചുങ്കം H.S. പമ്പ്ഹൗസ്	0.4		✓		
	ചുങ്കം H.S.പമ്പ് ഹൗസ്	0.6			✓	
	കുരിശുകവല മക്കിമല STകോളനി	0.435			✓	
	മക്കിമല 6-ാംനമ്പർ SCകോളനി					
	കോളനി	3			✓	

1	2	3	4	5	6	7
	കമ്പമല എസ്റ്റേറ്റ് കുറുമ					
	കുറുച്യ കോളനി	4				✓
	പുതിയടം 6-ാം നമ്പർ കോളനി	2				✓
	ഇരുട്ടുവളവ് കുറുമ കോളനി	3				✓
	മക്കിമല മേലെതലപ്പുഴ					
	കുറുച്യ കുറുമ കോളനി	1				✓
	പുതിയടം കൈതക്കൊല്ലി	3				
	താഴെ തലപ്പുഴ കുറിച്യ കോളനി	1				✓
	പുതിയടം പൊയ്യിൽ STകോളനി	2				✓
XIII	ആലാറ്റിൽ കമ്പനിക്കുന്ന് വാളാട്	3.5			✓	
	ആലാറ്റിൽ കുറ്റിവയൽ				✓	
	കിരാലോട്	3.5			✓	
	ആലാറ്റിൽ വട്ടോളി	2.5			✓	
	39 STകോളനി കാപ്പാട്ടുമല					✓

റോഡ്, പാലം, വെയിറ്റിംഗ് ഷെഡ് - നിലവിലുള്ളത്, ഇനി ആവശ്യമുള്ളത് വാർഡ് തിരിച്ചുള്ള പട്ടിക

	ഇനം വാർഡ്	1	2	3	4	5	6	7	8	9	10	11	12	13
1	PWD ടാർചെയ്തത്	3.5	5	—	2	—	6	6	—	2	2.5	—	—	2.5
2	പഞ്ചായത്ത് ടാർചെയ്തത്	3	1.5	3	4	—	3.5	1.6	4	–	1	6	9	—
3	സോളിംഗ് നടത്തിയത്	—	1.7	—	0.5	1.5	—	—	1	—	3.2	—	0.25	—
4	മൺറോഡുകൾ	11.5	11.63	22	18.5	35	20	30	20	7	14	15	10	20
5	എണ്ണം	5	11	12	10	15	9	8	7	2	8	5	4	2
6	ആവശ്യപ്പെടുന്നത്	2	4	3	—	4	3	3	7	1	3	4	7	1
7	കൾവേർട്ട് കലുങ്ക്	4	4	—	7	13	5	8	7	3	8	5	5	22
8	പാലം	1	—	—	3	2ചെറുത് 1വലുത്	3	10	2	—	2	1	2	4
9	നടപ്പാലം	2	—	—	—	—	—	—	2	—	1	2	2	—
10	വെയിറ്റിംഗ് ഷെഡ് നിലവിലുള്ളത്	3	1	—	1	—	2	2	1	—	—	1	2	—
	ആവശ്യപ്പെടുന്നത്	2	3	3	5	3	5	5	4	1	5	2	5	3

നീളം കി.മീറ്ററിൽ പുതിയ റോഡുകളുടെയും നിലവിലുള്ള റോഡുകളുടെയും വിശദമായ പട്ടിക അന്യത്ര കൊടുത്തിരിക്കുന്നു.

ഊർജ്ജം

ആധുനിക പുരോഗതിയുടെ അടിസ്ഥാന ശിലയായി കണക്കാക്കുന്നത് വൈദ്യുതിയാണ്. ഊർജ്ജ രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് ഇടയാക്കിയ വൈദ്യുതി തവിഞ്ഞാൽ പഞ്ചായത്തിലെ ഉൾനാടൻ ഗ്രമങ്ങളിലെത്തിയിട്ട് മൂന്നോ നാലോ വർഷമേ ആയിട്ടുള്ളൂ. പഞ്ചായത്തിൽ വൈദ്യുതി എത്താത്ത വാർഡുകൾ ഇല്ലെങ്കിലും മിക്ക വാർഡുകളിലും ഇനിയും വൈദ്യുത കണക്ഷനുകൾ എത്താത്തവർ ധാരാളമുണ്ട്. കഴിഞ്ഞ നാല് വർഷത്തിനിടയിലാണ് ഗാർഹിക കണക്ഷൻ നൽകുന്നത് ഇത്രയേറെ വർദ്ധിച്ചത്. പഞ്ചായത്തിലെ വാളാട്, കാട്ടിമൂല, ആലാറ്റിൽ ഇരുമനത്തൂർ, പേരിയ, യവനാർകുളം എന്നി ഗ്രാമങ്ങളിലെല്ലാം ഈയിടെയാണ് വൈദ്യുതി എത്തിനോക്കിയത്. വ്യാവസായിക, കാർഷിക മേഖലകളിൽ വൈദ്യുതിയുടെ ഉപയോഗം കാര്യമായി പ്രയോജനപ്പെടുത്തിയിട്ടില്ല.

കല്പറ്റക്കടുത്ത കണിയാമ്പറ്റ 220 kv സബ്സ്റ്റേഷനിൽ നിന്നുമാണ് തവിഞ്ഞാലിലേക്ക് വൈദ്യുതി എത്തുന്നത്. മാനന്തവാടി സബ്സ്റ്റേഷന്റെ കീഴിലായതു കൊണ്ട് ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് അടക്കുന്നതിനായി മുപ്പത് കിലോമീറ്ററിലേറെ സഞ്ചരിക്കേണ്ടി വരുന്നുണ്ട്.

2373 ഗാർഹിക ഉപഭോക്താക്കളും 320 വ്യാപാര ഉപഭോക്താക്കളും, 83 കാർഷിക ഉപഭോക്താക്കളും, 26 വ്യാവസായിക ഉപഭോക്താക്കളുമാണ് പഞ്ചായത്തിൽ ഉള്ളത്. ആകെ 7569 വീടുകൾ ഉണ്ടെന്നതിനാൽ ഇനിയും വൈദ്യുതി എത്താത്തവയാണ് പഞ്ചായത്തിലെ അധികം വീടുകൾ എന്നു കാണാം.

പഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ മുപ്പത്തിനാല് ട്രാൻസ്ഫോർമറുകൾ ആണ് ഉള്ളത്. കണക്ഷൻ കുറവായതുകൊണ്ട് ഈ ട്രാൻസ്ഫോർമർ അധികഭാരം വഹിക്കുന്നില്ല എന്നാണ് അധികൃതർ വ്യക്തമാക്കുന്നത്.

സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളെപ്പോലെ തന്നെ വോൾട്ടേജ് പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിനെയും അലട്ടാൻ ആരംഭിച്ചിട്ടുണ്ട്.

61 ബൾബുകളും 22 ട്യൂബുകളും 11 സോഡിയം വേപ്പർ ലാംപുകളുമാണ് ഇപ്പോൾ പഞ്ചായത്തിൽ തെരുവുവിളക്കുകളായുള്ളത്. പല കേന്ദ്രങ്ങളിലും ഇനിയും തെരുവു വിളക്കുകൾ സ്ഥാപിക്കാനുണ്ട്.

വൈദ്യുതിയുടെ മേഖലയിൽ അഴിമതി ഏറെയാണെന്നാണ് ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട ഏറ്റവും കാതലായ പ്രശ്നം.

രണ്ട് കോളനികളിൽ അനർട്ട് സ്ഥാപിച്ച സൗരവിളക്കുകളും ഏതാനും ബയോഗ്യാസ് പ്ലാൻറുകളും പഞ്ചായത്തിലുണ്ട്. ആളുകൾ മിക്കവാറും ഇന്ധനത്തിനായി വിറകിനെയാണ് ആശ്രയിക്കുന്നത്. എന്നാൽ ദക്ഷത കൂടിയ അടുപ്പുകളുടെ ഉപയോഗം വ്യാപകമായിട്ടുണ്ട്. ആകെ 1842 വീടുകളിൽ പരിഷത് അടുപ്പുകൾ ഉണ്ട്.

പ്രശ്നങ്ങൾ

1. മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുത സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കാലവിളംബം ഉണ്ടാകുന്നു.
3. ഹരിജൻ കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല.
4. തെരുവു വിളക്കുകൾ മിക്കയിടത്തും അപര്യാപ്തം

സാദ്ധ്യതകൾ

1. ഇന്ധന ക്ഷമതയുള്ള അടുപ്പ്, ബയോഗ്യാസ് എന്നിവയ്ക്കുള്ള സഹായങ്ങൾ നൽകുക.
2. ബോയ്സ് ടൗൺ പാൽചുരത്ത് ഒരു മിനി ഹൈഡ്രൽ പ്രോജക്ട് സ്ഥാപിക്കുക.
3. ഹരിജൻ കോളനികളിൽ വൈദ്യുതി എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുക.
4. പുകയില്ലാത്ത അടുപ്പുകൾ, സോളാർ പാനലുകൾ എന്നിവയിൽ ബോധവൽക്കരണം നടത്തുക.
5. തെരുവു വിളക്കുകൾക്ക് സോളാർ ലാമ്പുകൾ ഉപയോഗപ്പെടുത്തുന്ന ഒരു പദ്ധതി തയ്യാറാക്കുക.
6. പഞ്ചായത്ത് ആസ്ഥാനമായ തലപ്പുഴയിൽ ഒരു പാചക വാതക ഏജൻസി ആരംഭിക്കുക.
7. മക്കിമല സരോജ എസ്റ്റേറ്റിൽ ഒരു മിനി ഹൈഡ്രൽ പ്രോജക്ട് സ്ഥാപിക്കുക.

മാർക്കറ്റ്

തികച്ചും കർഷകർ മാത്രം അധിവസിക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ മാർക്കറ്റ് എന്ന

മേഖല സവിശേഷ ശ്രദ്ധ ആകർഷിക്കുന്ന ഒരിനമാണ്. കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് യഥാസമയം മാർക്കറ്റ് കണ്ടെത്താനും ന്യായവില ഉറപ്പാക്കാനും സാധിക്കണം. സാധനത്തിന് പകരം സാധനം എന്ന ബാർട്ടർ സിസ്റ്റത്തിൽ പ്രവർത്തിച്ച ചന്തകളെപ്പറ്റി പഴമക്കാർ പറയുന്നു. സഹകരണമേഖലയിൽ ഒരു ചന്ത ആരംഭിക്കുന്നതിനെപറ്റിയാണ് ഗ്രാമസഭയിൽ ഏറെ ചർച്ചകൾ നടന്നത്.

കാപ്പി, കുരുമുളക്, ഇഞ്ചി, ഏലം, ഏത്തവാഴ, അടക്ക എന്നിവയാണ് പ്രധാന കാർഷിക വിളകൾ. ഇവയിൽ പ്രധാന വിഭവമായ കാപ്പി മുൻപ് കോഫീ ബോർഡ് മുഖേന വിപണനം നടത്തിയിരുന്നുവെങ്കിലും ന്യായമായ വില ഉറപ്പാക്കാനാവാത്തതുകൊണ്ട് ആ പദ്ധതി പരാജയപ്പെടുകയാണുണ്ടായത്. കശുവണ്ടി കാപെക്സ് മുഖേന വിപണനം നടത്താറുണ്ട്.

കാർഷികോല്പന്നങ്ങളുടെ മാർക്കറ്റിംഗ് മേഖലയിലെ പ്രശ്നങ്ങളും നിവാരണ നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

1. വിമല നഗർ, വാളാട് തലപ്പുഴ പേരിയ എന്നിവിടങ്ങളിൽ ആഴ്ചച്ചന്തകൾ സ്ഥാപിക്കണം.
2. വാഴക്കുല, പച്ചക്കറി എന്നിവക്ക് പൊതുമാർക്കറ്റ് വേണം. വില നിലവാരം പരിശോധിക്കാൻ സംവിധാനം വേണം.
3. ഏത്തക്കുല ഉപയോഗിച്ച് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുകയും അതിന്റെ വിപണനം ഉറപ്പുവരുത്തുകയും ചെയ്യണം.

പഞ്ചായത്തിൽ ലഭ്യമായ എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നിന്റെ അധിക ലഭ്യത അനുസരിച്ച് പുറത്ത് വിപണനം നടത്താനും ആവശ്യമായവ ന്യായവിലക്ക് കിട്ടാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്ത് ഒരു സ്വാശ്രയ ഗ്രാമത്തിന്റെ നിർമ്മിതിയിലേക്ക് നമുക്ക് ചുവടു വെയ്ക്കാം.

വിദ്യാഭ്യാസം

ഒരു സമൂഹത്തിന്റെ പുരോഗതിയുടെ ഉരകല്ലായി കണക്കാക്കുന്നത് വിദ്യാഭ്യാസമാണ്. ഓരോ പൗരനും രാജ്യത്തിന് ഉപകാരപ്രദമായി വളർന്നുവരുന്നതിൽ വിദ്യാഭ്യാസം വഹിക്കുന്ന പങ്ക് ചെറുതല്ല. മറ്റെല്ലാ മേഖലകളെക്കാളേറെ പിന്നിലാണ് നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസമേഖല. ഭൂമിശാസ്ത്രവും സാമൂഹിക വുമായ ചുറ്റുപാടുകൾ തന്നെയാണ് നമ്മെ ഈ പിന്നോക്കാവസ്ഥയിലെത്തിച്ചത് എന്ന് പറയാം. പഞ്ചായത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ പരിമിതമാണ്. എൽ.പി. സ്കൂളിലേക്കുപോലും അഞ്ച് കിലോമീറ്ററിലേറെ നടന്നു പോകേണ്ടി വരുന്ന കുട്ടികളാണ് പഞ്ചായത്തിൽ ഭൂരിഭാഗവും. സ്കൂളുകളിൽ എത്തിപ്പെടാനുള്ള ഈ ദൂരം വിദ്യാഭ്യാസ പുരോഗതിയെ സാരമായി ബാധിച്ചി ട്ടുണ്ട്.

1923ൽ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഒരു കുടിപ്പള്ളിക്കൂടമായി വാളാട് ആണ് ആദ്യത്തെ വിദ്യാലയം ആരംഭിച്ചത്. ഈ വിദ്യാലയമാണ് ഇന്നത്തെ വാളാട് ഗവൺമെൻറ് ഹൈസ്കൂൾ. നാല്പതുകളിൽ ഇവിടെയെത്തിയ കുടിയേറ്റ കർഷകരുടെ ശ്രമഫലമായാണ് വിദ്യാഭ്യാസ രംഗത്ത് നേരിയ മുന്നേറ്റമെങ്കിലും സാധിച്ചത്. പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളും കുടിയേറ്റത്തിനു ശേഷം സ്ഥാപിച്ചതാണ്. ആദ്യകാലത്തെ വിദ്യാഭ്യാസ പ്രോത്സാഹകരിൽ പുതുപ്പള്ളി കുഞ്ഞിരാമൻ നായർ, നെല്ലിക്കൽ കുഞ്ഞിരാമൻ നായർ ഫാദർ ബ്രഗാൻസ, എം.ടി. മാത്യു എന്നിവർ ഉൾപ്പെടുന്നു.

പഞ്ചായത്തിൽ ഇന്ന് ഒരു അൺ എയിഡഡ് എൽ.പി. സ്കൂൾ ഉൾപ്പെടെ പതിനെട്ട് വിദ്യാലയങ്ങൾ ആണുള്ളത്. സ്കൂൾ സംബന്ധിച്ച പട്ടിക താഴെ കാണിക്കും പ്രകാരമാണ്.

	സ്കൂളിന്റെ പേര്	ഉടമസ്ഥത	നിലവിൽ കുട്ടികളുടെ എണ്ണം			SC/STകുട്ടികൾ			അദ്ധ്യാപകർ			
			M	F	T	M	F	T	M	F	T	ഒഴിവ്
1.	ജി.എച്ച്.എസ്. വാളാട്	ഗവൺമെൻറ്	678	627	1305	181	140	221	32	6	38	2
2.	ജി.എച്ച്.എസ്. തലപ്പുഴ	ഗവൺമെൻറ്	510	538	1048	94	95	189	20	14	34	–
3.	ജി.യു.പി.എസ് തലപ്പുഴ	ഗവൺമെൻറ്	502	498	1000	111	84	195	11	18	20	–
4.	ജി.ടി.യു.പി.എസ് എടത്തന	ഗവൺമെൻറ്	139	130	269	101	83	184	6	2	8	1
5.	ജി.യു.പി.എസ് പേരിയ	ഗവൺമെൻറ്	345	365	710	90	74	164	16	5	21	–
6.	ജി.എൽ.പി.എസ് പോരൂർ	ഗവൺമെൻറ്	97	90	187	28	23	51	2	3	5	–
7.	ജി.എൽ.പി.എസ് മക്കിമല	ഗവൺമെൻറ്	19	26	45	4	5	9	2	–	2	2
8.	ജി.എൽ.പി.എസ് കൈതക്കൊല്ലി	ഗവൺമെൻറ്	39	27	66	25	16	41	2	1	3	1
9.	എസ്.യു.പി.എസ് പോരൂർ	എയിഡഡ്	163	148	311	40	29	69	5	7	12	–
10.	സെൻറ്.തോമസ്.യുപി. എസ് തവിഞ്ഞാൽ	എയിഡഡ്	303	241	544	63	52	115	7	9	16	–
11.	എ.എൽ.പി.എസ്. വെൺമണി	എയിഡഡ്	100	81	181	32	29	61	3	2	5	–
12.	എസ്.എൻ.എം.എൽ.പി എസ്. വരയാൽ	എയിഡഡ്	157	134	291	47	35	52	4	7	11	–
13.	കുസുമഗിരി എൽ.പി.എസ്	എയിഡഡ്	88	94	182	18	26	44	–	5	5	–
14.	നിർമല എൽ.പി.എസ് ആലാറ്റിൽ	എയിഡഡ്	109	119	228	17	21	38	3	4	7	–
15.	എ.എൽ.പി.എസ്. വാളാട്	എയിഡഡ്	60	51	111	9	4	13	4	–	4	1
16.	ജയ് ഹിന്ദ് എൽ.പി.എസ് വാളാട്	എയിഡഡ്	123	121	244	20	24	44	4	3	7	–
17.	സെൻറ് സെബാസ്റ്റ്യൻസ് എൽ.പി.എസ് പോരൂർ	എയിഡഡ്	118	111	229	24	17	41	2	5	7	–
18.	എസ്റ്റേറ്റ് എൽ.പി.എസ് തവിഞ്ഞാൽ	അൺ എയിഡഡ്	74	66	140	7	5	12	–	2	2	1
			3624	3467	7091	911	662	1573	123	93	216	8

ഏകദേശം 25 ശതമാനത്തോളം കുട്ടികൾ ആദിവാസികളാണ് എന്നതാണ് പട്ടിക സൂചിപ്പിക്കുന്നത്. കഴിഞ്ഞ പത്ത് വർഷമായി വിദ്യാർത്ഥികളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായെങ്കിലും സ്കൂളുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടില്ല.

ആകെ ഇരുനൂറ്റി ഇരുപത്തി മൂന്ന് അദ്ധ്യാപകരാണ് ഈ പഞ്ചായത്തിൽ ജോലി ചെയ്യുന്നത്. അതിൽ ഏകദേശം മുപ്പത് ശതമാനം പേർ അന്യജില്ലകളിൽ നിന്നും വരുന്നവരാണ്.

പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങൾക്കും സ്ഥിരം കെട്ടിടങ്ങൾ, കളിസ്ഥലം എന്നിവ ഇല്ല. മൂത്രപ്പുര, കക്കൂസ് ശുദ്ധജല സൗകര്യം വൈദ്യുതി പാചകമുറി എന്നിവയും പരിമിതമാണ്. വിശദവിവരങ്ങൾ പട്ടികയിൽ കാണിച്ചിരിക്കുന്നു.

മിക്ക വിദ്യാലയങ്ങൾക്കും സ്റ്റാഫ് മുറി, ലബോറട്ടറി, വൈദ്യുതി എന്നിവ ഇല്ല. ചില

	ഭൂമിയുടെ അളവ് (ഏക്കറിൽ)	ടൂറിസ്റ്റ് ബസ്	ടൂറിസ്റ്റ് വാൻ/ടാക്സി	ഓഡിറ്റോറിയം	ബാഡ്മിന്റൺ	ഫുട്ബോൾ	ബാസ്കറ്റ്	ഫുട്ബോൾ	ക്രിക്കറ്റ്	ഷട്ടിൽ	ഒളിമ്പിക്
1. ജി.എച്ച്.എസ്. വാളാട്	3	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
2. ജി.എച്ച്.എസ്. തലപ്പുഴ	4	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
3. ജി.യു.പി.എസ് തലപ്പുഴ	.56	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
4. ജി.ടി.യു.പി.എസ് എടത്തന	3	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
5. ജി.യു.പി.എസ് പേരിയ	1.5	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
6. ജി.എൽ.പി.എസ് പോരൂർ	1.004	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
7. ജി.എൽ.പി.എസ് മക്കിമല	1.5	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
8. ജി.എൽ.പി.എസ് കൈതക്കൊല്ലി	2	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
9. എസ്.യു.പി.എസ് പോരൂർ	3.2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
10. സെൻറ്.തോമസ്.യുപി. എസ് തവിഞ്ഞാൽ	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
11. എ.എൽ.പി.എസ്. വെൺമണി	1.5	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
12. എസ്.എൻ.എം.എൽ.പി എസ്. വരയാൽ	1.5	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
13. കുസുമഗിരി എൽ.പി.എസ്	1.5	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
14. നിർമല എൽ.പി.എസ് ആലാറ്റിൽ	1.5	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
15. എ.എൽ.പി.എസ്. വാളാട്	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
16. ജയ് ഹിന്ദ് എൽ.പി.എസ് വാളാട്	1.57	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
17. സെൻറ് സെബാസ്റ്റ്യൻസ് എൽ.പി.എസ് പോരൂർ	3	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
18. എസ്റ്റേറ്റ് എൽ.പി.എസ് തവിഞ്ഞാൽ	.35	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്

വിദ്യാലയങ്ങൾക്കെങ്കിലും കുടിവെള്ളം ഒരു വലിയ പ്രശ്നമാണ്. മിക്കവാറും വിദ്യാലയങ്ങളിലെ മൂത്രപ്പുരകളും കക്കൂസുകളും ഉപയോഗയോഗ്യമല്ല എന്നു തന്നെ പറയാം.

പഞ്ചായത്തിൽ രണ്ട് ഗവൺമെൻറ് ഹൈസ്കൂളുകൾ ഉണ്ടെങ്കിലും അദ്ധ്യാപക ക്ഷാമവും മറ്റ് ഭൗതിക സാഹചര്യങ്ങളുടെ അഭാവവും നിമിത്തം സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കുറേയേറെ കുട്ടികൾ പഞ്ചായത്തിനു പുറത്തുള്ള സ്വകാര്യ വിദ്യാലയങ്ങളിലേക്ക് പോകുന്നു. ആദിവാസി മേഖലയിലെ മുഴുവൻ കുട്ടികളും സ്കൂളിലെത്താത്തതും ഉള്ളവർ തന്നെ കൊഴിഞ്ഞു പോകുന്നതും ഈ മേഖലയുടെ പ്രശ്നമാണ്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പുറമേ അഞ്ച് പാരലൽ കോളേജുകളും രണ്ട് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും മൂന്ന് പ്രീ പ്രൈമറി വിദ്യാലയങ്ങളും രണ്ട് തുന്നൽ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. എസ്.എസ്.എൽ. സിക്കു ശേഷമുള്ള പഠനത്തിന് വിദ്യാർത്ഥികൾക്ക് പഞ്ചായത്തിൽ യാതൊരു

സൗകര്യവുമില്ല എന്നു മാത്രമല്ല, ഇരുപത്തി അഞ്ച് കിലോ മീറ്ററോളം സഞ്ചരിക്കേണ്ടി വരുന്നു. ശാസ്ത്രവിഷയങ്ങളിലെ പ്രീ-ഡിഗ്രി കോഴ്സിന് എൺപത് കിലോമീറ്ററിലധികം ദൂരെ മാത്രമേ സ്വകാര്യ കോളേജെങ്കിലുമുള്ളൂ. ഇത് പഞ്ചായത്തിലെ കുട്ടികളുടെ ഉപരിപഠനസാദ്ധ്യതകളെ തീരെ ഇല്ലാതാക്കുന്നു. ഐ.ടി.ഐ, പോളിടെക്നിക്ക്, കമ്പ്യൂട്ടർ പരിശീലന കേന്ദ്രം എന്നിവയും അയൽ പ്രദേശങ്ങളിൽ പോലുമില്ല.

അഞ്ച് കിലോമീറ്ററിലധികം സഞ്ചരിച്ചാണ് എൽ.പി കുട്ടികൾ സ്കൂളിലെത്തുന്നത്. സ്കൂളിലേക്കുള്ള ദൂരം കുട്ടികൾ, പ്രത്യേകിച്ച് പെൺകുട്ടി

സ്കൂളുകളിലേക്കുള്ള ശരാശരിദൂരം

പട്ടിക

തരം	ശരാശരി ദൂരം കി.മീ	പരമാവധി ദൂരം കി.മീ
എൽ.പി	2 കി.മീ	5കി.മീ
യു.പി	3കി.മീ	7കി.മീ
ഹൈസ്കൂൾ	7കി.മീ	19കി.മീ

കൾ സ്കൂളിലെത്താതിരിക്കാനുള്ള പ്രധാന കാരണമാണ്.

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലെയും എസ്.എസ്.എൽ.സി വിജയ ശതമാനം താരതമ്യേന കുറവാണ്.

ഭൗതിക സാഹചര്യങ്ങളുടെ അഭാവവും പ്രൈമറി ക്ലാസുകൾ മുതലുള്ള അദ്ധ്യാപക ദാരി

എസ്.എസ്.എൽ.സി. വിജയശതമാനം

പട്ടിക

വിദ്യാലയം	91-92	92-93	93-94	94-95	95-96
ജി.എച്ച്.എസ്. വാളാട്	35	30	31	33	27
ജി.എച്ച്.എസ്. തലപ്പുഴ	10	12	10	15	19

ദ്ര്യവുമാണ് വിജയ ശതമാനക്കുറവിന് കാരണമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. എങ്കിലും ഇക്കാര്യത്തിൽ സമീപഭാവിയിൽ തന്നെ ആശാവഹമായ പുരോഗതി പ്രതീക്ഷിക്കുന്നു.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ മുപ്പത്തിരണ്ട് അങ്കണവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മിക്കതിനും സാമാന്യം നല്ല കെട്ടിട സൗകര്യങ്ങൾ ഉണ്ട്. അങ്കൺവാടികളിൽ മിക്കതിലും വേണ്ടത്ര കളിക്കോപ്പുകളില്ല.

പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും പി.ടി.എയും മാതൃസംഗമവും സജീവമായി പ്രവർത്തിക്കുന്നു. ചില ഗവഃ വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ പി.ടി.എ നിർമ്മിച്ചതാണ്. പഞ്ചായത്തുൾപ്പെടുന്ന വാളാട് ഗവൺമെൻറ് ഹൈസ്കൂളിനാണ് കഴിഞ്ഞ വർഷത്തെ ഏറ്റവും നല്ല പി.ടി.എയ്ക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ചത്. ഒന്നര ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച താൽക്കാലിക കെട്ടിടവും ശുദ്ധജല വിതരണ പദ്ധതിയും മാതൃകയായി ഉയർത്തിക്കാട്ടാവുന്നതാണ്.

കായിക കലാ മത്സരങ്ങളിലും പഞ്ചായത്തിലെ വിദ്യാലയങ്ങൾ നല്ല നിലവാരം പുലർത്തുന്നുണ്ട്. ചില വിദ്യാലയങ്ങളിലെ കുട്ടികളെങ്കിലും സംസ്ഥാനതലത്തിൽ വരെ വിജയികളായിട്ടുണ്ട്. പതിനഞ്ച് കുട്ടികൾക്ക് സ്കൗട്ട് ബഹുമതികൾ ലഭിച്ചിട്ടുണ്ട്. അഞ്ച് കുട്ടികൾക്ക് രാഷ്ട്രപതി സ്കൗട്ട് അവാർഡ് ആണ് ലഭിച്ചത്.

സ്കൗട്ട് അദ്ധ്യാപകർക്കുള്ള പരമോന്നത ബഹുമതിയായ ഹിമാലയ വുഡ് ബാഡ്ജും ദേശീയ തലത്തിൽ സെർസ് ബ്രോൺസ് അവാർഡ് രാഷ്ട്രപതിയിൽ നിന്നു നേരിട്ട് ലഭിച്ച ശ്രീ. കെ.കെ. നാരായണൻ മാസ്റ്റർ വാളാട് ഗവൺമെൻറ് ഹൈസ്കൂളിൽ ജോലിചെയ്യുന്നു.

അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡു നേടിയ എൻ. ശങ്കരൻ മാസ്റ്റർ നമുക്കഭിമാനമാണ്.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ തള്ളിക്കയറ്റം ആരംഭിച്ചിട്ടില്ലാത്തതു കൊണ്ട് മിക്ക രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ തന്നെ ചേർക്കുന്നു. പക്ഷേ, പഞ്ചായത്തിലോ അടുത്ത പ്രദേശങ്ങളിലോ തന്നെ പ്ലസ് ടു കോഴ്സിനുള്ള സൗകര്യങ്ങൾ ഇല്ല എന്നത് ഒരു വലിയ പോരായ്മയായി ചൂണ്ടീക്കാട്ടുന്നു.

കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ വാളാട് സ്ഥാപിച്ചിരിക്കുന്ന വംശീയ വൈദ്യ പഠന കേന്ദ്രം ആദിവാസി കുട്ടികൾക്ക് ഒരനുഗ്രഹം തന്നെയാണ്. എന്നാൽ ഈ സൗകര്യം പരമാവധി ഉപയോഗപ്പെടുത്തിക്കാണുന്നില്ല എന്നു കൂടി പറയാം.

ഗ്രാമസഭകളിൽ വിദ്യാഭ്യാസം സജീവ

മായ ചർച്ചക്ക് വിധേയമായി. എസ്.എസ്.എൽ.സി. വിജയശതമാനക്കുറവ് , ജില്ലക്കു വെളിയിൽ നിന്ന് വരുന്ന അദ്ധ്യാപകർക്ക് താമസസൗകര്യക്കുറവ് നിമിത്തം നിരന്തരമായ സ്ഥലംമാറ്റം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, താഴ്ന്ന ക്ലാസ്സുകളിലെ കുട്ടികളിൽ അക്ഷരം ഉറക്കാത്തത്, അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ പ്രവർത്തനങ്ങൾ, പാഠപുസ്തകങ്ങൾ കൃത്യസമയത്ത് ലഭിക്കാത്തത്, ഡി.പി.ഇ.പിയുടെ പ്രവർത്തന കാര്യക്ഷമത എന്നിവയെപ്പറ്റിയൊക്കെ ചർച്ചകൾ നടന്നു.

സാക്ഷരതാ പ്രസ്ഥാനം, പഞ്ചായത്തിൽ ഒന്നാം ഘട്ടം സജീവമായി നടന്നുവെങ്കിലും രണ്ടാം ഘട്ടത്തിൽ ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു. നവസാക്ഷരർ നിരക്ഷരരായി തന്നെ തുടരുന്നത് പഞ്ചായത്തിൽ കാണാം.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് സാക്ഷരതാ പ്രസ്ഥാനത്തിന്റെ തുടർവിദ്യാഭ്യാസം നടക്കുന്നില്ല. പഞ്ചായത്ത് വക സാംസ്കാരിക നിലയത്തിലെ ഗ്രന്ഥശാല ഉൾപ്പെടെ പന്ത്രണ്ട് വായനശാലകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലെയും എസ്.എസ്.എൽ.സി വിജയശതമാനം കുറവാണ്.
2. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
3. പഞ്ചായത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഇല്ല.
4. വിദ്യാർത്ഥികളിലെ നിരക്ഷരതാ നിരക്ക് ഭയാനകമായ തോതിൽ വർദ്ധിക്കുന്നു.
5. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കുട്ടികൾക്ക് ഇരുപത് കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടി വരുന്നു.
6. യു.പി. കുട്ടികൾക്കുപോലും എട്ട് കിലോ മീറ്ററിലധികം നടക്കേണ്ടി വരുന്നു.
7. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.
8. പഞ്ചായത്തിൽ സാങ്കേതിക സ്ഥാപനങ്ങൾ ഒന്നുമില്ല.
9. മിക്ക അദ്ധ്യാപകരും ജില്ലക്ക് വെളിയിൽ നിന്നും വരുന്നവരായതിനാൽ താമസസൗകര്യമില്ലാത്തതിനാൽ അദ്ധ്യാപക ക്ഷാമത്തിന് ഇട യാക്കുന്നു.
10. കരിമാനി, കരിമ്പിൽ, കൊളത്താട, കുനീമ്മൽ, വലിയകൊല്ലി, ഇരുമനത്തൂർ, വട്ടോളി, പേര്യ എന്നിവിടങ്ങളിലെ എൽ.പി കുട്ടികൾക്ക് അഞ്ച് കിലോമീറ്ററിലധികം നടക്കേണ്ടി വരുന്നു.
11. എടത്തണ, ജി.ടി.യുപി. എസ് ഹൈസ്കൂളാക്കാനുള്ള പ്രൊപ്പോസൽ അംഗീകാര തീരുമാനം വൈകുന്നു.
12. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ തടയുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടി പ്രാവർത്തികമാവുന്നില്ല.
13. പേരിയ മുതിരേരി എന്നിവിടങ്ങളിൽ ഓരോ ഹൈസ്കൂൾ ആവശ്യമാണ്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ അടുത്ത അഞ്ച് വർഷത്തേക്ക് പഞ്ചായത്തിന് ഏറ്റെടുത്തു നടത്താവുന്ന പരിപാടികളുടെ ഒരു നഖചിത്രം കുറിക്കുന്നു.

വിദ്യാഭ്യാസ സർവ്വേയുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, തലപ്പുഴയിൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക, പി.ടി.എ, മാതൃസംഗമങ്ങൾ എന്നിവ സജീവമാക്കുന്നതിന് പരിശ്രമിക്കുക, പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങൾ ആരംഭിക്കുക, വെൺമണി എൽ.പി. എസിൽ കുടിവെള്ളം എത്തിക്കുക, സ്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്നിവ ഏറ്റെടുത്തു നടത്താവുന്ന ചില പരിപാടികളാണ്.

വ്യവസായം

രാജ്യപുരോഗതിക്കും ജനങ്ങളുടെ ഐശ്വര്യസമൃദ്ധമായ ജീവിതത്തിനും മുഖ്യഘടകം വ്യാവസായിക പുരോഗതിയാണ്. ഈ മേഖലയിൽ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് തവിഞ്ഞാൽ. 1991ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 33,135 ആണ്. ഇതിൽ 5598 പേർ പട്ടിക വർഗ്ഗക്കാരും 1682 പട്ടികജാതിക്കാരുമാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും തൊഴിൽ രഹിതരോ കർഷകത്തൊഴിലാളികളോ ആണ്. ഈ പഞ്ചായത്തിലാകെയുള്ളത് തേയില വ്യവസായം മാത്രമാണ്. അതാകട്ടെ സഹകാര്യ മേഖലയിലുമാണ്. പൊതുമേഖലയിലോ സഹകരണമേഖലയിലോ ഒരു വ്യവസായ സ്ഥാപനം പോലുമില്ല. ഒട്ടേറെ വ്യവസായസാദ്ധ്യതകളുള്ള ഒരു പ്രദേശമാണിത്. എന്നാൽ ശരിയായ ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും അഭാവത്തിൽ മറ്റു വ്യവസായങ്ങളൊന്നും ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

ആകെ ജനസംഖ്യയിൽ രണ്ടു ശതമാനത്തിന് മാത്രമാണ് വ്യവസായ മേഖലയിൽ ഇപ്പോൾ തൊഴിലവസരങ്ങൾ ഉള്ളത്. മറ്റു കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ കൂടി ചേർത്താലും ആകെ തൊഴിലവസരങ്ങളുള്ള ജനങ്ങൾ കേവലം പത്തുശതമാനം മാത്രമാണ്. ഇതിൽ തന്നെ കർഷക തൊഴിലാളികളുടെ തൊഴിലവസരങ്ങൾ വർഷത്തിൽ ഏതാനും മാസങ്ങൾ മാത്രമേ ഉണ്ടാകൂ. തൊഴിലന്വേഷകരായ ശേഷിക്കുന്ന ജനങ്ങൾ ആകെ ജനസംഖ്യയുടെ 60 ശതമാനത്തോളം വരും. ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥയുടെ മുഖ്യ കാരണവും ഇതുതന്നെയാണ്. ഇവിടുത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

പുതിയ വ്യവസായങ്ങൾ ഉണ്ടാകാത്തതിന്റെ കാരണങ്ങൾ

1. ശരിയായ ആസൂത്രണത്തിന്റെ അഭാവം
2. ഭൂപ്രകൃതിയുടെ പ്രത്യേകതകളാൽ വ്യവസായ സംരംഭകർ മടി കാണിക്കുന്നു.
3. അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത.
4. മുതൽ മുടക്കിനു സന്നദ്ധരായ വ്യവസായികളുടെ അഭാവം.
5. സാങ്കേതിക പരിജ്ഞാനക്കുറവ്.
6. ധനസഹായത്തിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ.
7. വിപണന സാദ്ധ്യതക്കുറവ്.
8. വ്യവസായ മേഖലയുമായുള്ള സമ്പർക്ക മില്ലായ്മ.
9. വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ ബോധവൽക്കരണക്കുറവ്.
10. നിലവിലുള്ള കുടിൽ വ്യവസായ മേഖലയോടുള്ള അവഗണന.

നിലവിലുള്ള പ്രശ്നങ്ങളുടെ പരിഹാരങ്ങൾ

തേയില ഫാക്ടറി, ഖാദി ഗ്രാമവ്യവസായ യൂനിറ്റ്, സ്റ്റോൺ ക്രഷർ എന്നിവ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്.

1. തേയില വ്യവസായം

സ്വകാര്യ മേഖലയിൽ മൂന്നു തേയില ഫാക്ടറികളുണ്ട് ഈ പഞ്ചായത്തിൽ. അവയെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടികയായി താഴെ ചേർക്കുന്നു.

പട്ടിക (ഒന്ന്) തേയില വ്യവസായം

	ആസ്സാം ബ്രൂക്ക് എസ്റ്റേറ്റ്	പേരിയ പീക്ക് എസ്റ്റേറ്റ്	ഗ്ലൻലവൻ എസ്റ്റേറ്റ്
സ്ഥാപിതം	1908	1964	1948
ഫാക്ടറി സ്ഥാപിതം	1912	1992	1952
വിസ്തീർണ്ണം	357 ഏക്കർ	100 ഏക്കർ	—
തൊഴിലാളികളുടെ എണ്ണം — സ്ഥിരം	536	100	89
തൊഴിലാളികളുടെ എണ്ണം — താൽക്കാലികം	500		62
പുരുഷൻ	211	25	—
സ്ത്രീ	325	75	—
ഉല്പാദനം പ്രതിവർഷം	5 ലക്ഷം കി.ഗ്രാം	1ലക്ഷം കി.ഗ്രാം	70,000 കി.ഗ്രാം
നേടുന്ന വിദേശനാണ്യം	4 കോടി	50 ലക്ഷം	—
നൽകുന്ന വേതനം	1.5 കോടി	80 ലക്ഷം	7 ലക്ഷം

ആസ്സാം ബ്രൂക്ക് തോട്ടത്തിലെ തൊഴിലാളികളുടെ ജീവിത നിലവാരം വളരെ പരിതാപകരമാണ്. 1912 -ൽ പണിത എസ്റ്റേറ്റുവക പാടികളിലാണ് ഇവരുടെ താമസം. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാത്തതുകൊണ്ട് ജീർണ്ണിച്ചു നിലം പതിക്കാറായവയാണു മിക്കതും. അടിസ്ഥാന സൗകര്യങ്ങളായ ശുദ്ധജലം, വൈദ്യുതി, റോഡ് എന്നിവയൊന്നും ഇവിടെയില്ല. ഓരോ പാടിയിലുമുള്ള ജനബാഹുല്യം പല ആരോഗ്യ പ്രശ്നങ്ങളുമുണ്ടാക്കുന്നു. എസ്റ്റേറ്റിന്റെ മേൽനോട്ടത്തിൽ ഒരു ആശുപത്രി പ്രവർത്തിക്കുന്നുണ്ടെങ്കിലും പരിമിതങ്ങളായ സൗകര്യങ്ങളേയുള്ളൂ. ഈ എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങളും അടിസ്ഥാനസൗകര്യങ്ങളും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തേണ്ടതാണ്.

2. ഖാദി ഗ്രാമ വ്യവസായ യൂനിറ്റ്

വിമല നഗറിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം തീരെ ആശാവഹമല്ല. ഇതിന്റെ ശരിയായ നടത്തിപ്പിനാവശ്യമായ സാങ്കേതിക സഹായങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. ഇവിടെ ഏകദേശം 20ഓളം ജോലിക്കാർ ഉണ്ട്. എങ്കിലും പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തതു മൂലം പ്രവർത്തനം മന്ദഗതിയിലാണ്.

3. ഇൻഡസ്ട്രിയൽ വർക്ക് ഷോപ്പ്

തലപ്പുഴയിലും സമീപ പ്രദേശങ്ങളിലുമായി മൂന്നു വർക്ക് ഷോപ്പുകൾ ഇപ്പോൾ നിലവിലുണ്ട്. ഏകദേശം പതിനഞ്ചോളം തൊഴിലാലികൾ ഇവി

ടെ പ്രവർത്തിക്കുന്നുണ്ട്. മറ്റു വ്യവസായങ്ങളെ പ്പോലെ വ്യാപകമായ തൊഴിൽ സാദ്ധ്യതകളുള്ള ഒന്നല്ല ഈ സ്ഥാപനങ്ങൾ. പഞ്ചായത്തിൽ ഇപ്പോൾ രണ്ടു സ്റ്റോൺ ക്രഷറുകൾ നിലവിലുണ്ട്. രണ്ടു ക്രഷറുകൾ കൂടി ആരംഭിക്കാൻ നടപടിയായിട്ടുണ്ട്. ഇവയുടെ ശരിയായ നടത്തിപ്പിന്നാവശ്യമായ സാങ്കേതിക സഹായങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. ഇവയുടെയെല്ലാം പ്രവർത്തന മേഖല പരിമിതമാണ്. എങ്കിലും ഇവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു വേണ്ടി വ്യാവസായികാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്.

തവിഞ്ഞാൽ പഞ്ചായത്തിൽ വലുതും ചെറുതുമായ 16ൽ പരം തേയില, ഏലം തോട്ടങ്ങളുണ്ട്. ഇതിൽ സ്ഥിരം അസ്ഥിരം മേഖലയിൽ 2000 തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. വർഷത്തിൽ കോടിക്കണക്കിന് തുക വിദേശ നാണ്യം നേടിത്തരുന്നുണ്ടെങ്കിലും ഈ എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ യാതൊരു ആനുകൂല്യവും ചെയ്യുന്നില്ല. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിച്ച ഈ തോട്ടങ്ങളിലെ പാടികൾ ഇന്നും നരകതുല്യമാണ്. ഈ തൊഴിലാളികളെ I.R.D.P സർവ്വെയിൽ ഉൾപ്പെടുത്തി വേണ്ട സഹായങ്ങൾ ചെയ്യുന്നതിന് അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

ഭാവിയിലെ സാദ്ധ്യതകൾ

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച വിഭവങ്ങൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ അവ ശരിയായി ഉപയോഗിക്കുവാനുതകുന്ന വ്യവസായങ്ങളാണ് ആവശ്യം. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അസംസകൃത വസ്തുക്കളിൽ ഈ പഞ്ചായത്തിൽ ലഭ്യമായവയുടെ വിവരവും അവയുപയോഗിച്ച് ആരംഭിക്കാവുന്ന വ്യവസായങ്ങളുടെ സൂചനകളും താഴെ ചേർക്കുന്നു.

1. തടി വ്യവസായം

പരിസ്ഥിതിക്കു കോട്ടം തട്ടാത്ത തരത്തിൽ ഈ പഞ്ചായത്തിലെ വനസമ്പത്ത് ഉപയോഗിച്ച് പേപ്പർ നിർമ്മാണം, പ്ലൈവുഡ് നിർമ്മാണം, ഫർണ്ണിച്ചർ, ശില്പങ്ങൾ, ഭവന നിർമ്മാണ സാമഗ്രികൾ എന്നിവ വ്യാവസായികാടിസ്ഥാനത്തിലും കുട്ട, പായ, പരമ്പ്, തീപ്പെട്ടി നിർമ്മാണം, എന്നിവ കുടിൽ വ്യവസായങ്ങളായും പൊതു മേഖയിലോ സഹകരണ മേഖലയിലോ ആരംഭിച്ചാൽ ഈ പ്രദേശത്തിന്റെ പുരോഗതിക്ക് അതൊരു മുതൽക്കൂട്ടാകും.

2. കാർഷിക വിഭവങ്ങൾ

വിദേശനാണ്യം നേടിത്തരുന്ന തേയില, റബ്ബർ, കാപ്പി, ഇഞ്ചി, കുരുമുളക് എന്നിവ ഇവിടെ ധാരാളമായി ഉല്പാദിപ്പിക്കുന്നു. കൂടാതെ ജില്ലയിലെ വാഴ കൃഷിയിലും ഈ പഞ്ചായത്ത് മുൻപന്തിയിലാണ്. അടയ്ക്ക, ഏലം, എന്നിവയും ഇവിടെ ഉല്പാദിപ്പിക്കുന്നു. ഇവ വ്യാവസായികാടിസ്ഥാനത്തിൽ സംഭരിച്ച് സംസ്കരിക്കുന്നതിനുള്ള ഫാക്ടറികൾ ആരംഭിക്കേണ്ടതാണ്.

കാർഷിക വിഭവങ്ങളുപയോഗിച്ച് ആരംഭിക്കാവുന്ന ചില വ്യവസായങ്ങൾ.

1. ഇഞ്ചി സംസ്കരണ ഫാക്ടറി
2. ചെറുകിട തേയില കർഷകർക്കു വേണ്ടി സഹകരണാടിസ്ഥാനത്തിലുള്ള തേയില ഫാക്ടറി.
3. കാപ്പി സംസ്കരണം നടത്തുന്നതിനുള്ള വ്യവസായശാല.
4. നേന്ത്രക്കായ് സംഭരണം, സംസ്കരണം, വിപണനം– ചിപ്സ്– വാഴക്കാപ്പൊടി– കുട്ടികൾക്കുള്ള ആഹാരം.
6. പാൽ സംഭരണവും ശീതീകരണവും സംസ്കരണവും.
7. വാഴക്കണ്ട ഉപയോഗിച്ചുള്ള കാലിത്തീറ്റ നിർമ്മാണം.

മറ്റു മേഖലകളിൽ ആരംഭിക്കാൻ സാദ്ധ്യതയുള്ള ചില വ്യവസായങ്ങൾ.

1. കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് മുള, ഈറ, ചൂരൽ എന്നിവ ഉപയോഗിച്ച് കുട്ട, പായ, പരമ്പ്, വീട്ടുപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് വളരെ സാദ്ധ്യതകളുണ്ട്.
2. ചുടുകട്ട നിർമ്മാണം, ഹോളോ ബ്രിക്സ് നിർമ്മാണം, എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പക്ഷം വളരെയേറെ സാദ്ധ്യതയുണ്ട്.
3. പേര്യ, തലപ്പുഴ എന്നിവിടങ്ങളിൽ ഈർച്ച മില്ലുകൾ സ്ഥാപിക്കുക.
4. ഇലക്ട്രോണിക് വ്യവസായം.
5. പേപ്പർ മില്ലുകൾ സ്ഥാപിക്കുക.
6. അടയ്ക്കാ സംസ്കരണ ഫാക്ടറി
7. മത്സ്യം വളർത്തലും വിപണനവും
8. തേനീച്ച വളർത്തലും തേൻ സംസ്കരണവും.

9. വനിതകൾക്കായി നോട്ടുബുക്കു നിർമ്മാണം, മുത്തുമാല നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പ്ലാസ്റ്റിക് ബാഗ് നിർമ്മാണം, പട്ടുനൂൽ പുഴു വളർത്തൽ എന്നിവ ആരംഭിക്കേണ്ടതാണ്.

10. കരകൗശല വസ്തുക്കളുടെ നിർമ്മാണം.

മേൽ പറഞ്ഞ നിർദ്ദേശങ്ങളും സാദ്ധ്യതകളും ചർച്ചകളുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ചു നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെ തന്നെ ലഭ്യമാക്കാനും എല്ലാറ്റിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കാനും കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകുവാനും സാധിക്കും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സംസ്കാരവും വളർന്നു വരുവാൻ കാരണമാവുകയും ചെയ്യും.

കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യ പൂർണ്ണമായ ഒരു ജനതക്കു മാത്രമേ സന്തുഷ്ടമായ ഒരു സമൂഹം കെട്ടിപ്പടുക്കാനാവൂ. ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം– ഒരു ജനതയുടെ ആരോഗ്യ പരിപാലനത്തിൽ പ്രാഥമികമായും വേണ്ട കാര്യങ്ങളാണിവ. കുടിവെള്ളത്തിനായി തവിഞ്ഞാൽ പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിലെ 78 പൊതു കിണറുകളിൽ 9 എണ്ണം വേനൽക്കാലത്ത് വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിലാകെ 6 കുഴൽ കിണറുകളുണ്ട്. കേരള വാട്ടർ അതോറിറ്റിയിൻ കീഴിൽ തവിഞ്ഞാൽ ജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ടെങ്കിലും അതിന്റെ പണി പൂർത്തിയാവാത്തതിനാൽ പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല. ഈ പദ്ധതി നടപ്പിലായാൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 110 പൊതു ടാപ്പുകൾ പ്രവർത്തന ക്ഷമമാകും. ഇതുവഴി പഞ്ചായത്തിലെ ഏതാണ്ട് ആയിരം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുമെന്ന് കണക്കാക്കാം. എന്നാൽ പഞ്ചായത്തിലെ 5,6,7,8,13 വാർഡുകളിൽ ഈ പദ്ധതി ബന്ധപ്പെടുന്നില്ല. KWAയുടെ നിർദ്ദിഷ്ടമായ പേര്യ, തൊണ്ടർനാട് ജലവിതരണ പദ്ധതിയിൽ 6,7,8,13 വാർഡുകൾ ഉൾപ്പെടുത്തുവാൻ ഒരു ശ്രമം നടന്നു വരുന്നുണ്ട്. അഞ്ചാം വാർഡു കൂടി അതിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുക യാണെങ്കിൽ മേൽ പറഞ്ഞ അഞ്ച് വാർഡുകളിൽ കൂടി ജലവിതരണം നടത്താൻ സാധിക്കും. എന്നാ ൽ ഇന്ന് നിലവിലുള്ള പദ്ധതികൾ കൊണ്ടൊന്നും തവിഞ്ഞാൽ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ സാധിക്കില്ല. ഗ്രാമസഭകളിൽ മിക്കവാറും എല്ലാ വാർഡുകളിൽ നിന്നും കുടിവെള്ളക്ഷാമത്തെക്കുറിച്ചുള്ള പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ ഏതാണ്ട് 15% പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിൽ എടത്തന, ആലയ്ക്കൽ എന്നിവിടങ്ങളിൽ 10ഓളം വീടുകൾക്ക് ഉറവുജലം ഉപയോഗിച്ച് ശുദ്ധജലംവിതരണം ചെയ്യാവുന്നതാണ്. മക്കിമലയിൽ നിലവിലുള്ള ടാങ്കും പൈപ്പും റിപ്പയർ ചെയ്താൽ കൈതക്കൊല്ലി, പൊയിൽ, പീടീകക്കുന്ന്, എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കാം. പഞ്ചായത്തിലുള്ള ഏതാനും പൊതു കിണറുകൾ ഉപയോഗശൂന്യമാണ്.

ശുദ്ധജല സ്രോതസ്സുകൾ

കിണറുകളും കേണികളും		സ്വകാര്യകിണറുകൾ		കുഴൽ കിണറുകൾ	ആകെ
പൊതുകിണറുകൾ					
വെള്ളമുള്ളവ	വെള്ളമില്ലാത്തവ	വെള്ളമുള്ളവ	വെള്ളമില്ലാത്തവ		
69	9	412	310	6	4506

കുടിവെള്ള പ്രശ്നവും പരിഹാരമാർഗ്ഗങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ
I	തലപ്പുഴ ടൗണിലെ പൊതുകിണർ ഉപയോഗശൂന്യമാണ്. തിണ്ടുമ്മൽ, പുതിയടം ഭാഗത്ത് വേണ്ടത്ര ശുദ്ധജലം ലഭിക്കുന്നില്ല.	തലപ്പുഴ ടൗണിലെ പൊതുകിണർ ഉപയോഗയോഗ്യമാക്കുക. ടൗണിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക. തിണ്ടുമ്മൽ പുതിയടം പ്രദേശങ്ങളിൽ കിണറുകളും പൊതുടാപ്പുകളും നിർമ്മിക്കുക.
II	ചന്ദനക്കുഴി, ഏരോക്കിൽ, കണ്ണോത്തുമല, കുളങ്ങാട്, കൂമൻമല, പാലക്കുനി എന്നീ കോളനികളിൽ ജലക്ഷാമം അനുഭവപ്പെടുന്നു.	കോളനികളിൽ കിണറുകളും കേണികളും നിർമ്മിക്കുക. പ്രകൃതിദത്തമായ ഉറവകൾ ലഭിക്കുന്ന പ്രദേശങ്ങളിൽ ഉറവജലം പൈപ്പുകൾ മുഖേന വിതരണം ചെയ്യുക.
III	കൊയ്യാലക്കണ്ടി, കോളനി, ഉദയഗിരി, കഴുക്കൊട്ടൂർ കുന്ന് കരിമാനി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.	KWAയുടെ പൈപ്പ്ലൈൻ അമ്മാൻതോട് വരെയും കോയ്യാലക്കണ്ടി കോളനിവരെയും നീട്ടുക. പൈപ്പ്ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിക്കുക.വാർഡിന്റെ വിവിധ ഭാഗങ്ങളിൽ പൊതു കിണറുകൾ നിർമ്മിക്കുക.
IV	യവനാർകുളം, ഒരപ്പ് ഭാഗങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്. കൂടത്തുംമൂല, കുളത്താട, ആറോല ഭാഗങ്ങളിലും ജലക്ഷാമമുണ്ട്.	പൈപ്പ്ലൈൻ, കൂടത്തുംമൂല, ആറോല ഭാഗങ്ങളിലേക്ക് നീട്ടുക. യവനാർകുളം, ഒരപ്പ് ഭാഗങ്ങളിൽ പൊതുകിണറുകൾ നിർമ്മിക്കുക. കുളത്താട, കാട്ടിമൂല ഭാഗങ്ങളിൽ കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിക്കുക.
V	ചേരിയൻമൂല, നരിപ്പാറ, ഇല്ലത്തുംമൂല, പള്ളിയറ, കൂടൽകുന്ന് വലിയകൊല്ലി എന്നി ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.	വാർഡിൽ KWAയുടെ ജലവിതരണ പദ്ധതി നടപ്പിലാക്കുക. അതുവഴി പൊതുടാപ്പുകളും വീടുകളിൽ വാട്ടർ കണക്ഷനുകളും നൽകുക.ജലക്ഷാമമുള്ള പ്രദേശങ്ങളിൽ കൂടുതൽ കിണർ നിർമ്മിക്കുക

VI	വാർഡിന്റെ പല ഭാഗങ്ങളിലും ശുദ്ധജല ക്ഷാമമുണ്ട്.	വാർഡിൽ KWA യുടെ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക. കൂടുതൽ പൊതുകിണറുകളും കുഴൽകിണറുകളും നിർമ്മിക്കുക.
VII	പേര്യ ടൗണിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.	പേര്യ ടൗണിലെ ഉപയോഗശൂന്യമായ പൊതുകിണർ ഉപയോഗയോഗ്യമാക്കുക. വാർഡിൽ KWAയുടെ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക.കൂടുതൽ പൊതുകിണറുകൾ നിർമ്മിക്കുക.
VIII	മോനിച്ചൻകുന്ന്, ആക്കൊല്ലി കോളനി, ഇരുമ നത്തൂർ കോളനി എന്നിവിടങ്ങളിൽ ശുദ്ധജ ലദൗർലഭ്യമുണ്ട്.	വാർഡിൽ KWAയുടെ ജലവിതരണ പദ്ധതി നടപ്പിലാക്കുക, നിലവിലുള്ള കേടുവന്ന കിണർ ഉപയോഗയോഗ്യമാക്കുക. അയനിക്കൽ, പാമ്പാള, ഇരുമനത്തൂർ ഭാഗങ്ങളിൽ പുതിയ കിണറുകൾ നിർമ്മിക്കുക.
IX	കാട്ടേരിക്കുന്ന് പ്രദേശത്ത് കുടിവെള്ളക്ഷാമമുണ്ട്.	കാട്ടേരിക്കുന്ന് ഭാഗങ്ങളിലേക്ക് ശുദ്ധലവിതരണപദ്ധതി വ്യാപിപ്പിക്കുക. പൊതു ടാപ്പുകൾ സ്ഥാപിക്കുക. വീടുകളിൽ വാട്ടർ കണക്ഷൻ നൽകുക. പൊതുകിണർ നിർമ്മിക്കുക.
X	നാഗത്താൻകുന്ന്, വാളാടങ്ങാടി, എടത്തന ഭാഗങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.	വാർഡിൽ KWAയുടെ ജലവിതരണപദ്ധതി ഏർപ്പെടുത്തുക. നാഗത്താൻകുന്ന് ഭാഗങ്ങളിൽ കൂടുതൽ കിണറുകളും കുഴൽ കിണറുകളും സ്ഥാപിക്കുക.
XI	ശിവഗിരിക്കുന്ന്, അമ്പലക്കൊല്ലി, തിണ്ടുമ്മൽ, വിമലാനഗർ പ്രദേശങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നു.	KWAയുടെ ജലവിതരണ പൈപ്പ്ലൈൻ കൂടുതൽ പ്രദേശങ്ങളിലേക്ക് നീട്ടി പൊതുടാപ്പുകളും ഹൗസ് കണക്ഷനുകളും നൽകുക. കൂടുതൽ പൊതുകിണറുകൾ നിർമ്മിക്കുക.
XII	മക്കിമല, കൈതക്കൊല്ലി, മേലേതലപ്പുഴ, താഴെ തലപ്പുഴ, കുറിച്യകോളനികൾ, ഹൈസ്കൂൾ, കാപ്പിക്കളം, തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.	മക്കിമലയിൽ നിലവിലുള്ള ടാങ്ക് റിപ്പയർ ചെയ്ത് കൈതക്കൊല്ലി, പൊയിൽ, പീടികക്കുന്ന് എന്നീ പ്രദേശങ്ങളിലേക്ക് ജലവിതരണം നടത്തുക. സരോജ എസ്റ്റേറ്റിലെ വെള്ളച്ചാട്ടത്തിൽ നിന്നും ജലം പൈപ്പ് വഴി വിതരണം ചെയ്യുക. 44-ാം മൈൽ താഴെക്കുന്ന്, എസ്.സി. സങ്കേതം ഹൈസ്കൂൾ കാപ്പിക്കളം എന്നീ പ്രദേശങ്ങളിൽ പൊതുകിണറുകൾ നിർമ്മിക്കുക.
XIII	കമ്പനിക്കുന്ന്, ചെറുപുഷ്പഗിരി, പേര്യ 19, കാപ്പാട്ടിമല എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.	KWAയുടെ ശുദ്ധജലവിതരണ പദ്ധതി വാർഡിൽ വ്യാപൃതമാക്കുക. കമ്പനിക്കുന്നിലെ പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യുക. കൂടുതൽ പൊതുകിണറുകൾ നിർമ്മിക്കുക.

ആരോഗ്യം

1970 വരെ പഞ്ചായത്തിലെ ആരോഗ്യ രംഗം ഏതാനും നാട്ടുവൈദ്യന്മാരെയാണ് ആശ്രയിച്ചിരുന്നത്. അതുവരെ പറയത്തക്ക ആരോഗ്യ സ്ഥാപനങ്ങളൊന്നും പഞ്ചായത്തിൽ ഇല്ലെന്ന് പറയാം. 1959ൽ പോരൂർ ഗവഃ ആയുർവേദ ഡിസ്പെൻസറി സ്ഥാപിതമായി. തുടർന്ന് പേര്യ 39ൽ ഒരു അലോപ്പതി ഡിസ്പെൻസറി നിലവിൽ വന്നു. എങ്കിലും വളരെക്കാലം അവിടെ ഒരു സ്ഥിരം ഡോക്ടർ നിലവിലുണ്ടായിരുന്നില്ല. ഇപ്പോൾ രണ്ടുവർഷമായി ഇത് ഒരു കമ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തപ്പെടുകയും അഞ്ച് ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെയും തസ്തികകൾ അനുവദിക്കുകയും ചെയ്തുവെങ്കിലും ഇപ്പോൾ ഒരു ഡോക്ടർ മാത്രമേ ഈ സ്ഥാപനത്തിലുള്ളൂ. പത്ത് ബെഡ്ഡുള്ള ഈ സ്ഥാപനത്തിൽ ഒരു ഡോക്ടറുടെ സേവനം തീരെ അപര്യാപ്തമാണ്. അതുകൊണ്ടു തന്നെ ഇദ്ദേഹത്തിന് മറ്റ് സബ്സെൻററുകളിൽ പോകാനോ രോഗികളെ ചികിത്സിക്കാനോ സാധിക്കുന്നില്ല. ഒഴിവുള്ള മറ്റ് തസ്തികകളിലേക്ക് ഉടൻ തന്നെ ഡോക്ടർമാരെ നിയമിക്കേണ്ടിയിരിക്കുന്നു.

തലപ്പുഴ എസ്റ്റേറ്റ് വക ഒരു ആശുപത്രി ഉണ്ടെങ്കിലും അവിടുത്തെ തൊഴിലാളികൾക്ക് മാത്രമേ ഈ ആശുപത്രിയുടെ സേവനം ലഭിക്കുന്നുള്ളൂ. പഞ്ചായത്തിൽ ആകെ എട്ട് സബ് സെൻററുകൾ ഉണ്ടെങ്കിലും മിക്ക സെൻററുകളുടെയും പ്രവർത്തനം വളരെ ശോചനീയമാണ്. പഞ്ചായത്തിൽ നാലാം വാർഡിലെ കാട്ടിമൂലയിൽ സ്വകാര്യമേഖലയിൽ ഒരു അലോപ്പതി ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. ആദിവാസി വിഭാഗത്തിൽപെട്ട പാരമ്പര്യ വൈദ്യന്മാരും പഞ്ചായത്തിൽ ചികിത്സാരംഗത്ത് സേവനം നടത്തുന്നുണ്ട്.

വാളാട് ആസ്ഥാനമായി നടത്തിവരുന്ന സെൻറർ ഫോർ ട്രൈബൽ മെഡിസിൻ എന്ന സ്ഥാപനത്തിൻെറ മേധാവി കൂടിയായ അച്ചപ്പൻ വൈദ്യർ ഇവരിൽ പ്രധാനിയാണ്. ഈ സ്ഥാപനം വഴി വംശീയ വൈദ്യശാസ്ത്രത്തെ സംബന്ധിച്ച് അച്ചപ്പൻ വൈദ്യർ പരിശീലനം നൽകുന്നുണ്ട്. കിർത്താഡ്സ് എന്ന സംഘടനയുടെ നേതൃത്വത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. കേരള സർക്കാർ പ്രൊഫസർ സ്ഥാനം നൽകി അച്ചപ്പൻ വൈദ്യരെ ആദരിച്ചിട്ടുണ്ട്.

വയനാട്ടിൽ പഴയ കാലത്തുണ്ടായിരുന്ന പൊട്ടി, അഞ്ചാംപനി, മലമ്പനി, ഒന്നിരാടൻ പനി, കുലുക്കൻ പനി എന്നീ രോഗങ്ങൾ ഇപ്പോൾ തീർത്തും അപ്രത്യക്ഷമായിരിക്കുന്നു. ഹോമിയോ ചികിത്സാരംഗത്ത് പഞ്ചായത്തിൽ ഒരു സ്ഥാപനം പോലുമില്ല. ആയുർവേദം, അലോപ്പതി എന്നീ രംഗങ്ങളിൽ പഞ്ചായത്തിലുള്ള സ്ഥാപനങ്ങൾ ചികിത്സാരംഗത്ത് വളരെ അപര്യാപ്തമാണ്. വിഷചികിത്സാരംഗത്ത് ഈ പഞ്ചായത്തിൽ ഒരു സ്ഥാപനവുമില്ല. പാരമ്പര്യമായി വിഷചികിത്സ നടത്തുന്ന വൈദ്യന്മാരുടെ സേവനവും ദുർലഭമായേ പഞ്ചായത്തിൽ ലഭിക്കുന്നുള്ളൂ. 1995-96 വർഷത്തിൽ പോരൂർ ഗവഃ ആയുർവേദ ഡിസ്പെൻസറിയിൽ 177 വിഷബാധിതർക്ക് ചികിത്സ നൽകിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 1995-96 വർഷത്തിൽ 4288 പകർച്ചവ്യാധികളും 12,037 വാതരോഗങ്ങളും 1533 ത്വക്ക് രോഗങ്ങളും 13,952 മറ്റുരോഗങ്ങളും റിപ്പോർട്ടു ചെയ്യപ്പെടുന്നു. 1995-96ലെ കണക്കനുസരിച്ച് പഞ്ചായത്തിലെ സ്ഥായിയായ രോഗബാധിതരുടെ കണക്ക് താഴെ ചേർക്കുന്നു.

രക്തസമ്മർദ്ദം - 8121
പ്രമേഹം - 425
ക്യാൻസർ- 4
കുഷ്ഠം - 1
ക്ഷയം - 410
ഹൃദ്രോഗം - 30

ഗ്രാമസഭകൾ മുഖേന വാർഡുകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഒരു സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കുക വഴി രോഗവിമുക്തവും ആരോഗ്യസമ്പൂർണ്ണവുമായ ഒരു മാതൃകാ പഞ്ചായത്ത് നേടിയെടുക്കലാണ് നമ്മുടെ ലക്ഷ്യം.

സ്ഥാപനങ്ങളും സേവനങ്ങളും

കമ്യൂണിറ്റി ഹെൽത്ത് സെൻറർ - 1
സബ് സെൻററുകൾ - 8
ഗവഃ ആയുർവേദ ഡിസ്പെൻസറി - 1

ഇവയിലെല്ലാം കൂടി 42 ജീവനക്കാരുണ്ട്. സബ് സെൻററുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ആയുർവേദ രംഗത്തും അലോപ്പതിയിലും ഗവഃ മേഖലയിൽ

ഓരോ ഡോക്ടർമാർ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. കൂടുതൽ ഡോക്ടർമാരെ നിയമിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ഒരു വലിയ വിഭാഗം രോഗികൾ അകലെ മാനന്തവാടി പട്ടണത്തിൽ ഉള്ള ജില്ലാ ആശുപത്രിയെയും പ്രൈവറ്റ് ആശുപത്രിയെയും ആണ് ആശ്രയിക്കുന്നത്. കാരണം ഈ പഞ്ചായത്തിൽ സേവനരംഗത്ത് ആവശ്യമായ ഡോക്ടർ ഇല്ലെന്നതുതന്നെ. ഗവൺമെൻറ് മേഖല വിട്ട് സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളെ സമീപിക്കുവാൻ ജനങ്ങളിൽ പൊതുവെ താല്പര്യം വർദ്ധിച്ചുവരുന്നതായി കാണുന്നു. ആരോഗ്യസംരക്ഷണ കാര്യത്തിൽ മരുന്നോളം തന്നെയോ ഒരുവേള കൂടുതലായോ പ്രാധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമുണ്ട്. എന്നാൽ ഫീൽഡ് വർക്കർമാരിൽ ഭൂരുപക്ഷം പേരിലും കാണുന്ന നിഷ്ക്രിയത്വം ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. പൊതു ആരോഗ്യകേന്ദ്രങ്ങൾ ഉപയോഗിക്കുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയ്ക്ക് കാരണം ഇതുതന്നെയാണ്. അതിനാൽ ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ പ്രധാനമായും വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 27% വീടുകൾക്ക് മാത്രമേ ഏതെങ്കിലും തരത്തിലുള്ള കക്കൂസുകളുള്ളൂ. 73% വീടുകളിലും കക്കൂസ് ഇല്ല. വിരശല്യം, വയറിളക്കം തുടങ്ങിയ രോഗങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്നതിൻെറ കാരണമിതാണ്. കക്കൂസ് മുഴുവൻ വീടുകളിലും നിർമ്മിക്കുവാനുള്ള മാസ്റ്റർപ്ലാൻ തന്നെ തയ്യാറാക്കേണ്ടിയിരിക്കുന്നു.

വ്യവസായവത്കരണം, കുറഞ്ഞ പ്രദേശമായതുകൊണ്ട് പഞ്ചായത്തിൽ പരിസരമലിനീകരണം ഗുരുതരമല്ല. എന്നിരുന്നാലും മിക്ക ഗ്രാമസഭകളിലും പരിസര ശുചീകരണത്തിൻെറ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്താസ്ഥാനമായ തലപ്പുഴയിലെ പരിസരമലിനീകരണത്തെ കുറിച്ചാണ് ഗ്രാമസഭയിൽ ഗുരുതരമായ പരാമർശമുണ്ടായത്.

ടൗൺ ശുചീകരണത്തിനായി പഞ്ചായത്ത് വക ഒരു പാർട്ട് ടൈം ജീവനക്കാരനേ ഉള്ളൂ. ടൗണിലെ അഴുക്കുചാൽ വൃത്തികേടായി കിടക്കുന്നു. PWD തലപ്പുഴ ടൗണിൽ ടെണ്ടർ ചെയ്ത ഓവുചാൽ പദ്ധതിയുടെ നിർമ്മാണം തീരാത്തതാണ് ഇതിന് കാരണമെന്ന് പറയപ്പെടുന്നത്. മത്സ്യ മാർക്കറ്റിന് കെട്ടിടമുണ്ടാക്കിയിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല. അടിയന്തിരമായും ഇതിൻെറ കേടുപാടുകൾ തീർത്ത് മത്സ്യമാംസ വിൽപ്പന മാർക്കറിലേക്ക് മാറ്റേണ്ടിയിരിക്കുന്നു. ടൗണിൽ ചപ്പുചവറുകൾ നിക്ഷേപിക്കാൻ കുപ്പത്തൊട്ടികൾ സ്ഥാപിക്കേണ്ടതാണ്. ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന ആരോഗ്യപ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും താഴെ പറയുന്ന പ്രകാരം ക്രമപ്പെടുത്താവുന്നതാണ്.

റോഡരുകിൽ മത്സ്യ-മാംസ വില്പന നടത്തുന്നസമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്. വില്പന നടത്തുന്ന മത്സ്യത്തിൻെറയും മാംസത്തിൻെറയും ഗുണ നിലവാര പരിശോധനയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ച് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പഞ്ചായത്താസ്ഥാനത്ത് ഒരു അറവുശാല സ്ഥാപിച്ച് പരിശോധനാ വിധേയമാക്കിയ മൃഗങ്ങളെ മാത്രം അറുത്ത് വിൽക്കുവാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

വീടുകളിൽ നിന്നും അഴുക്കുചാൽ റോഡിൽ ഒഴുക്കുന്നത് തടയണം.

പഞ്ചായത്തിൽ മൂന്നുനാലു സ്ഥലങ്ങളിൽ പൊതുശൗചാലയം നിർമ്മിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ വാർഡുകളിൽ നിന്നും ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്ന പ്രധാന ആരോഗ്യ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

I	വാർഡിൽ ധാരാളം വീടുകളിൽ കക്കൂസുകളില്ല. തലപ്പുഴയിൽ പൊതുമൂത്രപ്പുരയും കക്കൂസുമില്ല. ടൗണിലെ ഓവുചാൽ വൃത്തിയാക്കുന്നില്ല. അതിനാൽ കൊതുകുകൾ പെരുകി രോഗകാരണമായിത്തീരുന്നു. മത്സ്യമാംസ വില്പന ടൗണിൽ റോഡരുകിൽ നടക്കുന്നു. ഇത് മാലിന്യവും ദുർഗന്ധവും പരത്തുന്നു. തലപ്പുഴ ടൗണിലെ പൊതുകിണർ ഉപയോഗയോഗ്യമല്ല. പൈപ്പുജലവും ലഭ്യമല്ല. ടൗണിൽ ചികിത്സാ സ്ഥാപനങ്ങൾ ഒന്നുമില്ല.	വാർഡിൽ കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് കക്കൂസുകൾ നിർമ്മിക്കുക. തലപ്പുഴ ടൗണിൽ പൊതുമൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക. ടൗൺ വൃത്തിയാക്കുവാൻ പഞ്ചായത്തുവക ആവശ്യമായ ജീവനക്കാരെ നിയമിക്കുക. ടൗണിൽ പണി കഴിഞ്ഞ മത്സ്യമാംസ മാർക്കറ്റ് ഉപയോഗപ്പെടുത്തുക. അറവുമൃഗങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കുക. ടൗണിൽ പൊതുടാപ്പുകൾ നിർമ്മിച്ച് ജലവിതരണം നടത്തുക. തലപ്പുഴയിൽ ആയുർവേദം, അലോപ്പതി എന്നീ മേഖലകളിൽ ഓരോ ആശുപത്രികൾ സ്ഥാപിക്കുക. തലപ്പുഴ പരിസരത്ത് ഒരു പൊതുശ്മശാനം നിർമ്മിക്കുക.
II	കണ്ണോത്തുമലയിലെ സബ്സെൻറർ കെട്ടിടം കേടുവന്ന നിലയിലാണ്. വാർഡിൽ ചികിത്സാ സ്ഥാപനങ്ങൾ ഇല്ല.	കണ്ണോത്തുമലയിലെ സബ്സെൻറർ കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനം കാര്യക്ഷമമാക്കുക. ഈ സ്ഥാപനം PHCആയി ഉയർത്തി മരുന്ന് നൽകുവാനുള്ള സൗകര്യം ഉണ്ടാക്കുക. വാർഡിൽ കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കുക.
III	വാർഡിൽ ഒരു സബ് സെൻറർ ഇല്ല. ആരോഗ്യകാര്യങ്ങളിൽ ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല. പല വീടുകളിലും കക്കൂസ് ഇല്ല.	വാർഡിൽ ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. മാസത്തിൽ ഒരു പ്രാവശ്യം ജനങ്ങളെ പ്രത്യേകിച്ച് സ്ത്രീകളെ വിളിച്ച് ആരോഗ്യകാര്യങ്ങളിൽ ബോധവൽക്കരണം നടത്തുക. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കുക.
IV	കുളത്താട സബ്സെൻററിൽ ഒരു ഡോക്ടറുടെ സേവനം ആവശ്യമാണ്. പോരൂർ ആയുർവേദ ഡിസ്പെൻസറിക്ക് കെട്ടിടമില്ല. കക്കൂസ് ഇല്ലാത്ത ധാരാളം വീടുകൾ വാർഡിൽ ഉണ്ട്.	കുളത്താട സബ് സെൻറർ ഡിസ്പെൻസറിയാക്കി ഉയർത്തി സ്ഥിരം ഡോക്ടറെ നിയമിക്കുക. പോരൂർ ഗവഃ ആയുർവേദ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തി പുതിയ കെട്ടിടം നിർമ്മിച്ച് കെട്ടിടം പ്രവർത്തന ക്ഷമമാക്കുക. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കുക. വീടുകളിൽ അടുക്കളയോട് ചേർന്ന് കംപോസ്റ്റ് കുഴി നിർമ്മിക്കുക.
V	വാർഡിൽ ഹെൽത്ത് സെൻറർ ഇല്ല. വീടുകളിൽ കക്കൂസ് സൗകര്യം കുറവാണ്.	വാളാട് പുഴയ്ക്ക് അക്കരെ 5-ാം വാർഡിൽ ഒരു ഹെൽത്ത് സെൻറർ നിർമ്മിച്ച് ഒരു സ്ഥിരം ഡോക്ടറെ നിയമിക്കുക. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കുക.

VI	വാർഡിൽ ഒരു പൊതുശ്മശാനം ഇല്ല. ജനങ്ങൾക്ക് ആരോഗ്യത്തെപ്പറ്റി വേണ്ടത്ര ബോധമില്ല. വീടുകളിൽ ആവശ്യത്തിന് കക്കൂസുകൾ ഇല്ല.	വാർഡിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക. ആദിവാസി മേഖലകളിലെ ജനങ്ങൾക്ക് ആരോഗ്യകാര്യങ്ങളെ കുറിച്ച് വേണ്ടത്ര ബോധവൽക്കരണം നടത്തുക. വാർഡിൽ ഒരു കന്നുകാലി പൗണ്ട് നിർമ്മിക്കുക.
VII	വാർഡിൽ ആയുർവ്വേദ ഹോമിയോ ചികിത്സാ സൗകര്യങ്ങളില്ല. പേര്യ ടൗണിലെ പൊതുകിണർ ഉപയോഗയോഗ്യമല്ല. ടൗൺ ശുചീകരണം നടത്തുന്നില്ല.	പേര്യ 36ൽ ഒരു ആയുർവേദ ഡിസ്പെൻസറിയും ഒരു ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിക്കുക. ടൗണിലെ പൊതുകിണർ റിപ്പയർ ചെയ്യുക. ടൗണിൽ ഒരു പൊതുകക്കൂസും മൂത്രപ്പുരയും സ്ഥാപിക്കുക. ടൗൺ ശുചീകരണത്തിന് പഞ്ചായത്ത് ജീവനക്കാരെ നിയമിക്കുക.
VIII	വാർഡിൽ ഒരു ഡിസ്പെൻസറി ഇല്ല. സ്ഥിരം ഡോക്ടറില്ല. കുട്ടികളിൽ പ്രത്യേകിച്ച് ആദിവാസികളുടെ ഇടയിൽ പോഷകാഹാരക്കുറവു മൂലമുള്ള രോഗങ്ങൾ ഉണ്ടാകുന്നു. വാർഡിൽ ആയുർവേദ ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ ഇല്ല.	വാർഡിലെ സബ്സെൻററിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കാനുള്ള നടപടിയെടുക്കുക. വാർഡിൽ ആയുർവേദ, ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ ഏർപ്പെടുത്തുക. കുട്ടികളിൽ പോഷകാഹാരക്കുറവു മൂലമുണ്ടാകുന്ന രോഗങ്ങൾക്ക് ചികിത്സിക്കുകയും പോഷകാഹാരങ്ങൾ നൽകുകയും ചെയ്യുക.
IX	വാർഡിൽ ഒരു ഹെൽത്ത് സെൻറർ ഇല്ല. എസ്റ്റേറ്റ് മേഖലയിൽ തൊഴിലാളികളുടെ ഇടയിൽ ഉഷ്ണസംബന്ധമായ രോഗങ്ങൾ കണ്ടുവരുന്നു.	വാർഡിൽ 44-ാം മൈലിൽ ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. തൊഴിലാളികളിൽ കണ്ടുവരുന്ന ഉഷ്ണസംബന്ധമായ രോഗങ്ങൾക്ക് വേണ്ട ചികിത്സ നൽകുക.
X	വാളാട് അങ്ങാടിയിൽ ഒരു ചികിത്സാ സ്ഥാപനം ഇല്ല. വാർഡിൽ പഞ്ചായത്ത് വക പൊതു കക്കൂസും മൂത്രപ്പുരയും ഇല്ല. മിക്ക വീടുകളിലും കക്കൂസ് ഇല്ല. എടത്തന കോളനിക്കാർക്ക് ചികിത്സാ സൗകര്യം ഇല്ല.	വാർഡിലെ സബ്സെൻറർ ഒരു PHC ആയി ഉയർത്തി വേണ്ട ചികിത്സാ സൗകര്യവും ഒരു സ്ഥിരം ഡോക്ടരേയും ഏർപ്പെടുത്തുക. വാളാട് ടൗണിൽ ഒരു പൊതു കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിച്ചു കൊടുക്കുക. എടത്തന കോളനി കേന്ദ്രമായി ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക.
XI	വാർഡിൽ ഒരു ചികിത്സാ സ്ഥാപനമില്ല. മിക്ക വീടുകൾക്കും കക്കൂസ് ഇല്ല.	വാർഡിൽ വിമല നഗറിലെ സബ്സെൻറർ PHCആക്കി ഉയർത്തി സ്ഥിരം ഡോക്ടറെ നിയമിക്കുക. കക്കൂസ് ഇല്ലാത്ത വീടുകളിൽ സൗജന്യമായി കക്കൂസ് നിർമ്മിക്കുക.

XII	മക്കിമല, പുതിയിടം എന്നിവിടങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ ഇല്ല. മിക്ക വീടുകൾക്കും കക്കൂസ് ഇല്ല.	വാർഡിൽ മക്കിമലയിൽ ഒരു ഡിസ്പെസറി സ്ഥാപിക്കുക. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിക്കുക.
XIII	വാർഡിൽ വട്ടോളി ഭാഗത്ത് ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല. ആരോഗ്യ കാര്യങ്ങളിൽ ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല. വീടുകളിൽ കക്കൂസുകൾ ഇല്ല.	വട്ടോളിയിൽ ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. ജനങ്ങൾക്ക് ആരോഗ്യകാര്യങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തുക. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കുക.

പഞ്ചായത്ത് തലത്തിൽ പ്രായോഗികമാക്കാവുന്ന ചില നിർദ്ദേശങ്ങൾ

1. യോഗാ കേന്ദ്രം – പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിന്, യോഗാഭ്യാസ പരിശീലനത്തിന് സഹായകമാകുന്നവിധത്തിൽ ഒരു യോഗ പരിശീലനാ കേന്ദ്രം പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. ജനങ്ങളുടെ കായികപരവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുവാൻ ഇത് സഹായകമാവും.

2. കായിക മത്സരങ്ങൾ – പഞ്ചായത്തിലെ ഓരോ വാർഡിലും വർഷത്തിലൊരിക്കൽ കുട്ടികൾക്കും യുവാക്കൾക്കും കായിക മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനം നൽകുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

3. വയോജന ആരോഗ്യകേന്ദ്രം – സമൂഹത്തിലെ മുഖ്യ ആശ്രിത വിഭാഗമായ വൃദ്ധജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യാൻ പ്രത്യേക പരിശീലനം നേടിയ വിദഗ്ദ്ധരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസികവുമായ ഉയർച്ചയ്ക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.

4. ഹെൽത്ത് കാർഡ് സംവിധാനം – ചികിത്സാ രംഗത്ത് വളരെയേറെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ് സംവിധാനം. ചികിത്സക്കെത്തുന്ന രോഗികളുടെ പൂർവ്വ ചരിത്രവും മുൻകാലങ്ങളിൽ അവർക്കുണ്ടായിട്ടുള്ള രോഗ വിവരങ്ങളും അറിയുന്നത് രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കാൻ സഹായിക്കുന്നു. ഓരോരുത്തരുടേയും രക്ത ഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങളും കാർഡിൽ രേഖപ്പെടുത്തിയിരിക്കണം.

5. പാരമ്പര്യ വൈദ്യ മേഖല –ചികിത്സാ രംഗത്ത് ഫലപ്രദമായി അനുഭവപ്പെടുന്ന പാരമ്പര്യ ചികിത്സാരീതി പ്രോൽസാഹിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. ഇതിനായി വളരെ അപൂർവ്വമായി കാണുന്ന പച്ചമരുന്നുകൾ മനസ്സിലാക്കി അവ കൃഷി ചെയ്തു വളർത്തുവാൻ വേണ്ട പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. വാളാട് കേന്ദ്രമാക്കി ഒരു വംശീയ ചികിത്സാ പഠന കേന്ദ്രം നടത്തുന്നുണ്ടെങ്കിലും ഇതിൻെറ പ്രയോജനം പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കേണ്ടതാണ്.

6. സ്കൂൾ ആരോഗ്യ പരിപാടി – വളരെ ചെറിയ കുട്ടികളായിരിക്കുമ്പോൾ തന്നെ അവരുടെ ആരോഗ്യ പരിപാലനത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. നേഴ്സറി വിദ്യാലയങ്ങൾ മുതൽ തന്നെ കുട്ടികൾക്ക് ശുചിത്വത്തെ കുറിച്ചുള്ള ബോധം നൽകേണ്ടതാണ്.

സ്കൂൾ സിലബസിൽ തന്നെ ആരോഗ്യ വിദ്യാഭ്യാസം ഉൾപ്പെടുത്തേണ്ടതാണ്. വർഷത്തിൽ ചുരുങ്ങിയത് രണ്ട് പ്രാവശ്യമെങ്കിലും ഡോക്ടർമാരും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥൻമാരും വിദ്യാലയങ്ങളിൽ വന്ന് കുട്ടികളുടെ ആരോഗ്യ പരിശോധന നടത്തി ആവശ്യമായ ചികിത്സ നൽകേണ്ടതാണ്. കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങളും രക്ത ഗ്രൂപ്പ് തുടങ്ങിയ മറ്റ് ആരോഗ്യ കാര്യങ്ങളും രേഖപ്പെടുത്തിയ ഹെൽത്ത് കാർഡുകൾ കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതാണ്. പോഷകാഹാര കുറവുള്ളവരെ കണ്ടുപിടിച്ച് പ്രത്യേകം ചികിത്സിക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക് ആരോ

ഗൃ കാര്യങ്ങളിൽ ബോധവൽക്കരണം നടത്തുവാൻ വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും രക്ഷിതാക്കൾ ഉൾപ്പെട്ട സദസ്സിൽ പ്രശ്നം ചർച്ച ചെയ്യേണ്ടതാണ്.

മേൽകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി രോഗവിമുക്തമായ ഒരു മാതൃകാ പഞ്ചായത്തായി തവിഞ്ഞാൽ പഞ്ചായത്തിനെ വളർത്തിയെടുക്കുവാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

പാർപ്പിടവും സാമൂഹ്യക്ഷേമവും

തവിഞ്ഞാൽ പഞ്ചായത്തിലെ ബഹുഭൂരി പക്ഷവും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. 70%ൽ അധികം ഭൂമി കുന്നിൻ പ്രദേശമായതിനാൽ വീട് നിർമ്മിക്കുന്നതിനു തറ നിരപ്പാക്കാൻ വേണ്ടി മാത്രം ഭവനനിർമ്മാണ വായ്പയുടെ ഭൂരിഭാഗവും ചെലവഴിക്കേണ്ടി വരുന്നു.

ഈ പഞ്ചായത്തിൽ ഭവന നിർമ്മാണത്തി നാവശ്യമായ ഇഷ്ടിക ചെറിയ തോതിൽ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്നുണ്ട്. മര ത്തിന്റെ ലഭ്യതക്കുറവും താങ്ങാനാവാത്ത വിലയും നൽകേണ്ടി വരുന്നത് നിർമ്മാണത്തിനാവ ശ്യമായ വിഭവങ്ങൾ നിർമ്മാണ സ്ഥലത്തെത്തിക്കു വാൻ റോഡുകളുടെ അപര്യാപ്തതയും നിർമ്മാണ പ്രതിസന്ധിക്ക് കാരണമാകുന്നു. പുതുതായി നിർമ്മിക്കുന്ന ചില വീടുകൾ ലക്ഷങ്ങൾ മുടക്കി ആർഭാടമായി നിർമ്മിക്കുന്ന പ്രവണത പഞ്ചായ ത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്നു.

പഞ്ചായത്ത് മൊത്തത്തിൽ ഭൂരിഭാഗം വീടുകളുടെയും അവസ്ഥ അത്രയേറെ ആശാവഹമ ല്ല. പഞ്ചായത്തിൽ ഇപ്പോൾ നികുതിയടയ്ക്കുന്ന കണക്കുകളും പ്രാഥമിക സ്ഥിതിവിവര കണക്കു കളും അനുസരിച്ച് 2050 ചെറുകിട വീടുകളാണ്. 1100 കുടുംബങ്ങൾ ഭവനരഹിതരുമാണ്. കൂടാതെ ഭൗതിക സാഹചര്യങ്ങൾ പരിഗണിച്ചാൽ 60% ത്തോളം വീടുകൾ അടിയന്തരമായി മാറ്റങ്ങൾ ആവശ്യമുള്ളവയാണ്. സർക്കാറിന്റെ വിവിധ സ്കീമുകളിലായി ആദിവാസികൾക്ക് വീടുകൾ പണിതു നൽകുന്നുണ്ടെങ്കിലും പണിയിലെ അപാകതകൾ മൂലം ഭൂരിഭാഗം വീടുകളും വാസയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു.

പ്രാഥമിക സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് 7444 കുടുംബങ്ങളിൽ 5682 കുടുംബങ്ങൾക്ക് കക്കൂസില്ല. ഇത് ഏകദേശ കുടുംബങ്ങളുടെ 74%ത്തോളം വരും.

ഈ പഞ്ചായത്തിൽ മേൽ കണക്കുകൾ പ്രകാരം ഭവനരഹിതരായി 995 കുടുംബങ്ങൾ ഉണ്ട്. വിവിധ ഏജൻസികൾ മുഖേന പഞ്ചായ ത്തിൽ നിർമ്മിച്ച വീടുകളുടെ എണ്ണം പരിമിതമാ

വാർഡ്നമ്പർ	കോൺക്രീറ്റ്	ഓട്	ഓല-പുല്ല്	കുടിൽ	സ്വന്തമായി വീടില്ലാത്തവർ
1	43	490	47	30	153
2	20	316	72	58	22
3	39	266	99	75	97
4	22	403	95	43	27
5	12	349	169	44	55
6	34	323	144	73	318
7	13	227	66	44	16
8	88	295	139	59	34
9	8	285	27	73	73
10	47	300	98	90	37
11	12	434	80	81	99
12	25	328	83	37	26
13	15	286	137	116	38
ആകെ	268	4302	1256	823	995

ണ്.

തവിഞ്ഞാൽ പഞ്ചായത്തിൽ ഭവന നിർമ്മാണരംഗത്ത് മാത്രമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഒന്നുമില്ല. മാനന്തവാടി താലൂക്ക് ഹൗസിങ്ങ് ബോർഡ് കാർഷിക വികസന ബാങ്ക് പനമരം എന്നിവ പഞ്ചായത്തിലെ ഭവന നിർമ്മാണരംഗത്ത് ജനങ്ങൾ ഉപയോഗപ്പെടുത്തുന്നു. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും സാധാരണ ജനങ്ങൾക്ക് താങ്ങാനാവാത്തതാണ്.

വിവിധ സ്കീം ഉപയോഗിച്ച് 1991 മുതൽ 95 വരെ പഞ്ചായത്തിലെ വിവിധ വാർ ഡുകളിൽ 356 വീടുകൾ അനുവദിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്.

വിവിധ സ്കീമുപയോഗിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വീടുകൾ 91-92 മുതൽ 356 എണ്ണമാണ്. ഇതു സൂചിപ്പിക്കുന്നത് ഭവന രഹിതരുമായി തട്ടിച്ചുനോക്കുമ്പോൾ ഇതുവരെ

അനുവദിച്ച വീടുകളുടെ കണക്കുകൾ

വർഷം	അനുവദിച്ച വീട്	JRY	MWS	IAY	United	മറ്റുള്ളവ
1991-92	18	13	–	2	3	–
1992-93	86	7	31	15	3	30
1993-94	81	22	25	2	2	30
1994-95	73	10	40	21	2	–
1995-96	107	15	–	65	2	25

നിർമ്മാണം പൂർത്തീകരിച്ച വീടുകൾ വളരെ അപര്യാപ്തമാണ്.

ഭവനനിർമ്മാണ ബോർഡുവഴി ദുർബല വിഭാഗങ്ങൾക്ക് നടപ്പിലാക്കിക്കൊ ണ്ടിരിക്കുന്ന ഭവനവായ്പ വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്. ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം കാരണവും കൂലി നിരക്കിലുണ്ടായ ക്രമാതീതമായ വർദ്ധനവും നിമിത്തം പാവപ്പെട്ട വന് വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായി തന്നെ അവശേഷിക്കുന്നു. ജനകീയ ആവശ്യങ്ങളിൽ വലിയ പ്രാധാന്യമുള്ള പാർപ്പിട പ്രശ്നം വളരെ അടിയന്തിരപ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്.

സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായ മില്ല്യൻവെൽ, ഐ.എ.വൈ., ജെ.ആർ.വൈ എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷം പദ്ധതികളുടെ വായ്പാപരിധിയും വർദ്ധിപ്പിക്കേണ്ടതാണ്. റവന്യൂ വകുപ്പ് പ്രകൃതി ക്ഷോഭത്താൽ വീടുനഷ്ടപ്പെട്ടവർക്കായുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ ഈ പഞ്ചായത്തിന് ലഭിക്കുന്നുണ്ടെങ്കിലും വളരെ തുച്ഛമായ തുകയാണ് ഇതിനായി അനുവദിക്കപ്പെടുന്നത്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റി നിർമ്മിക്കാനും ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായം കൊണ്ടും കാര്യമായി കഴിയില്ലെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. വാർഡുതലത്തിൽ ബൃഹത്തായ പദ്ധതിക്കു രൂപം നൽകിയാൽ മാത്രമേ ഇത് മാറ്റിയെടുക്കാൻ കഴിയൂ. പഞ്ചായത്തിൽ ഒരു തീവ്രഭവന നിർമ്മാണ പദ്ധതി പ്രകാരം ചുരുങ്ങിയ കുടുംബങ്ങൾക്ക് മാത്രമേ പഞ്ചായത്തുവഴി വീട് നിർമ്മിച്ചു നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ.

1980-ൽ വിദഗ്ദ്ധ തൊഴിലാളിക്ക് 40 രൂപയും അവിദഗ്ദ്ധ തൊഴിലാളിക്ക് 30 രൂപയുമായിരുന്നു കൂലിയെങ്കിൽ 1989-90ൽ യഥാക്രമം 75 രൂപയും 60രൂപയായും വർദ്ധിച്ചു. 1995-96ൽ ഇത് 125 മുതൽ 150 വരെയും 75മുതൽ 100 രൂപ വരെയും എത്തി നിൽക്കുന്നതായി കണക്കാക്കപ്പെടുമ്പോൾ സ്ത്രീ തൊഴിലാളികൾ പഞ്ചായത്തിൽ വിദഗ്ദ്ധതൊഴിലാളികളായി അറിയപ്പെടുന്നില്ല. ഒരേ മേഖലയിൽ പണിയെടുക്കുന്ന പുരുഷ തൊഴിലാളികളെക്കാൾ കുറവാണ് അതേ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ കൂലിനിരക്ക്. 1995-96ൽ സ്ത്രീകളുടെ കൂലി യഥാക്രമം 50 രൂപ മുതൽ 70 രൂപ വരെയാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമെൻറിന് 1987-88ൽ 70 രൂപയും 1989ൽ 100രൂപയും 1992-94ൽ 150 രൂപയും 1995-96ൽ 180രൂപ വരെ എത്തിനിൽക്കുന്നു. 1991ൽ ചുടുകട്ടയ്ക്ക് 1.50 രൂപ ആയിരുന്നത് 3.50 രൂപ വരെയായി ഉയർന്നിട്ടുണ്ട്. 1990-91 കാലയളവിൽ 1 Kg കമ്പിക്ക് 14 രൂപയായിരുന്നത് 1996ൽ 19 രൂപയായി നിൽക്കുന്നു. 1995ൽ ഒന്നാംതരം ഓടിന് 4.50രൂ ആയിരുന്നത് 1996-ൽ 6 രൂപയായി വർദ്ധിച്ചു. മേൽകണക്കുകൾ സൂചിപ്പിക്കുന്നത് കെട്ടിടനിർമ്മാണത്തിനുള്ള ഭാരിച്ച ചിലവുകളാണ്. ഇതിന് സർക്കാർ ഏജൻസികൾ മുഖേന ലഭിക്കുന്ന തുക അപര്യാപ്തമാണ്. പഞ്ചായത്തിൽ 133.5 ST കോളനികളാണ് ഉള്ളത്. ഇവരുടെ വീടുകളുടെ നില വളരെ അപര്യാപ്തമാണ്. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കുറേ ഏറെ വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യത്തിന് ലഭിക്കുന്നില്ല.
2. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം
3 പഞ്ചായത്ത് തല ഹൗസിംഗ്സൊസൈറ്റികളുടെ അഭാവം
4. വായ്പയുടെ അപര്യാപ്തതയും അമിതമായ പലിശയും.

സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണത്തിന് സഹകരണസംഘം രൂപീകരിച്ച് വിതരണം നടത്തുക.
2. പഞ്ചായത്ത് തലത്തിൽവിദഗ്ദ്ധ തൊഴിലാളികൾക്ക് വേണ്ടി പരിശീലന കേന്ദ്രം സ്ഥാപിക്കുക. ഈ സ്ഥാപനത്തിൽ നിന്നും പരിശീലനം നേടുന്നവരെ കൊണ്ട് സർക്കാർ അനുവദിക്കുന്ന

വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

3. പഞ്ചായത്ത് തലത്തിൽ ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുകയും ഭവന രഹിതർക്ക് വായ്പ നൽകുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

4. IAY, M.W.S, JRY എന്നിവയിൽക്കൂടി നൽകുന്ന വായ്പാതുക കാലോചിതമായി വർദ്ധിപ്പിക്കുക.

5. രാജീവ് ദശലക്ഷം പദ്ധതിയുടെ തുക 50,000 ആയി ഉയർത്തുക.

6. റജിസ്റ്റർ ഓഫീസിലെ അമിത ഫീസ് നിർത്തലാക്കുക.

7. വായ്പാ തുക പഞ്ചായത്ത് വഴി വിതരണം ചെയ്യുക.

8. നിർമ്മാണചെലവ് 2 ലക്ഷത്തിനുമേൽ വരുന്ന വീടുകൾക്ക് നികുതി വർദ്ധിപ്പിക്കുക, ഉയർന്ന പലിശ നിരക്ക് കുറയ്ക്കുക.

9 . കോളനികളുടെ നിർമ്മാണ ചുമതല സന്നദ്ധ സംഘടനകളെ ഏല്പിക്കുക.

10. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

തവിഞ്ഞാൽ പഞ്ചായത്തിലെ ഭവന രഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ അവർക്ക് ആദ്യമായി ഭൂമി ലഭിക്കേണ്ടതാണ്. ഭൂമിയില്ലാത്തവർക്ക് പഞ്ചായത്തിൽ വിവിധഭാഗങ്ങളിൽ ഉള്ള മിച്ചഭൂമിയും സർക്കാർ പുറമ്പോക്ക് ഭൂമിയും ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഇതിനായി സന്നദ്ധ സംഘടനകളുടെയും ഗുണഭോക്താക്കളുടെയും സേവനം പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. കോളനികളുടെ പാർപ്പിട പ്രശ്നം വളരെ സങ്കീർണ്ണമാണ്. ഈ കോളനികളിലുള്ള കൊച്ചുവീടുകളിൽ ആളുകൾ തിങ്ങി നിറഞ്ഞിരിക്കുന്ന അവസ്ഥയാണ് ഉള്ളത്. വീടുകൾ തൊട്ടുകിടക്കുന്നതും പ്രാഥമിക സൗകര്യമില്ലാത്തതുമാണ് കാരണം. ഇത് പരിഹരിക്കേണ്ടിയിരിക്കുന്നു. സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ ഭവനരഹിതരുള്ളത് 6,1,3 വാർഡുകളിലാണ്. ഈ വാർഡുകളിലെ പാർപ്പിട പ്രശ്നങ്ങളിലേക്ക് അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. മേൽപ്രശ്നങ്ങൾ അടുത്ത വർഷങ്ങൾ കൊണ്ടെങ്കിലും നമുക്ക് പരിഹരിക്കാൻ ശ്രമിക്കാം. അതിന്റെ ലക്ഷ്യപ്രാപ്തിക്കായി നമുക്ക് കൂട്ടായി ഒന്നിക്കാം. ഗ്രാമപുനരുദ്ധാരണത്തിന് മഹാത്മാഗാന്ധിയുടെ സന്ദേശം സഫലമാകട്ടെ.

സാമൂഹ്യക്ഷേമം

പരിഷ്കൃത സമൂഹം ഏറ്റവും വലിയ മുൻഗണന ആഗ്രഹിക്കുന്ന ഒരു മേഖലയാണ് സാമൂഹ്യക്ഷേമരംഗം. മാനുഷികമായ വീക്ഷണത്തിലും ഈ സമീപനം ശരിയാണ് അടുത്ത കാലത്തായി എല്ലാ ഗവൺമെൻറുകളും പ്രത്യാല്പാദനപരമല്ലാത്ത സാമൂഹ്യക്ഷേമ മേഖലയ്ക്ക് മുൻഗണന നൽകുന്നു. ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിലെ ഇതുവരെ ഉള്ള പ്രവർത്തനങ്ങൾ അത്രയേറെ ആശാവഹമല്ല.

പേര്യ, വാളാട്, തവിഞ്ഞാൽ എന്നീ വില്ലേജുകൾ ചേർന്നതാണ് തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്. ഇവിടെയുള്ള ജനങ്ങളുടെ ഉപജീവനമാർഗ്ഗം പ്രധാനമായും കൃഷിയെ ആശ്രയിച്ചുള്ളതാണ്. സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള വിവിധ ക്ഷേമപദ്ധതികളുമാണ് ഇപ്പോൾ നിലവിലുള്ളത്. ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനം ഈ പഞ്ചായത്തിൽ കാര്യക്ഷമമല്ല. അർഹതപ്പെട്ട ധാരാളം ആളുകൾ വിവിധ ക്ഷേമനിധികളിൽ അംഗങ്ങൾ ആകേണ്ടതുണ്ട്.

വിവിധയിനം പെൻഷനുകൾ മാസങ്ങളായി മുടങ്ങിക്കിടക്കുന്നു. വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ മുതലായവയിൽ അർഹതയുള്ള ആളുകളിലേക്ക് ഇനിയും എത്തിക്കേണ്ടതുണ്ട്. വിശാലമായി കിടക്കുന്ന ഈ പഞ്ചായത്തിൽ സാമ്പത്തിക സഹായത്തെ കുറിച്ചുള്ള അജ്ഞത ജനങ്ങളിൽ തങ്ങി നിൽക്കുന്നു. ബോധവൽക്കരണത്തിലൂടെ മാത്രമേ ഇതിന് മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നിലവിലുള്ള IRDP ലിസ്റ്റിൽ വരേണ്ട അർഹതപ്പെട്ടവർ ഇനിയും ബാക്കിയുണ്ട്. IRDPഅംഗങ്ങൾ ആയാൽ ഉണ്ടാകുന്ന നേട്ടങ്ങളെയും പ്രാധാന്യത്തെയും കുറിച്ച് ഇനിയും ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ഉദ്യോഗസ്ഥരുടെ അനാസ്ഥ ഒരു പരിധി വരെ ഇതിനു കാരണമാണ്. ഇന്ന് നിലവിലുള്ളപല പദ്ധതികളുടെയും അപര്യാപ്ത വളരെ പ്രകടമാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ലഭിക്കായ്മ, ഉദ്യോഗസ്ഥതലത്തിലുള്ള പ്രതിബദ്ധത കുറവ് ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തുപറയേണ്ടതാണ്.

IRDPയിൽ ഉൾപ്പെട്ടവർക്കുള്ള ധനസഹായവും വായ്പാ പദ്ധതിയും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് മാനന്തവാടി ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസിന് കീഴിലുള്ള തവിഞ്ഞാൽ പേര്യ വില്ലേജ് എക്സ്റ്റൻഷൻ സർക്കിളുകൾ മുഖേനയാണ്. 1995ലെ IRDPസർവെ പ്രകാരം 5383 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. ഇതിൽ SC/ST കുടുംബങ്ങൾ ആണ് ഉള്ളത്. 1992ൽ 3585 കുടുംബങ്ങൾ ആയിരുന്നു. ദേശസാൽകൃത ബാങ്കുകൾ ഈ സ്കീമുകൾ അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനത കാണിക്കുന്നു. ബാങ്കുകൾ മൂലം ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സഹകരണ മേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണ ബാങ്കുകൾ വഴി ഈ മേഖലയിലെ ഗുണഭോക്താക്കളെ

കണ്ടെത്താൻ വർഷം തോറും സർവ്വെ നടത്തേണ്ടതാണ്. സഹകരണ ബേങ്കുകളിൽ പഞ്ചായത്തിലെ മുഴുവൻ അംഗങ്ങൾക്കും മെമ്പർഷിപ്പ് അനുവദിക്കാനുള്ള നടപടി ഉണ്ടാവേണ്ടതാണ്.

D.W.C.R.A.

സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A'യൂണിറ്റ്. സ്ത്രീകളുടെ കൂട്ടായ്മയോടെ പ്രവർത്തിക്കുന്ന സംഘടനകൾ പഞ്ചായത്തിൽ വിരളമാണ്. ഉള്ള സംഘങ്ങൾ ഒന്നും തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഈ യൂണിറ്റിന്റെ പ്രവർത്തനത്തെക്കുറിച്ച് സ്ത്രീകളിൽ അവബോധം വളർത്തേണ്ടതാണ്.

1994-95 മുതൽ 1995-96 വരെ ലഭ്യമായ കണക്കുകൾ പരിശോധിക്കുമ്പോൾ ലഭ്യമായ ധനസഹായവും സ്ത്രീ പ്രാതിനിധ്യവും കുറഞ്ഞുവരുന്നതായി കാണുന്നു. ധനസഹായം ലഭിച്ച യൂണിറ്റുകളൊന്നും തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സ്ത്രീകളെ ഈ മേഖലയിലേക്ക് തിരിച്ചു കൊണ്ടുവരുവാനും പദ്ധതിയുടെ ഗുണവശത്തെപ്പറ്റി ബോധവല്ക്കരണം നടത്തി സംഘം ചേർന്ന് പദ്ധതികൾ ആരംഭിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിൽ ഈ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

DWCRA സഹായം ലഭ്യത സ്ഥലങ്ങൾ

സ്ഥലം	തൊഴിൽ ഇനം	വർഷം	SC/ST	മറ്റുള്ളവ	ആകെ
വരയാൽ	ഡയറി	1984-85	3	15	18
അയിനിക്കൽ	ബാംബൂ വർക്സ്	1986-87	15	—	15
താഴെ വേര്യ	ഡയറി	1986-87	3	12	15
പുതിയടം	ആട്യൂണിറ്റ്	1986-87	12	4	16
വിമലനഗർ	ഡയറി	1986-87	4	11	15
ഇരുമനത്തൂർ	പഴവർഗ്ഗ സംസ്കരണം	1987-88	15	15	
കൊളത്താട	ഡയറി	1992-93	—	13	13
കുറ്റിയോട്ട്	പച്ചക്കറി കൃഷി	1992-93	10	—	10
അമ്പലകൊല്ലി	ബനാന യൂനിറ്റ്	1993-94	5	5	10
തിണ്ടുമ്മൽ	ഡയരി	1994-95	1	8	9
ആലാറ്റിൽ	ഡയറി	1995-96	3	7	10

ട്രൈസം

18 വയസ്സു മുതൽ 35 വരെ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽപരിശീലനം നൽകുന്നതാണ് ട്രൈസം.

തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം ലഭ്യമായ വിവരം അനുസരിച്ച് 69 ആണ്. ഗ്രാമീണ യുവജനങ്ങൾക്ക് സ്വയം തൊഴിൽ

വർഷം	വിഷയം	ലഭിച്ചവരുടെ എണ്ണം
1990-91	സ്പിന്നിംഗ്, വീവിംഗ്, പ്രിൻറിംഗ്, കമ്പോസിംഗ്	47
1993-94	ഇലക്ട്രോണിക്സ് ആൻറ് കമ്പ്യൂട്ടർ	11
1995-96	നിർമ്മിതി, ഫോട്ടോഗ്രാഫി, ടൈപ്പ് റൈറ്റിംഗ്, ടൈലറിംഗ്, എംബ്രോയ്ഡറി	11
ആകെ		69

കണ്ടെത്തുന്നതിന് ഏറെ സാധ്യതയുള്ള ഈ സംരംഭത്തിന് പരിശീലനം ലഭിച്ചവരുടെ എണ്ണം കൂടുതൽ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പരിശീലനത്തിൽ ഇന്ന് നൽകുന്ന സ്റ്റൈപ്പൻറ് ഉയർത്തേണ്ടതുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ നൽകുന്ന ധനസഹായം വളരെ കുറവാണ്. തുക വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

റവന്യൂ വകുപ്പ് വഴി നൽകിവരുന്ന നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം 1000 രൂപയിൽ നിന്നും വർദ്ധിപ്പിക്കേണ്ടതാണ്. വിവിധ ക്ഷേമ പെൻഷനുകൾ നൽകുന്നതിനുള്ള വിവിധ തട്ടുകളിലുള്ള പഞ്ചായത്തുകളെ ഏൽപ്പിക്കുന്ന ചുമതല ത്വരിതപ്പെടുത്തേണ്ടതാണ്. ഇതിൽ ജില്ലാ, ബ്ലോക്ക്, പഞ്ചായത്തിൽ വിവിധ പെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം ലഭ്യമായ കണക്കുകൾ പ്രകാരം വളരെ പരിമിതമാണ്.

പെൻഷൻ അർഹതയുള്ള ധാരാളം ആളുകൾ

1996ലെ പെൻഷൻ ലഭിച്ചവരുടെ വിവരങ്ങൾ

വില്ലേജ്	വിധവ	വികലാംഗർ	വാർദ്ധക്യകാലപെൻഷൻ	ക്യാൻസർ
വാളാട്	10	9	8	——
തവിഞ്ഞാൽ	37	25	17	——
പേരിയ	35	26	9	1
ആകെ	82	60	34	1

ഈ പഞ്ചായത്തിലുണ്ട്. ഈ പട്ടിക അപര്യാപ്തമാണ്. സർവ്വെ നടത്തി അർഹരായവർക്ക് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിലില്ലായ്മാ വേതനം

പഞ്ചായത്തിൽ അനർഹമായി വേതനം കൈപ്പറ്റുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. അർഹതപ്പെട്ട അഭ്യസ്തവിദ്യർക്ക് വേതനം കിട്ടാത്ത അവസ്ഥയാണ്. 294 പേരാണ് ഈ പഞ്ചായത്തിൽ വേതനം കൈപ്പറ്റുന്നവരായിട്ടുള്ളത്. തൊഴിലില്ലായ്മാ വേതനം നൽകുന്നതിനുള്ള പരിധിയും, വരുമാനപരിധിയും ഉയർത്തേണ്ടതാണ്.

അംഗൻവാടികൾ

33135 ജനസംഖ്യയുള്ള തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിൽ 13 വാർഡുകളിലായി 32 അംഗൻവാടികളാണ് പ്രവർത്തിക്കുന്നത്. ഇന്നുള്ള അംഗൻവാടികളുടെ എണ്ണം J.I.D.Sന്റെ കണക്കിനോട് അടുത്ത് എത്തുമെങ്കിലും പഞ്ചായത്തിൽ ഇനിയും കൂടുതൽ അംഗൻവാടി കൾ അനുവദിക്കേണ്ടതാണ്. ഓരോ അംഗൻവാടിയിലും 80നും 160നും ഇടയിൽ കുട്ടികൾ ഉള്ളതായി സർവ്വെ സൂചിപ്പിക്കുന്നു. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യങ്ങൾ തൃപ്തികരമല്ല. സ്വന്തമായി കെട്ടിടങ്ങൾ ഉള്ളതും എന്നാൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുമായ പല സെൻററുകളും ഉണ്ട്. അഞ്ച് അംഗൻവാടികൾക്ക് നിലവിൽ കെട്ടിടമില്ല. അംഗൻ വാടി ജീവനക്കാരുടെ വേതനം കാലോചിതമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നതും ഇവരുടെ ജോലി ഭാരം കുറയ്ക്കേണ്ടതുമാണ്. 9 മുതൽ 3.30 വരെ അംഗൻവാടികളിലും 3.30 മുതൽ 4.30 വരെ ഗൃഹസന്ദർശനവും നടത്തേണ്ട ഇവരുടെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്. അംഗൻ വാടി വിദ്യാഭ്യാസം സാർവത്രികവും നിർബന്ധിതവുമാക്കി നിർത്തേണ്ടതുമാണ്.

അംഗൻവാടികളുടെ പേരുവിവരം

നമ്പർ	പേര്	അംഗൻവാടിയുടെ നമ്പർ
1	തിണ്ടുമ്മൽ	42
2	അമ്പലക്കൊല്ലി	43
3	കഴുക്കോട്ടൂർ	44
4	മുതിരേരി	45
5	യവനാർകുളം	46
6	ആറോല	47
7	പുത്തൂരങ്ങാടി	48
8	കോട്ടക്കെല്ലി	49
9	വാളാട്	50
10	തോളക്കര	51
11	മുള്ളൽ	52
12	ഇരുമനത്തൂർ	53
13	കണ്ണോത്ത്മല	54
14	പേരിയ 36	55
15	വരയാൽ	56
16	വട്ടോളി	57
17	പേരിയ 34	58
18	തലപ്പുഴ ചുങ്കം	59
19	പുതിയടം	60
20	മക്കിമല	61
21	സെൻട്രൽ എക്സ്റ്റെൻസ്	62
22	തവിഞ്ഞാൽ	133
23	വരയാൽ-ജ്യോതി	134
24	കാപ്പാട്ടുമല	135
25	താഴെ പേരിയ	136
26	എടമന	137
27	പോരൂർ	138
28	വെൺമണി	154
29	കാരച്ചാൽ	168
30	കൈതക്കൊല്ലി	171
31	എടത്തന	176
32	അയിനിക്കൽ	155

അംഗൻവാടികളുടെ സ്ഥിതിവിവരക്കണക്കുകൾ

പഞ്ചായത്തിൽ മൊത്തം 32 അംഗൻവാടികൾ ഉള്ളതിൽ 27 എണ്ണത്തിന് കെട്ടിടം ഉണ്ട്. ഇതിൽ 3 എണ്ണത്തിന് സ്ഥലമുണ്ട്, കെട്ടിടമില്ല. 2 എണ്ണം ആസ്സാം ബ്രൂക്ക് ക്രഷ് സെൻററിനോട് ചേർന്ന് പ്രവർത്തിക്കുന്നു. ഭൂരിഭാഗം അംഗൻവാടികളിലും കളിപ്പാട്ടങ്ങൾ ഇല്ല. സ്വന്തമായി സ്ഥലം ഉള്ള അംഗൻവാടികളായ എടത്തന, വലിയക്കൊല്ലി എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്. കൈതക്കൊല്ലി അംഗൻവാടിക്ക് സ്ഥലവും കെട്ടിടവും ആവശ്യമാണ്.

പഞ്ചായത്തിൽ പുതിയതായി കൊളത്തോട്, തൈതാൽ, ഒരപ്പ, പാലൊട്ട്, ഇല്ലത്തുംമൂല, ആലാറ്റിൽ, കാട്ടിമൂല, ശിവഗിരി, കരിമാനി, 83നമ്പർകൊല്ലി, പുതിയടം s.c. കോളനി തുടങ്ങിയ സ്ഥലങ്ങളിൽ അംഗൻവാടികൾക്ക് ഗ്രാമസഭയിൽ ആവശ്യമുന്നയിക്കുകയുണ്ടായി.

നിർദ്ദേശങ്ങൾ

1. വിവിധ പെൻഷനുകൾ ഗ്രാമപഞ്ചായത്തിലൂടെ കൃത്യമായി വിതരണം ചെയ്യു.
2. IRDP സർവ്വെ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തുക.
3. പഞ്ചായത്ത് മാർക്കറ്റ് പ്രവർത്തിപ്പിക്കുക.
4. അംഗൻവാടികളിൽകൂടി വിതരണം ചെയ്യുന്ന പോഷകാഹാരത്തിൻെറ ഗുണമേന്മ വർദ്ധിപ്പിക്കുക.
5. അംഗൻവാടികളിൽ ആവശ്യമുള്ള കളിപ്പാട്ടങ്ങളും ഉപകരണങ്ങളും യഥാസമയം വിതരണം ചെയ്യുക.
6. അംഗൻവാടിക്കാരുടെ ശമ്പളവേതനം വർദ്ധിപ്പിക്കുക, ജോലിഭാരം കുറയ്ക്കുക.
7. ട്രൈസം പരിശീലനം കൂടുതൽ ഭാഗത്തേക്ക് വ്യാപിപ്പിക്കുക.
8. DWCRA യൂനിറ്റിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.
9. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നടത്തിവരുന്ന ചാരായവാറ്റ് തടയുക.
10. വൃദ്ധമന്ദിരം സ്ഥാപിക്കുക
11. പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
12. പഞ്ചായത്തിൽ മാവേലി സ്റ്റോറുകൾ നടപ്പിലാക്കുക.

പഞ്ചായത്തിൽ ആകെ 16 റേഷൻഷോപ്പുകളാണുള്ളത്. ഇതിൽ ആകെ 9233 കാർഡുകൾ ഉണ്ട്. പൊതുവിതരണ രംഗത്ത് മാവേലി സ്റ്റോറുകൾ ഒന്നും തന്നെയില്ല. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പഞ്ചായത്തിൽ പ്രവർത്തിക്കാറുണ്ട്.

ഈ പഞ്ചായത്തിലെ അംഗവൈകല്യമുള്ളവരുടെ എണ്ണം

അന്ധർ	ബധിരർ	മൂകർ	ബധിരമൂകർ	ചലനവൈകല്യങ്ങൾ	മന്ദബുദ്ധികൾ
79	91	7	11	197	49

മൃഗസംരക്ഷണവും മത്സ്യബന്ധനവും

തവിഞ്ഞാൽ പഞ്ചായത്തിലെ കാലി സമ്പത്തിന്റെ ചരിത്രം പഞ്ചായത്തിന്റെ ആരംഭം മുതൽക്കുള്ളതാണ്. 1950 കാലഘട്ടങ്ങളിൽ ഗ്രാമ പ്രദേശങ്ങളിൽ ആളുകളുടെ സാമ്പത്തിക ശേഷി അളക്കുന്നതിന് കന്നുകാലികളുടെ സമ്പത്ത് ഒരു ഉപാധിയായി സ്വീകരിച്ചു പോന്നിരുന്നു. ഈ കാല ഘട്ടങ്ങളിൽ തവിഞ്ഞാൽ പഞ്ചായത്തിൽ താമ സിച്ചിരുന്ന പുരാതന കുടുംബങ്ങളിലെല്ലാം വൻ തോതിൽ കന്നുകാലികളെ വളർത്തിയിരുന്നു. വർഷകാലങ്ങളിൽ കൃഷിയിറക്കുന്ന വിശാലമായ നെൽപ്പാടങ്ങളും ധാരാളമായി നടന്നുമേയുന്നതിന് ഉപയുക്തമായ മേച്ചിൽഭൂപ്രകൃതിയും പഞ്ചായ ത്തിലെ കാലിസമ്പത്ത് നിലനിർത്തിപ്പോന്നു. പഴയ തറവാടുകളിലെല്ലാം ഇന്നത്തേതിൽ നിന്നും വ്യത്യസ്തമായി 500ൽ അധികം കന്നുകാലി കളെ ഒരുമിച്ചു താമസിപ്പിക്കുന്ന പ്ടാവ-ആലക ൾ സാർവത്രികമായിരുന്നു.

മുൻകാലഘട്ടങ്ങളിൽ ആളുകൾ കന്നുകാ ലികളെ വളർത്തിയിരുന്നത് പ്രധാനമായും നിലം ഉഴുന്നതിനും വീട്ടാവശ്യത്തിന് പാൽ ഉല്പാദിപ്പി ക്കുന്നതിനും മാത്രമായിരുന്നു. മൃഗങ്ങളുടെ ചാണ കം മാത്രമായിരുന്നു ആ കാലഘട്ടത്തിലെ കർഷകർ ഉപയോഗിച്ചിരുന്ന പ്രധാന വളം. കുടി യേറ്റക്കാരുടെ ആഗമനത്തോടെ പഞ്ചായത്തിലെ തരിശ് ഭൂമി ക്രമേണ കുറഞ്ഞുവരികയും കൃഷി ഭൂമി കൂടിവരികയും ചെയ്തു. ഇത് കാലി വളർത്ത ലിൽ നിന്നും ആളുകളുടെ ശ്രദ്ധ കുറയുന്നതിനു കാരണമായി.

പഞ്ചായത്തിൽ നിലവിലുള്ള കന്നുകാലി സമ്പത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.

വളർത്തുമൃഗങ്ങളും പക്ഷികളും

ക്രമനമ്പർ	ഇനങ്ങൾ	1987	1996
1	പശു-നാടൻ	4732	1475
2	സങ്കരയിനംപശു	1338	1238
3	എരുമ	508	306
4	പോത്ത്	874	859
5	ആട്	1848	1890
6	പട്ടി	2674	1864
7	കാള	1491	796
8	ആന	1	1
9	കോഴി	28395	16359
10	താറാവ്	70	181

മേൽകാണിച്ച പട്ടികയിൽ നിന്നും പഞ്ചായത്തിലെ കുറഞ്ഞുവരുന്ന കാലി സമ്പത്തിന്റെ ഏകദേശ ചിത്രം മനസ്സിലാകുന്നു.

പഞ്ചായത്തിലെ മൃഗങ്ങൾക്ക് സാധാരണയായി കണ്ടുവരാറുള്ള രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ത്വക്രോഗങ്ങൾ എന്നിവയാണ്. പഞ്ചായത്തിൽ മൃഗങ്ങൾക്ക് സാധാരണയായി കണ്ടുവരാറുള്ള രോഗങ്ങളും അവ ബാധിക്കുന്ന മൃഗങ്ങളുടെ എണ്ണവും ചുവടെ ചേർത്ത പട്ടികയിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്തിൽ നിലവിൽ ഒരു മൃഗാശുപത്രിയും 4 ഐ.സി.ഡി.പി. സബ്സെൻറുകളുമാണ് നിലവിൽ ഉള്ളത്. മൃഗാശുപത്രി കാട്ടിമൂലയിൽ സ്ഥിതി ചെയ്യുന്നു. ഇവിടെ സ്ഥിരമായി ഡോക്ടറെ നിയമിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആശുപത്രിക്ക് സ്വന്തമായി കെട്ടിടമോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. 4 ഐ.സി.ഡി.പി സെൻറുകൾ ഉള്ളതിൽ ഒന്നിൽ മാത്രമേ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ സ്ഥിരമായുള്ളൂ.

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	കോഴി	പട്ടി
1	ദഹന സംബന്ധമായ രോഗം	112	7	63	30--	
2	ശ്വാസകോശസംബന്ധമായ രോഗം	4		—		
3	ത്വക്ക് രോഗങ്ങൾ	19				
4	ധാതുലവണങ്ങളുടെ അഭാവം	18				
5	പാദരോഗങ്ങൾ	280	4	14		
6	പ്രത്യുല്പാദനപരം	30				
7	വന്ധ്യത	81	1			
8	അകിടുവീക്കം	16				
9	വിഷബാധ					75

പഞ്ചായത്തിലെ മിക്ക കർഷകരും ഒരു ഉപതൊഴിലെന്നോണം പശു വളർത്തൽ നടത്തിവരുന്നു. പഞ്ചായത്തിൽ നിലവിൽ 48 ക്ഷീരോല്പാദക സഹകരണ സംഘങ്ങളാണ് ഉള്ളത്. ഈ നാലു സംഘങ്ങളിൽ നിന്നുമായി ഏതാണ്ട് 2500 ലിറ്റർ പാൽ പ്രതിദിനം സംഭരിക്കുന്നുണ്ട്. ഇതിൽ ഏതാണ്ട് 1800 ലിറ്ററിലധികം പാൽ മിൽമ വഴി പുറത്തേയ്ക്കാണ് അയക്കുന്നത്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഇപ്പോഴും പാൽ വിപണനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ല. ക്ഷീരമേഖലയിൽ ആവശ്യമായ രീതിയിൽ കൃത്രിമ ബീജാധാന പ്രവർത്തനങ്ങൾ നടക്കുന്നില്ല.

പഞ്ചായത്തിൽ കുറഞ്ഞുവരുന്ന മേച്ചിൽ സ്ഥലങ്ങൾ പശുവളർത്തലിന് ഭീഷണിയായിട്ടുണ്ട്. തീറ്റപ്പുൽ കൃഷിക്ക് പഞ്ചായത്തിൽ സാദ്ധ്യതകൾ ധാരാളമുണ്ട്. ധാരാളം ആളുകൾ സ്വന്തം പുരയിടത്തിൽ പുൽകൃഷി നടത്തുന്നതിന് താല്പര്യം കാണിച്ചുവരുന്നു.

പഞ്ചായത്തിലെ കർഷകരിൽ വളരെ കുറഞ്ഞ ആളുകൾ മാത്രമേ ഗോബർഗ്യാസ് സൗകര്യം ഉപയോഗിക്കുന്നുള്ളൂ. വർദ്ധിച്ചുവരുന്ന വിറകിന്റെറയും ഇന്ധനത്തിന്റെറയും കുറവ് ഒരു പരിധിവരെ പരിഹരിക്കുന്നതിന് ഗോബർഗ്യാസ് പ്ലാൻറുകൾ ഉപയോഗിക്കാവുന്നതാണ്.

പഞ്ചായത്തിൽ നിലവിൽ 10 കോഴി വളർത്തൽ കേന്ദ്രങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. കോഴി വളർത്തലിന് പഞ്ചായത്തിൽ വലിയ സാദ്ധ്യതകൾ ഉണ്ട്. അതുപോലെ തന്നെ പന്നി വളർത്തൽ, മത്സ്യം വളർത്തൽ, എന്നിവയിൽ വിജയസാദ്ധ്യതകൾ ധാരാളം ഉണ്ടെങ്കിലും കർഷകരുടെ ശ്രദ്ധ ഈ മേഖലയിൽ വേണ്ടത്ര പതിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ മൃഗസംരക്ഷണ രംഗത്ത് നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങളും സാദ്ധ്യതകളും ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ.

1. പഞ്ചായത്തിലെ മൃഗാശുപത്രിയിൽ ഡോക്ടർ

ഇല്ല.

2. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം, ടെലഫോൺ, ജീവനക്കാർക്ക് ക്വാർട്ടേഴ്സ് എന്നിവ നിലവിലില്ല.

3. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും മൃഗസംരക്ഷണ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

4. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ക്ഷീരോല്പാദകസഹകരണ സംഘങ്ങൾ ഇല്ല.

5. I.R.D.P പശു ലോൺ, തുക അപര്യാപ്തമാണ്.

6. തീറ്റപ്പുല്ല്- പുൽവിത്ത് - കാലിത്തീറ്റ എന്നിവ പഞ്ചായത്തിൽ വേണ്ടത്ര ലഭ്യമല്ല.

7. പഞ്ചായത്തിൽ ധാരാളം പൊതുകുളങ്ങളും V.C.Bകളും ഉണ്ടെങ്കിലും മത്സ്യകൃഷിക്ക് ആവശ്യമായ പ്രാധാന്യം നൽകുന്നില്ല.

8. മത്സ്യകൃഷിക്ക് ആവശ്യമായ വിത്തും സാങ്കേതിക സഹായങ്ങളും ലഭ്യമല്ല.

9. പന്നി വളർത്തൽ, കോഴി വളർത്തൽ മുതലായ ലാഭകരമായ കൃഷികളിൽ കർഷകരുടെ ശ്രദ്ധ പതിഞ്ഞിട്ടില്ല.

10. പഞ്ചായത്തിൽ പേപ്പട്ടി ശല്യം ധാരാളമുണ്ട്.

സാദ്ധ്യതകൾ.

1. പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രിയിൽ ഡോക്ടറെ സ്ഥിരമായി നിയമിക്കേണ്ടതും പേര്യ, തവിഞ്ഞാൽ വില്ലേജുകൾ കേന്ദ്രീകരിച്ച് രണ്ട് മൃഗാശുപത്രികൾ കൂടി സ്ഥാപിക്കേണ്ടതും ആവശ്യമാണ്. മൃഗാശുപത്രിക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കെട്ടിടം, ടെലഫോൺ, ജീവനക്കാർക്ക് ക്വാർട്ടേഴ്സ് എന്നിവ ആവശ്യമാണ്.

2. ക്ഷീരോല്പാദന രംഗത്ത് പഞ്ചായത്തിൽ ഒന്നോ രണ്ടോ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ കൂടി വിജയകരമായി പ്രവർത്തിപ്പിക്കുന്നതിനും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതുമുണ്ട്.

3. I.R.D.Pലോൺ തുക വർദ്ധിപ്പിക്കുകയും കർഷകരെ ബോധവൽക്കരിക്കുകയും ചെയ്യുന്നതിലൂടെ കൂടുതൽ ആളുകളെ പശുവളർത്തലിന് പ്രോത്സാഹിപ്പാക്കാൻ കഴിയും. മിനി ഡയറി യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

4. പഞ്ചായത്തിലെ കർഷകർ അഭിമുഖീകരിക്കുന്ന തീറ്റപ്പുല്ലിന്റെ ക്ഷാമം പരിഹരിക്കുന്നതിന് മുഴുവൻ കർഷകരും സ്വന്തം സ്ഥലത്തിന്റെ ഒരു ഭാഗം പുൽകൃഷിക്ക് മാറ്റിവെയ്ക്കുന്നത് ഉചിതമാണ്.

5. പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ ഒരു ചെറുകിട കാലിത്തീറ്റ നിർമ്മാണ കേന്ദ്രം ആരംഭിക്കാവുന്നതാണ്.

6. പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ ആരംഭിക്കാവുന്നതാണ്.

7. വീട്ടുമുറ്റത്തെ കോഴിവളർത്തൽ, വ്യാവസായിക അടിസ്ഥാനത്തിലും അല്ലാതെയുമുള്ള പന്നി വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഇവയുടെ മാംസം വിപണനം നടത്തുന്നതിന് പഞ്ചായത്തുതലത്തിൽ സഹകരണസംഘം സ്ഥാപിക്കാൻ കഴിയുന്നതാണ്.

8. മത്സ്യകൃഷിക്ക് ആവശ്യമായ വിത്തുകളും സാങ്കേതിക വിദ്യയും നൽകിയാൽ ഈ കൃഷിക്ക് വളരെയേറെ വിജയ സാദ്ധ്യതകൾ ഉണ്ട്.

9. പഞ്ചായത്തിൽ നിലവിലുള്ള പൊതുകുളങ്ങളും V.C.Bകളും മത്സ്യകൃഷിക്ക് ഉപയോഗിക്കാൻ സാധിക്കും.

10. വനിത സംരംഭകർക്കുള്ള പശുവളർത്തൽ യൂനിറ്റ് -ഉദാ. DWCRAആരംഭിക്കാവുന്നതാണ്.

11. പഞ്ചായത്തിൽ ശുചിത്വമുള്ള ഒരു അറവുശാല സ്ഥാപിക്കാവുന്നതും ആവശ്യമായ മാംസ പരിശോധന ഏർപ്പെടുത്താനും സാധിക്കും.

12. ബ്ലോക്ക് തലത്തിൽ ഒരു മോബൈൽ വെറ്ററിനറി ഹോസ്പിറ്റൽ, ഒരു വനിതാ ഹോച്ചറി യൂനിറ്റ് എന്നിവ ആരംഭിക്കാവുന്നതാണ്.

10. പഞ്ചായത്തിലെ പേപ്പട്ടി ശല്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

സംസ്കാരം

വൈവിദ്ധ്യങ്ങളുടെ സമന്വയ സംസ്കാര മാണ് തവിഞ്ഞാൽ പഞ്ചായത്തിനേറത്. 16.29 ശതമാനം കുറിച്യ, കുറുമ, പണിയ വിഭാഗത്തിൽ പെടുന്ന ആദിവാസികളും 3.86 ശതമാനം പലവഴിക്ക് പഞ്ചായത്തിലെത്തിപ്പെട്ട പട്ടികജാതിക്കാരും ഉൾപ്പെടുന്നു. 35 ശതമാനം കൃസ്ത്യാനികളും 15 ശതമാനം മുസ്ലീംകളും 29.85 ശതമാനം ഹിന്ദുക്കളും ഏകോദരസഹോദരങ്ങളായി ഇവിടെ ജീവിച്ചു വരുന്നു. പല പ്രദേശങ്ങളും രൂക്ഷമായി അനുഭവപ്പെട്ടിരുന്ന ഫ്യൂഡൽ വ്യവസ്ഥയുടെ രൂക്ഷത തെളിയിക്കപ്പെടുന്നതിന് ഈ ചരിത്രസംഭവങ്ങൾ സാക്ഷ്യപ്പെടുത്താൻ സാദ്ധ്യമല്ല എന്നത് ഇവിടുത്തെ ഒരു പ്രത്യേകതയാണ്.

കുന്നുകൾ മൊത്തം വിസ്തൃതിയുടെ പകുതിയിലധികം വരുന്ന പഞ്ചായത്തിൽ എല്ലാ പ്രദേശങ്ങളിലും ജല ലഭ്യതയും കാടുകളുടെ ആധിക്യവും ആദികാലത്തു തന്നെ വിദേശനാണ്യം നേടിത്തരുന്ന ഏലം, ചായ തുടങ്ങിയവയും മറ്റു സുഗന്ധവിളകളുടെയും ഉല്പാദനത്തിൽ പേരുകേട്ട പഞ്ചായത്താണ്. തവിഞ്ഞാൽ. മേൽപ്പറഞ്ഞ കൃഷിഭൂമികൾ ഏതാനും മുതലാളിമാരുടെ കൈ വശമായതിനാൽ 99 ശതമാനം ജനങ്ങളുടെയും ജീവിത വികാസത്തിന് അതിന്റെ ഗുണഫലം ലഭിച്ചിട്ടില്ല എന്നു മനസ്സിലാക്കാം. ഉയർന്ന ലക്ഷ്യബോധമില്ലാത്ത ആദിവാസികളാണ് ആദിമനിവാസികൾ എന്നതും ആദ്യം മുതൽ സാംസ്കാരിക വളർച്ച നേടുന്നതിൽ നിന്നും ഇവിടുത്തെ ജനപഥത്തെ പിടിച്ചുനിർത്തിയ കാരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ ഈ പഞ്ചായത്തും അതിന്റെറതായ പങ്ക് വഹിച്ചിട്ടുണ്ടെന്നുള്ളതിനുള്ളതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. ദേശീയ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുകയും രാജ്യത്തിന്റെറ വിളികേട്ട് പ്രസ്ഥാനത്തേക്ക് എടുത്തുചാടുകയും ഒന്നിലധികം തവണ ജയിൽ വാസം അനുഭവിക്കുകയും ചെയ്ത മൺമറഞ്ഞു പോയ ശ്രീ. കെ.വി. കേളുനായരെ (ഉണ്ണിനായർ) പോലുള്ള സ്വാതന്ത്ര്യ സമര സേനാനികൾ ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെറ സേവനത്തെ മുൻനിർത്തി അദ്ദേഹത്തെ ഗവർമെൻറ് താമ്രപത്രം നൽകി ആദരിച്ചിട്ടുണ്ടെന്നുള്ളത് സ്മരണാർഹമാണ്. അതുപോലെതന്നെ സ്വാതന്ത്ര്യ സമരസേനാനികളിൽ പ്രധാനികളായ പരേതനായ എം.കെ രാമൻ നമ്പ്യാർ, ശ്രീ. ടി.പി.ജി. നമ്പൂതിരി എന്നിവരും, ഇപ്പോൾ ജീവിച്ചിരിപ്പുള്ള ശ്രീ. ചാത്തുക്കുറുപ്പ് എന്നവരും ഉൾപ്പെടുന്നു. ഇതിൽ ശ്രീ. എം.കെ. രാമൻ നമ്പ്യാർ, ടി.പി.ജി. നമ്പൂതിരി എന്നിവർ ഈ പഞ്ചായത്തിന്റെറ മുൻ പ്രസിഡണ്ടുമാരായിരുന്നു എന്നുള്ളത് അഭിമാനാർഹമാണ്.

പരേതരായ ഗാന്ധിഗോപാലൻ, കൊയിലാണ്ടി കുമാരൻ, പി. ശങ്കർ തുടങ്ങിയവർ രാഷ്ട്രീയ ചിന്താധാരയിലൂന്നി തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ മുൻനിരക്കാരും സ്വാതന്ത്ര്യാഭിവാഞ്ഛയിലൂന്നൽ നൽകാൻ ജനങ്ങളെ പ്രേരിപ്പിച്ചവരുമാണ്. ആദ്യകാല ദേശീയ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരിൽ നെല്ലിക്കൽ കുഞ്ഞിരാമൻ നായർ കൂടി ഉൾപ്പെടുന്നു.

പഞ്ചായത്തിൽ ആദ്യമായി 1923 വർഷത്തിലാണ് വാളാട് പുതുപ്പള്ളി കുഞ്ഞിരാമൻ നായരുടെ ഒരു കുടിപ്പള്ളിക്കൂടം ആരംഭിച്ചത്. 1942ൽ ഇന്നത്തെ തവിഞ്ഞാൽ പ്രദേശത്ത് അന്ന് അരങ്ങത്തുംചാൽ എന്നറിയപ്പെട്ടിരുന്ന മീത്തലെ ഇളംപൂൾ കുഞ്ഞിരാമൻ നായരുടെ വീട്ടിൽ പി.ജെ. മത്തായി മാസ്റ്റർ കുടിപ്പള്ളി ക്കൂടത്തിൽ അക്ഷരം പഠിപ്പിച്ചുവന്നിരുന്നു. 1944ൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പഞ്ചായത്തിൽ ഇപ്പോൾ 11 എൽ.പി. സ്കൂളുക ളും, 5 യു.പി. സ്കൂളുകളും, 2 ഹൈസ്കൂളുകളും, 6 പാരലൽ കോളേജുകളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൽ നിന്നും ആദ്യമായി ഡിഗ്രി നേടിയ വ്യക്തി ടി.യു. മത്തായി തലച്ചിറ എന്ന ആളാണ്.

വീരപഴശ്ശിയുടെ കാലം മുതൽതന്നെ മുസ്ലീം സമുദായം പഞ്ചായത്തിൽ അധിവാസം തുടങ്ങിയതായി മനസ്സിലാക്കുവാൻ കഴിയുമ്പോൾ പിന്നീട് വളരെ വർഷങ്ങൾക്കുശേഷമാണ് ക്രിസ്ത്യാനികൾ അധിവാസം ആരംഭിച്ചതായി കാണുന്നത്. 1923 ൽ മാനന്തവാടി രൂപതക്കു കീഴിൽ തലപ്പുഴ ചുങ്കത്ത് ഒരു കുരിശ് പള്ളി ഫാദർ ജോസഫ് കുത്തൂർ സ്ഥാപിച്ചതായി രേഖപ്പെടുത്തുകയും 1942-43 വർഷങ്ങളിൽ തൊടുപുഴ താലൂക്കിൽ നിന്നും വടക്കെവീട്ടിൽ ജോസഫ്, അയ്യാനിക്കാട്ടിൽ ഔസേപ്പ് തുടങ്ങി 20 ഓളം കുടുംബങ്ങൾ സ്ഥിര താമസം തുടങ്ങുകയും ചെയ്തു. തവിഞ്ഞാൽ മൂപ്പിൽ നായർ, അമ്പിലാദി ചൊക്രൂക്ക വടക്കേ വീട്ടിൽ ജോസഫ് തുടങ്ങിയവർ കൂട്ടായ്മക്കും സൗഹാർദത്തിനും നേതൃത്വം നൽകിയതായി കാണാവുന്നതാണ്.

നൂറ്റാണ്ടുകളുടെ പഴക്കമുള്ള മാനന്തവാടിയിലെ ശ്രീ വള്ളിയൂർ ഭഗവതി ക്ഷേത്രത്തിന്റെ ശാഖയായി സ്ഥാപിച്ച തലപ്പുഴയിലെ ശ്രീ വള്ളിയൂർ കാവ് ഉത്സവം പഞ്ചായത്തിലെ പുരാതനമായ ആഘോഷമാണെന്നതുപോലെ തന്നെ സർവ്വമതസ്ഥരുടേയും പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഒരാഘോഷമാണ്. ഇതിന്റെ ഭാഗമായി ഇടിക്കര, മക്കിമല, 44ാം മൈൽ,, തലപ്പുഴ ഫാക്ടറി, കണ്ണോത്ത് മല തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വരുന്ന അടിയറ എഴുന്നള്ളത്ത് കൗതുകവും വർണ്ണപൊലിമയുമാർന്നതുമാണ്. മീനം 1മുതൽ 14വരെ നീണ്ടു നിൽക്കുന്ന പ്രധാന ഉത്സവമാണിത്.

പുരാതനമായ വാളാട് ശ്രീ കുരുക്കിലാൽ ക്ഷേത്രവും അവിടുത്തെ ഉത്സവവും എടുത്തു പറയത്തക്കതാണ്. ആയിരങ്ങൾ പങ്കെടുക്കുന്ന ആഘോഷവും സർവ്വമതസ്ഥരുടെ സൗഹാർദ്ദ പങ്കാളിത്തവും ആഴ്ചകളോളം ഈ പ്രദേശത്തെ ഉത്സവലഹരിയിലാക്കാറുണ്ട്.

1971 ൽ നടത്തിയ ദേവപ്രശ്ന ചിന്തയിൽ ക്രി. മു. 1700 വർഷം പഴക്കമുള്ളതാണ് അടുവത്ത് അമ്പലമെന്നും, നാല് വർണ്ണങ്ങൾക്ക് പ്രത്യേകം വെള്ളം കുടിക്കുന്നതിന് നിർമ്മിച്ച കിണറുകൾ ഇപ്പോഴും തെളിഞ്ഞു കാണുന്നതും, ദക്ഷയാഗവുമായി ബന്ധപ്പെട്ട ചരിത്രമുള്ള മുതിരേരി ക്ഷേത്രവും ഇപ്പോഴും അവകാശികളായ ഊരാളർ ഇവിടെയുള്ളതും സംസ്കാരിക പൈതൃകത്തിന്റെ പൗരാണികത മനസ്സിലാക്കാൻ കഴിയുന്ന പുരാതന തെളിവുകളാണ്. അതിന്റെ അന്തഃസത്ത കളയാതെ ഈ തലമുറ ഇന്നും അനുഭവിച്ചു വരുന്നതുമാണ്. വളരെ പുരാതനമായ ജമാ അത്ത് പള്ളി, ചുങ്കം ജമാ അത്ത് പള്ളി 44-ാം മൈൽ മഖാം. വാളാട് പഴയപള്ളി എന്നിവയും മുസ്ലീങ്ങളുടെ അധിവാസത്തിന്റെ പഴമ ചൂണ്ടിക്കാണിക്കുവാൻ മതിയായ തെളിവുകളായി ഗണിക്കാവുന്നതാണ്. 1940 – 42 വർഷങ്ങളിലാണ് ഫാദർ ധിയാറോയുടെ നേതൃത്വത്തിൽ തലപ്പുഴ ചുങ്കത്ത് സെൻറ് തോമ സ് ലത്തിൻ പള്ളി സ്ഥാപിതമായത്. തുടർന്ന് 27 ഓളം പള്ളികൾ സ്ഥാപിച്ചിട്ടുണ്ട്.

1996 ലെ J.C.D.S കണക്കു പ്രകാരം ജനസംഖ്യ ആനുപാതികം 33:13:5 എന്നുള്ളതാണ്. ഈ പഞ്ചായത്തിൽ 35 ഹിന്ദു ക്ഷേത്രവും 27 ക്രിസ്ത്യൻ പള്ളികളും 16 മുസ്ലീം പള്ളികളും ആയിട്ടുള്ള മത സ്ഥാപനങ്ങളാണ് ഉള്ളത്. ഇതിൽ വിവിധ ഉത്സവങ്ങളായ വള്ളിയൂർകാവ് ഉത്സവം, നബിദിനം, നേർച്ചകൾ, പള്ളിപ്പെരുന്നാളുകൾ തുടങ്ങിയവ പ്രധാന ആഘോഷങ്ങളാണ്. കൂടാതെ ആദിവാസികൾ അവരുടെ തനതായ പാരമ്പര്യ ആഘോഷങ്ങളും നടത്തി വരുന്നു. ഈ വിവിധ

ങ്ങളായ ആഘോഷങ്ങളിൽ വിവിധ മതസ്ഥരുടെ പങ്കാളിത്തവും കൂട്ടായ്മയും ഗ്രാമീണ ശാലീന തയുടെ നിഷ്കളങ്കതയും നിലനിർത്തുന്നതിനും സാഹോദര്യം വർദ്ധിപ്പിക്കുന്നതിനും നിദർശകമായി നിലകൊള്ളുന്നു. 13 വാർഡുകളുള്ള ഈ പഞ്ചായത്തിൽ 1, 7, 9, 6, 1, 2, 13 വാർഡുക ളിൽ വായനശാലകളില്ലാത്തത് ആനുകാലിക സമൂഹത്തിന്റെ പോരായ്മകളായി ചൂണ്ടിക്കാണി ക്കേണ്ടതാണെങ്കിലും മറ്റു വാർഡുകളുടെയും സാഹചര്യങ്ങളുടെയും ഭൗതിക സാഹചര്യമുപ യോഗിച്ച് വായിച്ചു വളരുന്നതിനും നന്മയിലേക്ക് മുന്നേറുന്നതിനും ജനങ്ങൾ പരസ്പരം പരമാവധി സഹകരിച്ചു പോകുന്നുണ്ട്. വിദ്യയാണ് വികസനം എന്നു മനസിലാക്കിയുള്ള നമ്മുടെ പ്രവർത്തന ത്തിലൂടെ പോരായ്മകൾ പരിഹരിച്ച് നമുക്ക് മുന്നോട്ട് പോകാം.

കലാകായികരംഗത്ത് സ്കൂൾതലത്തിലും കേരളോത്സവ മത്സരങ്ങളിലും ദേശീയ സംസ്ഥാന ങ്ങളിൽ മികവു തെളിയിച്ച കലാ കായിക താരങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. അതിൽ ഏതാനും ചിലർ സ്വന്തം ജീവിത മാർഗ്ഗ ങ്ങൾ തേടി സർക്കാർ തലങ്ങളിൽ ജോലി ചെയ്തു വരുന്നത് അഭിമാനാർഹമാണ്. 25 ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബുകൾ ഈ പഞ്ചായത്തി ലുണ്ടെ ങ്കിലും എല്ലാ ക്ലബ്ബുകളും ഉന്നത നിലവാരം പുലർ ത്തുന്നതായി കാണുന്നില്ല. ദേശീയ, സംസ്ഥാന തലങ്ങളിൽ സ്കൂളുകളിൽ നിന്ന് പ്രതിഭ തെളിയി ച്ച താരങ്ങൾ നമുക്കുണ്ടായിട്ടും നമുക്ക് അവരെ ഈ രംഗങ്ങളിൽ നിലനിർത്തി വളർത്തി ക്കൊണ്ടുവരാൻ കഴിയാത്തത് ക്ലബ്ബുകളുടെ സാമ്പ ത്തിക ഭദ്രതക്കുറവും പഞ്ചായത്തിന്റെ പൊതുവാ യ ശ്രദ്ധക്കുറവു മൂലവുമാണ്. ഫുട്ബോളും വോളീ ബോളും പഞ്ചായത്തിൽ കൂടുതൽ വേരോട്ടമുള്ള വയും അമ്പെയ്ത്ത്, കബഡി എന്നിവ പ്രധാന മത്സര ഇനങ്ങളുമാണ്. വർഷം തോറും കാട്ടി മൂലയിൽ നടത്തിവരാറുള്ള ഫാദർ കാട്ടൂർ മെമ്മോറിയൽ വോളിബോൾ ടൂർണ്ണമെൻറ് പ്രാധാ ന്യമേറിയതാണ്. പ്രാകൃതവും ആധുനികവുമായ ഏകദേശം എല്ലാ കലാരൂപങ്ങളും ഈ പഞ്ചായ ത്തിൽ ചെറിയ അളവിൽ നിലനിൽക്കുകയും അവതരിപ്പിക്കുകയും ചെയ്തുവരുന്നു.

അടുത്ത കാലത്ത് നിർമ്മിച്ച തലപ്പുഴ ഗവ. ഹൈസ്കൂൾ ഗ്രൗണ്ട് ഒഴിച്ചാൽ പൊതു ഉടമയിൽ സൗകര്യപ്രദമായ ഗ്രൗണ്ടുകളില്ലാത്തതും ആധുനി ക പരിശീലന മുറകൾ ലഭിക്കാനുള്ള സാങ്കേതിക സൗകര്യക്കുറവും പഞ്ചായത്തിലെ കലാ-കായിക പ്രതിഭകൾക്ക് വളരുന്നതിന് മുഖ്യ തടസ്സമായി ഈ പഞ്ചായത്തിൽ അനുഭവപ്പെട്ടുവരുന്നു. ആരോഗ്യമുള്ള യുവചേതന കൊണ്ടേ ആരോഗ്യ മുള്ള മനസ്സുണ്ടാകൂ എന്ന അടിസ്ഥാന തത്വം മനസ്സിലാക്കി കലാ കായിക രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുക എന്നത് നമ്മുടെ പഞ്ചായ ത്തിന്റെ മുഖ്യ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി യാൽ ഈ പോരായ്മ പരിഹരിക്കാവുന്നതും നമുക്ക് അഭിമാനകരമായ നേട്ടം കൈവരിക്കാ വുന്നതുമാണ്. തുച്ഛമായി പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുന്ന ദൃശ്യ-ശ്രാവ്യ ഉപകരണങ്ങ ളും മറ്റു കളിക്കോപ്പുകളും യഥാവിധി ഉപയോഗ പ്പെടുത്തുന്നുണ്ടെന്ന് അധികൃതർ ഉറപ്പുവരു ത്തേണ്ടതാണ്.

പ്രശ്നങ്ങൾ

1. 13 വാർഡുകളിൽ 12 വാർഡുകളിലും സൗകര്യപ്രദമായ കളിസ്ഥലങ്ങൾ ഇല്ല.
2. 1,7,6,9, 12, 13 വാർഡുകളിൽ വായനശാലക ളില്ല.
3. 2,3,5,11എന്നീ വാർഡുകളിൽ വായനശാലകൾക്ക് ടി.വി. സെറ്റുകളില്ല.
4. പഞ്ചായത്തിലെ ക്ലബ്ബുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ കുറവാണ്.
5. എല്ലാവാർഡുകളിലും സാംസ്കാരികനിലയ ങ്ങളില്ല.
6. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായനശാലകളിൽ മിക്കതിലും ലൈബ്രറി കളില്ല.
7. സാക്ഷരതാ പ്രവർത്തനം, ജനശിക്ഷണ നിലയങ്ങൾ എന്നിവ സജീവമല്ല.
8. പഞ്ചായത്തിൽ കലാ-കായിക പ്രതിഭകളെ വാർത്തെടു ക്കുന്നതിന് കോച്ചിംഗ് ക്യാമ്പുക ളോ പരിശീലന കളരികളോ നിലവിലില്ല.
9. പ്രാചീന കലാരൂപങ്ങൾ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും വ്യവസ്ഥാപിതമായി ഒരു സംവിധാനവും പഞ്ചായത്തിൽ നിലവിലി ല്ല.
10. സംസ്കാരം, കല, കായികം, വിദ്യാഭ്യാസം എന്നീ രംഗങ്ങളുടെ വികാസത്തിനും കേന്ദ്രീകൃത പ്രവർത്തനത്തിലുമുള്ള സംവിധാ നം നിലവിലില്ല.

നിർദ്ദേശങ്ങൾ

1. 12 വാർഡുകളിലും സൗകര്യത്തിനനുസരിച്ച് മിനി സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും നിർമ്മിക്കുക. ശ്രമദാനം ഉപയോഗപ്പെടുത്താം.
2. 1,7,6,9,13,12 എന്നീ വാർഡുകളിൽ ജനപങ്കാളിത്തത്തോടെ വായനശാലകൾ നിർമ്മിക്കുക.
3. 2,3,5,11 എന്നീ വാർഡുകളിലെ നിലവിലുള്ള വായനശാലകൾക്ക് വിവിധ ഏജൻസികളിൽ നിന്നും ടി.വി. സെറ്റുകൾ ലഭ്യമാക്കുക.
4. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ക്ലബ്ബുകൾക്ക് ജനപങ്കാളിത്തത്തോടെ ചെറിയ കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുക.
5. സാംസ്കാരികനിലയങ്ങൾ എല്ലാ വാർഡുകളിലും മുറയനുസരിച്ച് അനുവദിക്കുക.
6. എല്ലാ വായനശാലകളിലും ഗ്രന്ഥാലയങ്ങൾ ആരംഭിക്കുകയും പരിപോഷിപ്പിക്കുകയുംചെയ്യുക.
7. സാക്ഷരതാ പ്രവർത്തനവും ജനശിക്ഷണ നിലയങ്ങളുടെ പ്രവർത്തനവും സജീവമാക്കുക.
8. കലാ-കായിക രംഗത്ത് കോച്ചിംഗ് ക്യാമ്പും പരിശീലന കളരികളും ഏർപ്പെടുത്തുക.
9. സംസ്കാരം, കല, കായികം, വിദ്യാഭ്യാസം, പ്രാചീന കലാരൂപങ്ങൾ എന്നിവയുടെ സംയോജനത്തിനും പരിപോഷണത്തിനും പഞ്ചായത്ത് തല സമിതി രൂപീകരിക്കുകയും അർഹമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.

ഗ്രന്ഥശാലകൾ

1. പോരൂർ സർവോദയ വായനശാല കൊളത്താട.
2. നിർമ്മല റീഡിംഗ്റൂം ആലാർ
3. ജ്ഞാനോദയ വായനശാല കൊളങ്ങോട്
4. കലാപോഷിണി വായനശാല കാട്ടിമൂല
5. ഗ്രാമീണ ഗ്രന്ഥാലയം കഴുക്കോട്ടൂർ
6. ഗാന്ധി മെമ്മൊറിൽ വായനശാല വാളാട്
7. സാംസ്കാരികനിലയം വാളാട്
8. ബ്രിഗാൻസ മെമ്മൊറിയൽ ലൈബ്രറി ചുങ്കം
9. പബ്ളിക്ക് ലൈബ്രറി തവിഞ്ഞാൽ
10. സാംസ്കാരികനിലയം പുതിയടം

ക്ലബ്ബുകൾ

1. അപർണ്ണ തലപ്പുഴ
2. നിർമ്മല ആലാർ
3. വയനാട് കലാവേദി തലപ്പുഴ
4. വിമല ആർട്ട്സ് ക്ലബ്ബ് വിമലനഗർ
5. ചൈതന്യ A&S വാളാട്
6. ബ്ലാക്ക് ഷാഡോ വാളാട്
7. നവചൈതന്യ ആർട്സ് ലാബ് വാളാട്
8. സോഡിയാക്ക് ചുങ്കം
9. പുഞ്ചിരി ആർട്സ്ക്ലബ്ബ് തവിഞ്ഞാൽ 44
10. ആസ്സാം ബ്രൂക്ക് ഫാക്ടറി ക്ലബ്ബ് തലപ്പുഴ
11. വീരപഴശ്ശി ഇടിക്കര
12. രഞ്ജിനി വാളാട്
13. നവോദയ കാട്ടിമൂല
14 T.T.S തവിഞ്ഞാൽ44
15. സുവർണ്ണ തവിഞ്ഞാൽ 44
16. ജോളി സ്പോർട്സ് ക്ലബ്ബ് തലപ്പുഴ
17. ദീപ്തി മക്കിമല
18. സജീവ് തോളക്കര
19. പുലരി ഇല്ലത്തുംമൂല
20. യുറൈക്കാൻ പേരിയ
21. യുവധാര വിമലനഗർ
22. സെൻറ് മേരീസ് ഓർക്കസ്ട്ര വിമലനഗർ
23. സംഗമം പുതിയടം.

വനിത

വനിതാ സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നും അറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങിക്കഴിയുന്ന കാഴ്ചയാണ് കാണുവാൻ സാധിക്കുന്നത്. തവിഞ്ഞാൽ പഞ്ചായത്തിലും ഈ പ്രവണത സജീവമായി നിലനൽക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും സ്ത്രീകൾ വേണ്ടത്ര ഉയർന്നിട്ടില്ല. അടുത്ത കാലം വരെ അതായത് 1972-73 വരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഏതാണ്ട് മുപ്പതു കിലോമീറ്ററുകളോളം നടന്ന് വേണമായിരുന്നു അടുത്തുള്ള മാനന്തവാടിയിൽ എത്തുവാൻ. എന്നാൽ ഇന്ന് രണ്ട് ഹൈസ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അതുകൊണ്ടു തന്നെ ആദ്യ കാലത്തുണ്ടായിരുന്ന അജ്ഞത ഒരു പരിധി വരെ തവിഞ്ഞാൽ പഞ്ചായത്തിൽ നിന്നും തുടച്ചു നീക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇന്നും ഉന്നത വിദ്യാഭ്യാസത്തിന് ഉള്ള സാധ്യത ഈ പ്രദേശത്ത് വിദൂര സ്വപ്നം മാത്രമായി നിലകൊള്ളുന്നതിനാൽ അഭ്യസത വിദ്യരായ വനിതകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.

1923-ൽ ആണ് ആദ്യമായി പ്രാഥമിക വിദ്യാഭ്യാസത്തിന് നമ്മുടെ പഞ്ചായത്തിൽ ഒരു സ്കൂൾ ആരംഭിച്ചത്. എന്നാൽ കാട്ടുമൃഗങ്ങളുടെ ശല്യവും ദൂരക്കൂടുതലും കൊണ്ട് വളരെ കുറച്ചു പേർക്കു മാത്രമാണ് വിദ്യാഭ്യാസം ലഭിച്ചത്. അതും വിരലിലെണ്ണാവുന്ന ആൺകുട്ടികൾക്ക് മാത്രമാണ്. പെൺകുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാതെ വീട്ടുജോലികളിൽ ഒതുങ്ങിക്കഴിയേണ്ടി വന്നു. അന്ന് ജാതി അയിത്തം വളരെ കൂടുതലായിരുന്നു. എന്നാൽ അയിത്തത്തിന് ഒരു പരിധി വരെ അറുതി വന്നിട്ടുണ്ടെങ്കിലും ഇന്നും ചില ഗിരിജൻ കോളണികളിൽ ഈ ആചാരം നിലനിൽക്കുന്നു.

1940 കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുപോലും പെൺകുട്ടികൾക്ക് സൗകര്യം വളരെ കുറവായിരുന്ന കാല ത്ത് തവിഞ്ഞാലിൽ (ഇന്നത്തെ സെൻറ്. തോമസ് യു.പി. സ്കൂൾ) അദ്ധ്യാപികയായി വന്നെത്തിയ തൃശൂർ സ്വദേശിനിയായ കുഞ്ഞേലി ടീച്ചർ പെൺകുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് വളരെ ഏറെ സഹായിച്ച വ്യക്തിയാണ്. ഇവരുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ ആദ്യമായി ഒരു മഹിളാസമാജം രൂപീകരിക്കുകയുണ്ടായി. തുടർന്നുള്ള പ്രവർത്തനങ്ങളിൽ വളരെയേറെ പെൺകുട്ടികളെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരുവാൻ അന്ന് സാധിച്ചു.

1996 ലെ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 16649 പുരുഷൻമാരും 16486 സ്ത്രീകളുമാണ് ഉള്ളത്. ഇവിടെ സ്ത്രീ തൊഴിലാ ളികളുടെ പങ്കാളിത്തം പുരുഷതൊഴിലാളികളെ ആപേക്ഷിച്ച് കുറവാണ്. സർക്കാർ സ്ഥാപനങ്ങളിലും തൊഴിൽമേഖലകളിലും പൊതുവേ സ്ത്രീകൾ അവഗണിക്കപ്പെടുന്നു. ഇന്ന് വിദ്യാസമ ന്നരായ പെൺകുട്ടികൾ ഉണ്ടെങ്കിലും അധികം പേരും തൊഴിൽ രഹിതരായി കഴിയുന്നവരാണ്. അദ്ധ്യാപനരംഗത്തും സാമൂഹ്യ സാക്ഷരതാ രംഗങ്ങളിലും

വനിതകൾക്ക് പ്രാമുഖ്യമുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം താരതമ്യേന കുറവാണ്. സ്ത്രീപീഡനങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങ ളായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വനിതകളുടെ സംഘടനാ പ്രവർത്തനങ്ങൾ ഇനിയും വേണ്ടരീതി യിൽ വികസിപ്പിക്കേണ്ടിയിരിക്കുന്നു.
തൊഴിൽരംഗത്തുള്ള സ്ത്രീ പങ്കാളിത്തം ചുവടെ ചേർക്കുന്നു.

തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം
അദ്ധ്യാപനം	101
സാമൂഹ്യരംഗം അംഗൻവാടി	64
ആരോഗ്യവകുപ്പ്	15
തോട്ടം തൊഴിലാളി	1560
വ്യാപാരം	8

വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിലില്ലായ്മ വനിതകളുടെ പ്രധാന പ്രശ്നമാണ് ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലിനിരക്കിൽ വിവേചനം നിലനില്ക്കു ന്നു. തുല്യജോലിക്ക് തുല്യവേതനം നൽകുന്ന തിന് ജോലിചെയ്യിക്കുന്ന ഉടമസ്ഥർ തയ്യാറാവു ന്നില്ല. ഏറ്റെടുക്കുന്ന ജോലി ഭംഗിയായും ഉത്തര വാദിത്വത്തോടെയും ചെയ്യുന്നതിന് സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടു ത്ത് നടത്തുവാൻ സ്ത്രീകൾ വിമുഖത കാണിക്കു ന്നു. അതുപോലെതന്നെ ഉത്തരവാദിത്വങ്ങൾ ഏല്പിക്കുന്നതിന് പുരുഷൻമാരുടെ താല്പര്യകുറവ് സ്ത്രീയെ ആത്മവിശ്വാസക്കുറവിലേക്ക് നയിക്കുന്ന പ്രധാന ഘടകമാണ്. മനുഷ്യകുലത്തിന്റെ പകു തിയോളം വരുന്ന ഭാഗമാണ് തങ്ങളെന്നും പുരു ഷനെ പോലെ തന്നെ അധികാരാവകാശങ്ങൾ തങ്ങൾക്കും ഉണ്ടെന്നബോധം സ്ത്രീകൾക്ക് തോ ന്നേണ്ടിയിരിക്കുന്നു. ബുദ്ധിയുടെ കാര്യത്തിലും കഴിവിന്റെ കാര്യത്തിലും പുരുഷനോടൊപ്പം നില്ക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേ ണ്ടിയിരിക്കുന്നു.

ഏതു രംഗത്തും ജനവിഭാഗങ്ങൾ നേട്ടം ഉണ്ടാക്കിയിട്ടുള്ളത് അവകാശങ്ങൾ തിരിച്ചറിയു കയും അവ നേടിയെടുക്കുവാനുള്ള സമര പരിപാ ടികൾ സംഘടിപ്പിക്കുകയും ചെയ്തു കൊണ്ടാണ്. വനിതകളും ഈ മാർഗ്ഗം തന്നെ സ്വീകരിക്കേ ണ്ടിയിരിക്കുന്നു.

തൊഴിൽ മേഖലയിൽ വനിതകളുടെ കൂലിനിരക്ക്

തൊഴിൽമേഖല	സ്ത്രീ	പുരുഷൻ
കർഷക തൊഴിലാളി	50രൂ	70രൂ
നിർമ്മാണ തൊഴിലാളി	75രൂ	125രൂ
തോട്ടം തൊഴിലാളി	55രൂ	55രൂ

സാദ്ധ്യതകൾ

സ്ത്രീകളുടെ പങ്കാളിത്തം സാമൂഹ്യ രംഗത്തും പൊതുരംഗത്തും വർദ്ധിപ്പിക്കുവാൻ പ്രത്യേക പരീശീലന പരിപാടികളും ബോധവൽക്കരണ പരി പാടികളും നടത്തേണ്ടിയിരിക്കുന്നു. അതിനായി സാമൂഹ്യരാഷ്ട്രീയ സാംസ്ക്കാരിക പ്രവർത്ത കരുടെ നേതൃത്വം ശ്രമിക്കേണ്ടതാണ്. തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് 50% തന്നെ പ്രാതിനിധ്യം നൽകേണ്ടതാണ് ഇനിയും കുഗ്രാമങ്ങളിൽ കടന്നു ചെന്ന് വനിതകളെ ബോധവൽക്കരണത്തിലൂടെ രംഗത്തെത്തിക്കുന്നതിന് വനിതാസംഘടനകൾ തന്നെ മുന്നോട്ടുവരേണ്ടിയിരിക്കുന്നു.

വനിതകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വനിതകളുടെതായ തൊഴിൽ യൂണിറ്റുകളും സഹകരണസംഘങ്ങളും തുടങ്ങേ ണ്ടിയിരിക്കുന്നു. അതിനുള്ള സാദ്ധ്യതകൾ പഞ്ചാ യത്തിൽ ഏറെയുണ്ട്. വനിതകൾക്ക് ഉന്ന തവിദ്യാ ഭ്യാസത്തിനുതകുന്ന സ്ഥാപനങ്ങൾ പഞ്ചായത്തി ൽ തുടങ്ങേണ്ടതാണ്.

പച്ചക്കറികൃഷി, നെയ്ത്ത്, അച്ചാർ, റെഡി മെയ്ഡ്, കരകൗശല വസ്തുക്കൾ, പപ്പടം തുടങ്ങി യവ ചെറുകിട വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങുവാൻ കഴിയും. കൂടാതെ D.W.C.R.A യൂനിറ്റുകൾ കൂടുതലായി തുടങ്ങിയാൽ അങ്ങിനെ യും വനിതകൾക്ക് തൊഴിൽ സാദ്ധ്യതകൾ ധാരാ ളമുണ്ടാക്കാം. ഏക ഖാദി ഉല്പന്നകേന്ദ്രം വിമല നഗറിലാണ്. അവിടെ കുറേ വനിതകൾ ജോലി ചെയ്യുന്നുണ്ടെങ്കിലും അവിടെ വേണ്ടതായ ഉപക രണങ്ങളുടെ അപര്യാപ്തത കൊണ്ട് പലർക്കും ജോ ലി ചെയ്യുവാൻ കഴിയാതെ വരുന്നു.

പ്രശ്ന പരിഹാരം

1. ഉല്പാദനപരമായ സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ മുൻകൈയെടുക്കുക.
2. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.
3. തൊഴിൽ യൂനിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക
4. തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ, എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ വേണ്ടവിധം നൽകുക.
5. വിഭവ സാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയുടെ പരിശീലനപരിപാടികൾ തുടങ്ങുകയും ചെയ്യുക.
6. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കുട്ടികളുടെ വിനോദത്തിനും മാനസികവും ശാരീരികവുമായ ആരോഗ്യത്തിനും വേണ്ട സംവിധാനം ഉണ്ടാക്കുക.
7. സ്കൂളുകളിലും തൊഴിൽ മേഖലകളിലും വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം നൽകുക.
8. വിധവ പെൻഷൻ, അഗതി പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ മുതലായവ യഥാസമയം അർഹരായ മുഴുവൻ വനിതകൾക്കും ലഭ്യമാക്കുക.
9. വികലാംഗരായ വനിതകൾക്ക് പെൻഷൻ ഏർപ്പെടുത്തണം.

പഞ്ചായത്തിൽ വികലാംഗരായ വനിതകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

വൈകല്യങ്ങൾ

ആകെ വികലാംഗരായ വനിതകൾ	കാഴ്ചയില്ലാത്തവർ	കേൾവിയില്ലാത്തവർ	മന്ദബുദ്ധി	ചലനവൈകല്യം
59	7	17	6	29

സ്ത്രീകൾക്ക് സാംസ്കാരിക കേന്ദ്രങ്ങൾ, കളി സ്ഥലങ്ങൾ, എന്നിവ വാർഡുകൾതോറും വേണം. നിലവിലുള്ള മഹിളാസമാജങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ ഏർപ്പെടുത്തണം. പഞ്ചായത്തിലെ പൊതുസ്ഥലങ്ങളിൽ മൂത്രപ്പുര, കക്കൂസ് ഇവ നിർമ്മിക്കേണ്ടതാണ്. മദ്യം, മയക്കുമരുന്ന്, വിവാഹധൂർത്ത്, അന്ധവിശ്വാസങ്ങൾ എന്നിവക്കെതിരെയും ശക്തമായ തുടർബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കണം.

സ്ത്രീകൾക്കായി നടത്തുന്ന ആരോഗ്യ പ്രവർത്തകരുടെ മഹിളാ സ്വസ്ഥ സംഘിന്റെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ നില മെച്ചപ്പെടുത്തുകയും വേണം.

സഹകരണം

സാമൂഹ്യ പുരോഗതിക്ക് വേണ്ടിയുള്ള സർക്കാരിന്റെ ഒരു ഉപകരണം എന്ന നിലയ്ക്കാണ് സഹകരണം ഇന്ത്യയിൽ ആരംഭിച്ചത്. 19 -ാം നൂറ്റാണ്ടിന്റെ അന്ത്യത്തോട് കൂടിയാണ് സഹകരണ പ്രസ്ഥാനം ഇന്ത്യയിൽ നാമ്പെടുത്തത്. 1904 ൽ സഹകരണനിയമം പ്രാബല്യത്തിൽ വന്നതോടെ ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ചു.

1956 നവമ്പർ 1 കേരളപിറവിക്ക് മുൻപ് നമ്മുടെ സംസ്ഥാനം പഴയകൊച്ചിയും തിരുവിതാംകൂറും മലബാർ പ്രദേശങ്ങളുമടങ്ങിയ ഭൂവിഭാഗമായിരുന്നു. ഇതിൽ കൊച്ചിയും തിരുവിതാംകൂറും ഓരോ രാജകുടുംബത്തിന്റെ കീഴിലുള്ള നാട്ടുരാജ്യങ്ങളായിരുന്നു. പിന്നീട് തിരുക്കൊച്ചി സ്റ്റേറ്റ് രൂപം കൊണ്ടു. മലബാർ പ്രദേശത്ത് ആദ്യം 1904 ലെ ഇന്ത്യൻ സഹകരണ നിയമവും തുടർന്ന് 1932 ലെ മദിരാശി സഹകരണ നിയമവും നിലവിൽ വന്നു. 1913 ൽ കൊച്ചിരാജ്യത്ത് പരസ്പര സഹായ റഗുലേഷൻ എന്ന പേരിൽ ഒരു സഹകരണ പ്രസ്ഥാനം പ്രാബല്യത്തിൽ വന്നു. കേരള സംസ്ഥാനത്തിലെ ഏറ്റവും പഴക്കമുള്ള സഹകരണ സംഘം കൊടുവായൂർ ഐക്യനാണയ സംഘമാണ് എന്നുപറയാം.

ആയതിൽ നിന്ന് പ്രചോദനം ഉൾകൊണ്ട് കൊണ്ടായിരിക്കാം 1920 വർഷത്തിൽ ശ്രി. പുല്ലാര വി.പി. ചന്തുനമ്പ്യാരുടെ വീട് ആസ്ഥാനമാക്കി പ്രവർത്തിച്ചു തുടങ്ങിയ ഐക്യനാണയ സംഘത്തിന്റെ ആവിർഭാവത്തോടെയാണ് തവിഞ്ഞാൽ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം. ആരംഭകാലത്ത് ഐക്യ നാണയ സംഘത്തിന്റെ പ്രവർത്തനം വളരെ സജീവമായിരുന്നെങ്കിലും പിന്നീട് അഭിമാനാർഹമായ പുരോഗതിയൊന്നും കൈവരിക്കാൻ പ്രസ്തുതസംഘത്തിന് കഴിഞ്ഞില്ല എന്നത് ഖേദകരമായ വസ്തുതയാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ മൺമറഞ്ഞു പോയ പല പ്രസ്ഥാനങ്ങളിൽ ഒന്ന് എന്നതു പോലെ ഈ പ്രസ്ഥാനവും നാമാവശേഷമായി.

ഇന്ന് തവിഞ്ഞാൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വളരെയധികം സഹകരണ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും നിലവിലുണ്ട്. അവയുടെ പേരുവിവരം താഴെ ചേർക്കുന്നു.

1. തവിഞ്ഞാൽ സർവ്വീസ് സഹകരണബാങ്ക്, തലപ്പുഴ
2. തലപ്പുഴ ക്ഷീരോല്പാദക സഹകരണസംഘം.
3. ക്ഷീരോല്പാദക സഹകരണസംഘം കാട്ടിമൂല
4. ക്ഷീരോല്പാദക സഹകരണസംഘം വരയാൽ
5. സർവ്വീസ് സഹകരണ സൊസൈറ്റി വരയാൽ
6. പേര്യ സർവ്വീസ് സഹകരണ സൊസൈറ്റി
7. ക്ഷീരോല്പാദക സഹകരണ സംഘം ആലാറ്റിൽ
8. ഗിരിജൻ സർവ്വീസ് സഹകരണസംഘം തവിഞ്ഞാൽ
9. കാർഷിക വികസന സമിതി പാറത്തോട്ടം
10. റബ്ബർ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം
11. കാട്ടിമൂല കൺസ്യൂമർ സഹകരണസംഘം.

മേൽകാണിച്ച സഹകരണസംഘങ്ങളിൽ പേര്യ സർവ്വീസ് സഹകരണസൊസൈറ്റി, കാട്ടിമൂല സഹകരണസംഘം എന്നിവ, ആരംഭദശയിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നെങ്കിലും, കാര്യക്ഷമതയുള്ള മാനേജ്മെൻറിന്റെ അഭാവം കാരണം അടച്ചുപൂട്ടൽ ഭീഷണി നേരിട്ടു

ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ സ്ഥിതി വിവരക്കണക്ക്

നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തന വാർഡുകൾ	മെമ്പർമാരുടെ എണ്ണം	ഓഹരി മൂലധനം	95-96 വർഷത്തിൽ ആകെ സംഭരിച്ച പാൽ	പഞ്ചായത്തിൽ വില്പന നടത്തിയത്	പുറത്തേക്കയച്ചത്	അംഗീകൃത മൂലധനം	ലാഭം/നഷ്ടം
1	കാട്ടിമൂല ക്ഷീരോല്പാദക സഹകരണ സംഘം	4, 10	402	4020	199368	33600	165768	10,000	ലാഭം
2	തലപ്പുഴ ക്ഷീരോല്പാദക സഹകരണ സംഘം	1,2,3,11	512	6450	199416	58356	141060	10,000	നഷ്ടം
3	തവിഞ്ഞാൽ ക്ഷീരോല്പാദക സഹകരണ സംഘം	6,7	433	4330	126528	7016	119520	-	നഷ്ടം
4	ക്ഷീരോല്പാദക സഹകരണ സംഘം ആലാറ്റിൽ	5,8	401	4010	88792	4297	84495	-	-

കൊണ്ടിരിക്കയാണ്.

പഞ്ചായത്തിൽ 4 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും രണ്ടെണ്ണം മാത്രമെ തൃപ്തികരമായി പ്രവർത്തിക്കുന്നുള്ളൂ. തലപ്പുഴ, തവിഞ്ഞാൽ ക്ഷീരോല്പാദകസഹകരണ സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ഇത്തരം സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സർക്കാർ സമയാസമയങ്ങളിൽ പരിശോധന നടത്തി സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടതാണ്.

പ്രശ്നങ്ങൾ

1. ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ലാത്തതിനാൽ പഞ്ചായത്തിലെ മുഴുവൻ ക്ഷീരോല്പാദകരേയും സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി യിലേക്ക് കൊണ്ടു വരാൻ കഴിഞ്ഞിട്ടില്ല.
2. പഞ്ചായത്തിൽ ലാഭകരമായി നടത്താൻ കഴിയുന്ന ഒരു സംരംഭമാണ് കോഴിവളർത്തൽ എങ്കിലും അതിനാവശ്യമായ പദ്ധതികൾ രൂപം കൊണ്ടിട്ടില്ല. അത്തരം പ്രസ്ഥാനങ്ങൾ വളർന്നു വരേണ്ടിയിരിക്കുന്നു.
3. തവിഞ്ഞാൽ പഞ്ചായത്തിൽ ആകെ ഒരു സർവ്വീസ് സഹകരണബാങ്ക് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ എങ്കിലും ബാങ്കിലെ മെമ്പർമാരായ കർഷകർക്ക് മുഴുവനും കാർഷികവായ്പ നൽകാൻ മാത്രമുള്ള സാമ്പത്തിക ഭദ്രത ഇന്നു ബാങ്കിൽ നിലവിലില്ല.
4. തവിഞ്ഞാൽ പഞ്ചായത്തിൽ നാളിത് വരെയായി യാതൊരുവിധ വനിതാസഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നില്ല. ആയത് വനിതകളുടെ തൊഴിൽ സാദ്ധ്യത ഇല്ലാതാക്കുന്നു.

പഞ്ചായത്തിൽ വിവിധ മേഖലകളിലായി സഹകരണാടിസ്ഥാനത്തിൽ നടത്താൻ സാദ്ധ്യതയുള്ള പ്രസ്ഥാനങ്ങൾ :-

1. തവിഞ്ഞാൽ പഞ്ചായത്തിൽ ധാരാളമായി ചെറുകിട തേയില കർഷകർ ഉണ്ട്. ഈ മേഖലയിൽ ഒരു സഹകരണപ്രസ്ഥാനം നിർബന്ധമായും രൂപം കൊള്ളേണ്ടിയിരിക്കുന്നു. തേയില കർഷകർക്ക് തേയില സ്വന്തമായി സംസ്കരിക്കാനും തങ്ങളുടെ ഉല്പന്നങ്ങളിൽ നിന്നുള്ള ലാഭം ഇടത്തട്ടുകാർക്ക് കൊടുക്കാതെ അഭിവൃദ്ധിപെടാനും ഇത് കൊണ്ട് സാധിക്കും.
2. സഹകരണസംഘം സ്ഥാപിക്കാൻ സാദ്ധ്യതയുള്ള മറ്റൊരു മേഖലയാണ് ഇഷ്ടിക നിർമ്മാണം. നിലവിൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി ലാഭകരമായി തന്നെ പ്രവർത്തിക്കുന്ന, സ്വകാര്യ വ്യക്തികളുടെ ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ ഉണ്ട്. ഇത്തരം യൂണിറ്റുകൾ ഒരു സഹകരണസംഘത്തിന് കീഴിൽ ഒത്തൊരുമിച്ച് പ്രവർത്തിക്കുകയാണെങ്കിൽ വിപണന സാദ്ധ്യത ഏറെയുള്ള മേഖലയാണ് ഇത്.
3. തവിഞ്ഞാൽ പഞ്ചായത്തിന്റെ വിവിധ ഭാഗ

ങ്ങളിൽ കോഴി വളർത്തൽ വ്യാപകമായ രീതിയിൽ നടത്തി വരുന്നുണ്ട്. ഇത്തരത്തിലുള്ള വരെയെല്ലാം സഹകരണാടി സ്ഥാനത്തിൽ കൊണ്ടുവരികയാണെങ്കിൽ വളരെ അഭിവൃദ്ധി പ്പെടാൻ സാദ്ധ്യതയുണ്ട്.

4. വനിതകൾക്ക് മുതൽ മുടക്കി സഹകരണാ ടിസ്ഥാനത്തിൽ നടത്തികൊണ്ടുപോകാൻ കഴിയു ന്ന ഒരു സംരംഭമാണ് കോഴിവളർത്തൽ.

5. സഹകരണാടിസ്ഥാനത്തിൽ തേനീച്ച വളർ ത്തൽ ലാഭകരമായി നടത്താവുന്നതാണ്.

6. ആദിവാസി മേഖലകളിൽ വളരെ വ്യാപകമായി ചീനിക്ക, പന്തം, തേൻ എന്നിവ ശേഖരിച്ച് വിപ ണനം ചെയ്യുന്ന സഹകരണസംഘങ്ങൾ കൂടുത ൽ ഊർജ്ജിത മായി പ്രവർത്തിക്കുന്നതിന് ഈ പഞ്ചായത്തിൽ സാദ്ധ്യതകളേറെയുണ്ട്.

7. ഔഷധസസ്യങ്ങൾ കൂട്ടായി വളർത്തുകയും പരിപാലിക്കുകയും ചെയ്യുന്ന സംഘങ്ങൾ ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. സർക്കാർ മേഖലയിൽ ഇത്തരത്തിൽ ഒന്ന് ചന്ദനത്തോട് ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നുണ്ട്.

8. വാഴകൃഷി വ്യാപകമായി നടക്കുന്ന ഈ പഞ്ചായത്തിൽ വാഴനാരുകൾ കൊണ്ടുള്ള ബാഗുകൾ, കൗതുകവസ്തുക്കൾ എന്നിവ ഉൽപാ ദിപ്പിക്കുന്ന സഹകരണയൂണിറ്റുകൾ വനിതകൾ ക്കായി സ്ഥാപിക്കാവുന്നതാണ്.

9. വാഴകൃഷി ധാരാളമുള്ള ഈ പഞ്ചായത്തിൽ ചിപ്പ്സ് മുതലായവ ഉണ്ടാക്കുന്ന ഭക്ഷ്യസംസ് കരണ യൂണിറ്റ് വളരെ ലാഭകരമായി സഹകരണാ ടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്.

10.വനിതകൾക്കായി സഹകരണാടിസ്ഥാനത്തിൽ നടത്താവുന്ന യൂണിറ്റാണ് വസ്ത്രനിർമ്മാണം.

11. വെള്ളാരം കല്ലുകൾ ശേഖരിച്ച് മറ്റ് സംസ്ഥാന ങ്ങളിൽ വിപണനം ചെയ്യാൻ സൗകര്യമുള്ള തരത്തിൽ സഹകരണ യൂണിറ്റുകൾ സ്ഥാപിക്ക യാണെങ്കിൽ അനവധി തൊഴിൽ രഹിതർക്ക് തൊഴിൽ ലഭിക്കും.

12.നിലവിലുള്ള വാഴകൃഷിയെ അടിസ്ഥാനമാ ക്കിയും, കൂടുതലായി മരച്ചീനി കൃഷി പ്രോത്സാ ഹിപ്പിച്ചും സ്റ്റാർച്ച് ഫാക്ടറി, മറ്റു ശിശു ആഹാര ങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റ് എന്നിവ തുടങ്ങാ വുന്നതാണ്.

13. തവിഞ്ഞാൽ പഞ്ചായത്തിലെ 13 വാർഡുകളി ലും കാര്യ ക്ഷമമായി പ്രവർത്തിക്കുന്ന മാർക്കറ്റിം ഗ് സൊസൈറ്റികൾ നിർബന്ധമായും രൂപപ്പെടു ത്തേണ്ടിയിരിക്കുന്നു.

മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളിലും അടിയന്തിര ശ്രദ്ധ പതിപ്പിച്ചാൽ കാര്യക്ഷമമായ നേതൃത്വത്തിന്റെ പരിലാളനയിൽ തവിഞ്ഞാൽ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി കരഗതമാകും.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

സാമൂഹിക ഉച്ചനീചത്വങ്ങളുടെ പേരിൽ സമൂഹം നൂറ്റാണ്ടുകളായി മാറ്റി നിർത്തിയ ഒരു വിഭാഗ മാണ് പട്ടികജാതി പട്ടികവർഗ്ഗം. മുഖ്യധാര യിലേക്ക് അവരുടെ തിരിച്ചുവരവ് ഇന്നും പൂർണ്ണമല്ല. കോടികൾ ഈ രംഗത്ത് ചെലവഴി ച്ചെങ്കിലും സാമൂഹിക സാമ്പത്തിക സാംസ്ക്കാരി ക രംഗങ്ങളിലെ വികസനമെത്താത്ത തരത്തിൽ തന്നെയാണ് നമ്മുടെ പഞ്ചായത്തിലും ഇവർ ജീവിക്കുന്നത്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 19.5 ശതമാനം പട്ടികജാതി പട്ടിക വർഗ്ഗമാണ്. 133 കോളനികളിലായി 1327 കുടുംബങ്ങൾ ഇവിടെ താമസിക്കുന്നു. അടിസ്ഥാന വർഗ്ഗങ്ങളായ ഇവരുടെ പിന്നോക്കാവസ്ഥ പഞ്ചായത്തിന്റെ വികൃതവും ഭീകരവുമായ മുഖമായി അവശേഷിക്കുന്നു. മറ്റേത് പുരോഗതി യുണ്ടായാലും ഇവരുടെ ഉയർച്ച കൂടി ഉണ്ടായാ ലേ ഈ നാടിന്റെ മുഖം രക്ഷിക്കാൻ കഴിയുക യുള്ളൂ.

ആദിവാസികളിൽ പണിയ വിഭാഗമാണ് ഏറ്റവും പിന്നിൽ നിൽക്കുന്നത്. ഇവരിൽ മഹാഭൂ രിപക്ഷവും ഇന്നും നിരക്ഷരർ തന്നെയാണ്. സാക്ഷരതയുടെ ആനുകൂല്യം പോലും ഇതിന് മാറ്റം വരുത്തിയിട്ടില്ല. ഇവരുടെ കുട്ടികളെ സ്കൂളി ൽ എത്തിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. എന്നാൽ കുറിച്യ വിഭാഗം ഒരു പടികൂടി മുന്നിലെത്തിയിട്ടുണ്ട്. ഇവർ സാമ്പത്തിക മായി വളരെ പുരോഗമിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാ സ പുരോഗതി ആശാവഹമല്ല. എസ്സ്. എസ്സ്. എൽ. സി. ക്ക് ശേഷം പഠിക്കുന്നവർ വളരെ കുറവാണ്.

അന്ധവിശ്വാസങ്ങളിൽ നിന്നും അനാ ചാരങ്ങളിൽ നിന്നും പൂർണ്ണമായി മോചനം നേടാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. വിവാഹം പോലു ള്ള ചടങ്ങുകൾ ഇന്നും പഴയ ആചാര പ്രകാരമാ ണ് നടക്കുന്നത്. രോഗം വന്നാൽ 'തമ്പായി' കാണലിൽ ഒതുങ്ങുകയും ആധുനിക ചികി ത്സാ സൗകര്യങ്ങളിൽ നിന്നും വിട്ട് നിൽക്കുക യും ചെയ്യുന്നു. ആദിവാസികളുടെ ഉന്നമനത്തിന് വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പല പദ്ധതിക ളും മതിയായ അറിവില്ലായ്മ കൊണ്ടും പ്രയാസ മേറിയ നിബന്ധനകൾ കൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

സർക്കാർ നൽകുന്ന നിരവധി സൗജന്യ ങ്ങൾ ചെന്നെത്തുന്നത് അന്യരുടെ കൈകളി ലാണ്. ആയതിനാൽ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് കിട്ടുന്നുണ്ടോ എന്ന് ഉറപ്പുവരു ത്തുകയും വേണം. ഇവ തട്ടിയെടുക്കുന്നവരെ കർശനമായി ശിക്ഷിക്കണം. മേലിൽ ഇതാവർത്തി ക്കാതിരിക്കുന്നതിന് ഇതാവശ്യമാണ്. സർക്കാർ ഇവർക്ക് നല്കിയ ആട്, കോഴി, പശു, പണി ആയുധങ്ങൾ, തെങ്ങിൻ തൈകൾ എന്നിവ

പരിശോധിച്ചാൽ ഈ ചിത്രം വ്യക്തമാകും.

വിദ്യാഭ്യാസം

പഞ്ചായത്തിലെ 18 വിദ്യാലയങ്ങളിലായി പ്രൈമറി വിഭാഗത്തിൽ 7091 വിദ്യാർത്ഥികൾ പഠിക്കുമ്പോൾ SC/STവിഭാഗങ്ങളിലെ 1573 വിദ്യാർത്ഥികൾ മാത്രമാണ് സ്കൂളിലെത്തുന്നത്. ഹൈസ്കൂളിലെത്തുമ്പോൾ ഇവരുടെ സംഖ്യ വെറും 410 ആയി ഒതുങ്ങുന്നു.

പഞ്ചായത്തിലെ ആദിവാസി വിദ്യാർത്ഥികൾ

വിഭാഗം	ആൺ	പെൺ	ആകെ
എൽ.പി	231	205	436
യു.പി	405	322	727
എച്ച്.എസ്സ്	275	135	410

കൊഴിഞ്ഞുപോക്ക് ആദിവാസി വിദ്യാർത്ഥികളിൽ വളരെ കൂടുതലാണെന്ന് ഇത് വ്യക്തമാക്കുന്നു. വിവിധ വിളവെടുപ്പ് കാലങ്ങളിൽ ആദിവാസി കുട്ടികൾ സ്കൂളിൽ എത്താറില്ല. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഇവർക്കിനിയും ബോധ്യപ്പെട്ടിട്ടില്ല. ശക്തമായ ബോധവൽക്കരണത്തിലൂടെ മാത്രമേ ഈ രംഗത്ത് എന്തെങ്കിലും മാറ്റം ഉണ്ടാക്കാൻ കഴിയുകയുള്ളൂ. പത്താം ക്ലാസ്സ് പാസ്സായ പണിയ വിഭാഗത്തിലെ കുട്ടികൾ പഞ്ചായത്തിൽ അംഗുലീപരിമിതമാണ്.

തൊഴിൽ

ആദിവാസികുടുംബങ്ങൾ ഭൂരിഭാഗവും കാർഷികമേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. കാർഷിക മേഖലയിലെ മുരടിപ്പ് വലിയൊരു പ്രതിസന്ധിയായി മാറിയിട്ടുണ്ട്. നെൽകൃഷി സാരമായി കുറഞ്ഞതിനാൽ ആദിവാസി സ്ത്രീകളിലെ തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുണ്ട്. ഈ മേഖലയിലെ പുരുഷന്മാർക്ക് 70 രൂപയും സ്ത്രീകൾക്ക് 45 രൂപയും കൂലി ലഭിക്കുന്നുണ്ട്. പരമ്പരാഗതമായ തൊഴിലായ പായനെയ്ത്ത്, കൊട്ടമെടയൽ എന്നിവക്കുള്ള അസംസ്കൃത സാധനങ്ങൾ കിട്ടാനില്ല. വനമേഖലയിൽ നിന്നും ഇവ ലഭ്യമാക്കിയാൽ ഈ രംഗത്ത് നേട്ടമുണ്ടാക്കാൻ കഴിയും.

പാർപ്പിടം

ഒന്നുകിൽ കുന്നിന്റെ മണ്ടയ്ക്ക് അല്ലെങ്കിൽ വയലിന്റെ കരയിൽ ഇവിടെയാണ് ആദിവാസികളുടെ വീടിന്റെ സ്ഥാനം. പരിഷ്കരിച്ച സമൂഹവുമായി താരതമ്യപ്പെടുത്തുമ്പോൾ വീട് എന്നൊന്ന് ഇവർക്കില്ല. മുഖ്യധാരയിൽ നിന്ന് അകന്നുനിൽക്കുന്ന ആദിവാസികൾക്ക് എല്ലാ ഭൗതികസാഹചര്യങ്ങളുമടങ്ങിയ ഒരു വീട് വ്യർത്ഥസ്വപ്നം മാത്രമാണ്. പ്രകൃതിയുമായി ഇണങ്ങി ചേർന്ന് ജീവിക്കുന്ന ഇവർക്ക് ഇങ്ങനെയൊരു ബോധം ഉണ്ടോയെന്ന് തന്നെ സംശയമാണ്. വീട്, കുടുംബം, ചുറ്റുപാട്, ആരോഗ്യം, വിദ്യാഭ്യാസം ഈ നിർവചനം ഇവരിൽ നിന്നും എത്രയോ അകലെയാണ്. പരമ്പരാഗതമായ

ടേബിൾ 2

ദുർബല വിഭാഗങ്ങൾക്ക് പഞ്ചായത്തിൽ 1991-96 കാലയളവിൽ വിവിധ പദ്ധതികളിലൂടെ അനുവദിച്ച വീടുകൾ.

വർഷം	ജവഹർ തൊഴിൽ ദാന പദ്ധതി	ദശലക്ഷം കിണർ പദ്ധതി	ഇന്ദിര ആവാസ് യോജന	ഉപാധി രഹിത ഫണ്ട്	മറ്റുള്ളവർ
1991-92	13	-	2	3	-
1992-93	7	30	15	3	30
1993-94	22	25	2	2	30
1994-95	10	40	21	2	-
1995-96	15	-	65	2	25
ആകെ	67	95	105	12	85

കൂട്ടുകുടുംബവ്യവസ്ഥിതി നമ്മുടെ പഞ്ചായത്തിൽ ഇവരുടെ ഇടയിൽ നിലനിൽക്കുന്നു. കുടുംബത്തിൽ ആരെങ്കിലും മരിച്ചാൽ താമസം വിട്ടൊഴിയുന്ന അവസ്ഥയും വിരളമല്ല.

സർക്കാർ നിർമ്മിച്ചുനൽകിയ വീടുകൾ അവയുടെ നിർമ്മാണത്തിലെ അപാകതകൾ കൊണ്ട് പലതും വാസയോഗ്യമല്ല. നിർമ്മാണത്തിന് അനുവദിക്കുന്ന തുക അപര്യാപ്തമാണ് എന്നത് ഒരു കാരണം കൂടിയാണ്. പ്രാഥമികസൗകര്യങ്ങൾ ഒന്നുമില്ലാത്ത വീടുകളിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നത് പല വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു. ഈ രംഗത്ത് ശക്തമായ ബോധവൽക്കരണം അനിവാര്യമാണ്. അംഗീകൃത കോളനികളിൽ മാത്രം 1327 കുടുംബങ്ങൾ ഉള്ളപ്പോൾ 1991-96 വരെയുള്ള കാലയളവിൽ 366 വീടുകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവെക്കാൻ സ്ഥലവും ധനവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചാൽ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. കൂടാതെ കൈവശഭൂമിക്ക് രേഖയുണ്ടാവേണ്ടതും അത്യാവശ്യമാണ്. ഉദാഹരണമായി പഞ്ചായത്തിലെ ഇരുമനത്തൂർ റവന്യൂഭൂമിയിൽ പണിയരും കുറിച്ച്യരും ഉൾപ്പെടെ 25 കുടുംബങ്ങൾ കാലങ്ങളായി താമസിക്കുന്നു. റവന്യൂ ഡിപ്പാർട്ട്മെൻറ് മുൻകൈയ്യെടുത്ത് ഇവർക്ക് രേഖ നൽകണം. ഗ്രാമസഭകളിൽ ഈ പ്രശ്നം സജീവമായ ചർച്ചക്ക് വിധേയമാക്കിയിട്ടുണ്ട്.

ആദിവാസികോളനികളും ഭൗതികസൗകര്യങ്ങളും സൂചിപ്പിക്കുന്ന വിശദമായ പട്ടിക അടുത്ത പേജിൽ .....

(ടേബിൾ 3)

ആദിവാസികോളനികളും ഭൗതികസൗകര്യങ്ങളും

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനികളുടെ പേര്	കുടുംബങ്ങളുടെ എണ്ണം		വീടുകളുടെ സ്വഭാവം			വീട് ഇല്ലാത്തവർ
					കോൺക്രീറ്റ്	ഓട്	ഓല	
1	1	കുറ്റിയോട്ടിൽ	കുറിച്യ	34	-	34-	-	
2		തിണ്ടുമ്മൽ	പണിയ	15	-	10	5	-
3		പുതിയിടം കുന്ന്		15	-	-	12	3
4		പണിച്ചിപാലം		8	-	3	5	-
5	11	കണ്ണോത്ത് മല	അബേദ്ക്കർ	40	-	40	-	-
6		കാവിൽപാടം	കുറിച്യ	13	-	5	8	-
7		ചെന്നലാര	കുറിച്യ	11	-	5	6	-
8		കണ്ണോത്തുമല	കുറിച്യ	4	-	4	-	-
9		ചീരളം	കുറിച്യ	3	-	3	-	-
10		കാമ്പെട്ടി	പണിയ	10	-	4	6	-
11		കണ്ണോത്തുമല	കാട്ടുനായ്കർ	6	-	3	3	-
12		കൊളംങ്ങോട്ട്	പണിയ	10	-	6	-	4
13		അടിമാനി	കുറിച്യ	7	-	-	7	-
14		പഞ്ചായത്ത് കുന്ന്	കുറിച്യ	7	-	-	7	-
15	111	കരിമാനി	കുറിച്യ	4	-	3	1	-
16		മാനിയിൽ	പണിയ	8	-	7	1	-
17		കരിമത്തിൽ	പണിയ	14	-	13	1	-
18		മാങ്ങോട്ടിൽ	കുറിച്യ	9	-	7	2	-
19		പുത്തൻ മിറ്റം	കുറിച്യ	2	-	-	2	-
20		കൊയ്യാലകണ്ടി	കുറിച്യ	17	-	16	1	-
21		നെല്ലിക്കൽ	പണിയ	4	-	3	1	-
22		പുല്ലാര	പണിയ	8	-	7	1	-
23		കാപ്പുമ്മൽ	കുറിച്യ	2	-	2	-	-
24	4	ആറോല	കുറിച്യ	13	-	2	11	-
25		കൂടത്തുംമൂല	കുറിച്യ	15	-	14	1	-
26		ചോയിയാറ്റ	കുറിച്യ	7	-	3	4	-
27		കുനിയമൽ	കുറിച്യ	10	-	3	7	-
28		എഴുവയത്തിൽ	കുറിച്യ	4	-	4	-	-
29		പുല്ലുറുഞ്ഞിയിൽ	കുറിച്യ	13	-	1	12	-
30		ആനകുന്നുമ്മൽ	കുറിച്യ	13	-	1	12	-
31		അകമന	പണിയ	4	-	-	4	-
32		കിഴക്കേടത്ത്	പണിയ	4	-	2	2	-
33		ചിറകൊല്ലി	പണിയ	5	-	5	-	-
34		റൈരോത്ത്	കുറിച്യ	7	-	3	4	-
35		വടക്കേ വീട്	പണിയ	3	-	2	1	-
36		പുതുക്കുടി	പണിയ	2	-	-	2	-
37		തവിഞ്ഞിൽ	പണിയ	3	-	2	1	-
38		കണ്ണിമൂല	കുറിച്യ	6	-	2	4	-
39		പുഴക്കൽ	പണിയ	1	-	1	-	-
40		അമ്പലമുക്ക്	പണിയ	4	-	1	3	-

41		ഇടുക്കുനി	കുറിച്യ	2	-	1	1	-
42		കിഴക്കുംമ്പാട്	കുറിച്യ	3	-	2	1	-
43		ആലക്കൽ	കുറിച്യ	5	-	3	2	-
44	5	കാരച്ചാൽ	കുറിച്യ	18	-	15	3	-
45		കരിമ്പിൽ	കുറിച്യ	19	-	15	4	-
46		ഇല്ലത്തുംമൂല	കുറിച്യ	22	-	18	4	-
47		ചെട്ടിയാംകുനി	കുറിച്യ	5	-	-	5	-
48		തോളക്കര	കുറിച്യ	6	-	4	2	-
49		തോളക്കര	പണിയ	11	-	5	4	2
50		അമ്പലക്കുന്ന്	പണിയ	7	-	5	2	-
51		ചെട്ടിയാംകുനി	പണിയ	3	-	-	3	-
52		വാളമടക്ക്	കുറിച്യ	20	-	15	3	2
53		കൊടുവേലി	പണിയ	6	-	4	2	-
54		നെല്ലിക്കൽ	പണിയ	9	-	1	6	2
55		പാലിയപ്പാറ	പണിയ	4	-	1	1	-
56		മുണ്ടിയാടി	പണിയ	2	-	1	1	-
57		പിലാക്കണ്ടി	പണിയ	2	-	1	1	-
58	6	ആലക്കണ്ടി	കുറിച്യ	15	-	10	5	-
59		കാപ്പാട്ടുമല		17	-	8	5	4
60		എടമന	കുറിച്യ	24	-	12	6	6
61		പാലക്കുനി	കുറിച്യ	6	-	4	2	-
62	7	കോളിമന്ദം	കുറിച്യ	10	-	10	-	-
63		ചോയിമൂല	കുറിച്യ	15	-	5	5	5
64		നീലിയോട്ടിൽ	കുറിച്യ	13	-	6	5	2
65		ചപ്പാരം, പൂക്കോട്ട്	കുറിച്യ	23	-	7	12	4
66		ആനേരി	പണിയ	14	-	-	10	4
67		റവന്യൂ കുന്ന്	പണിയ	12	-	3	1	8
68		കൈപ്പം ചേരി	പണിയ	7	-	7	-	-
69		മൊട്ടമ്മൽ	പണിയ	8	-	4	4	-
70		പാലിയോട്ടിൽ	പണിയ	9	-	-	9	-
71		അയ്യാടൻ കുന്ന്	പണിയ	11	-	1	10	-
72		നടുമൊട്ടമ്മൽ	പണിയ	9	-	8	1	-
73		നടയിൽ	പണിയ	7	-	3	4	-
74		കൊയ്യോട്ട്	പണിയ	5	-	5	1	-
75		കൈപ്പംചേരി	കുറിച്യ	5	-	0	4	1
76		മുള്ളൽ	പണിയ	6	-	1	5	-
77	8	ഇരുമനത്തൂർ	പണിയ	24	-	2	22	-
78		വയ്യോട്	പണിയ	3	-	1	5	-
79		മാവിലവീട്	പണിയ	9	-	-	7	2
80		അയനിക്കൽ	പണിയ	15	-	-	10	5
81		കാവിൽ	പണിയ	13	-	3	9	1
82		കടവൻതാറ്റിൽ	കുറിച്യ	9	-	3	6	-
83		മണലിമൂല	കുറിച്യ	8	-	3	3	2

83.	9	മുണ്ടിയത്ത്	പണിയ	9	-	7	-	2
84.		തായികണ്ടി	പണിയ	4	-	3	1	-
85.		മുണ്ടക്കൽ	പണിയ	4	-	4	-	-
87.		കാത്തറോട്ടിൽ	കുറിച്യ	6	-	6	-	-
88.		മക്കോല	പണിയ	10	-	7	2	1
89.	10	അയിക്കാടി	കുറിച്യ	11	-	6	5	-
90.		പാലോട്ട്	കുറിച്യ	23	-	16	6	-
91.		ചുള്ളിയിൽ	കുറിച്യ	6	-	3	3	-
92.		എടത്തന						
93.		കരിക്കാട്ടിൽ						
94.		വേങ്ങണ എടത്തന	കുറിച്യ	110	53	33	20	4
95.		കോശാലി						
96.		കോളിച്ചാൽ						
97.		എടത്തിൽ	പണിയ	9	-	3	6	-
98.		കേളോത്ത്	പണിയ	6	-	2	4	-
99.		കുയുല വീട്	കുറിച്യ	3	-	1	-	2
100.		പാത്തിക്കമൂല	പണിയ	2	-	1	1	
101.		നടുവില വീട്	പണിയ	3	-	2	1	-
102.	11	അമ്പലക്കൊല്ലി	പണിയ	11	-	9	2	-
103.		കാക്കത്തൂറുമൽ	പണിയ	7	-	5	2	-
104.		എടോർമൽ	കുറിച്യ	8	-	8	-	-
105.		ഉദയഗിരി	പണിയ	4	-	2	-	2
106.		പൂളക്കൽ	കുറിച്യ	19		4	6	9
107.		മയിലാടി	കുറിച്യ	13	-	5	4	4
108.		പാലേരിക്കുന്ന്	പണിയ	15	-	10	2	3
109.		വെള്ളരി	കുറിച്യ	4	-	4	-	-
110.		കാക്കഞ്ചേരി	പണിയ	6	-	3	3	-
111.		വാളിയോട്ടിൽ	കുറിച്യ	6	-	4	2	-
112.		കണ്ടത്താർ	പണിയ	13	-	5	4	4
113.		പിലാക്കണ്ടി	കുറിച്യ	2	-	1	1	-
114.		പിലാക്കണ്ടി	പണിയ	2	-	1	1	-
115.		ഡിമലാ നഗർ	പണിയ	10	-	5	2	3
116	12	പീടികക്കുന്ന്	കുറുമ	14	-	14	-	-
117.		മേലെതലപ്പുഴ	കുറിച്യ	21	-	1	2	18
118.		താഴെതലപ്പുഴ	കുറിച്യ	19	-	1	2	16
119.		വൂടോർകൊല്ലി	കുറുമ	7	-	5	2	-
120		അത്തിമല	കാട്ടനായ്ക്ക	8	6	1	1	-
121.		പൊയിൽ	പണിയ	13	-	-	10	3
122.		പുതിയിടം	പണിയ	7	-	7	-	-
123.	13	മുള്ളൽ	പണിയ	8	-	4	4	-
124.		കുതിയമ്മൽ	കുറിച്യ	10	-	6	4	-
125.		കേലുമ്മൽ	പണിയ	9	-	7	2	-
126.		വട്ടോളി	പണിയ	18	-	-	18	-

127		കുറ്റിവയൽ	പണിയ	8	-	8	-	-
128		എടലക്കുനി	കുറിച്യ	15	-	1	14	-
129		കണ്ടാവനം	പണിയ	4	-	-	-	4
130		പുത്തൻപുരക്കൽ	പണിയ	13	-	11	2	-
131		മുതുകാട്ടിൽ	കുറിച്യ	5	-	-	5	-
132		തെയ്യംപാടി	കുറിച്യ	7	-	3	4	-
133		വാളാട്	പണിയ	6	-	1	5	-
133	13			1327	59	514	483	135

പഞ്ചായത്തിലെ മിക്ക കോളനികളിലും കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നീ കാര്യങ്ങൾ ഒന്നുമില്ല. ഓരോ വീടിനും ഓരോ കക്കൂസ് അനുവദിക്കുകയും അത് ഉപയോഗിക്കുന്നതിന്റെ ആവശ്യം ബോധ്യപ്പെടുത്തുകയും ചെയ്യണം. ജലദൗർലഭ്യം കാരണം ഉള്ളവ ഉപയോഗിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു.

ആദിവാസികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. വിദ്യാഭ്യാസം വളരെ കുറവ്. നിരക്ഷരത വളരെ കൂടുതൽ നിലനില്ക്കുന്നു. വിദ്യാർത്ഥികൾ സ്ക്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോകുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു.
3. മദ്യപാനം ഒരു ശാപമായി നിലനില്ക്കുന്നു.
4. എല്ലാവർക്കും സ്വന്തമായി വീടില്ല, വീട് നിർമ്മാണത്തിന് സ്ഥലമില്ല, വീട് നിർമ്മാണത്തിന് ലഭിക്കുന്ന ധനസഹായം കൊണ്ടും നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്നില്ല.
5. പ്രാഥമിക സൗകര്യങ്ങളില്ല.
6. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല.
7. വൈദ്യുതിയില്ല.
8. പൊതുശ്മശാനമില്ല.
9. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
10. ആരോഗ്യസംരക്ഷണസംവിധാനം ഒന്നുമില്ല.
11. നിർധനകുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല. വിവിധ ക്ഷേമപെൻഷനുകൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല.
12. IRDP പദ്ധതിയുടെ ആനുകൂല്യം എല്ലാവർക്കും ലഭിക്കുന്നില്ല.
13. എല്ലാവർക്കും റേഷൻ കാർഡില്ല.
14. പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.

സാധ്യതകൾ

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിൽ കുടിൽ ജ്യോതിയിൽ ഉൾപ്പെടുത്തിയും മറ്റുള്ളവ ബന്ധപ്പെട്ട പദ്ധതികളിലും ഉൾപ്പെടുത്തി വൈദ്യുതി എത്തിക്കാവുന്നതാണ്.

കുടിവെള്ളം

തലപ്പുഴ കണ്ണോത്ത് മല വാട്ടർ സ്കീമിൽ ഉൾപ്പെടുത്തി 1,2,3,4,9,10,11,12 എന്നീ വാർഡുകളിൽ വെള്ളമെത്തിക്കാവുന്നതാണ്. 6,7,8,13 വാർഡുകൾ തൊണ്ടർനാട്, പേരിയ സ്കീം പ്രയോജനപ്പെടുത്തുക. എവിടേയും പെടാത്ത അഞ്ചാം വാർഡ് ഈ സ്കീമിൽ ഉൾപ്പെടുത്തുക.

പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ടവ.

1. കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.
2. പായനെയ്ത്ത്, കൊട്ട, പരമ്പ് എന്നിവ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കുക - വിപണികൾ കണ്ടെത്തുക
3. കോളനികളിലെ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നല്കുക.
4. കുടിവെള്ളപ്രശ്നം പരിഹരിക്കുക.
5. അഭ്യസ്ഥവിദ്യർക്ക് സർക്കാർ ഏർപ്പെടുത്തിയ വായ്പകളും സഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.
6. പട്ടികജാതി സഹകരണസംഘങ്ങൾ തുടങ്ങുക.
7. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ഏല്പിക്കുക.
8. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുക.
9. കുട്ടികളെ നോക്കാനുള്ള ക്രഷ് യൂണിറ്റുകൾ ആരംഭിക്കുക.
10. പണിയ വിഭാഗത്തിന് പ്രത്യേകമായി സർവ്വെ നടത്തി വീട്, സ്ഥലം ഉള്ളവർക്ക് രേഖ ലഭ്യമാക്കുക.
11. ITC പോലുള്ള സ്ഥാപനങ്ങളിലൂടെ ആദിവാസി കുട്ടികൾക്ക് പരിശീലനം നല്കുക.
12. വിദ്യാർത്ഥികൾക്ക് Incentive നൽകി കൊഴിഞ്ഞു പോക്ക് തടയുക.
13. കായിക - കലാരംഗങ്ങളിൽ പരിശീലനം നല്കുക.
14. പഞ്ചായത്തിലെ മുഴുവൻ കോളനികളിലും TSP, SCP - യിൽ ഉൾപ്പെടുത്തി ഗതാഗത സൗകര്യം ഉണ്ടാക്കുക. ത്യാഗമനോഭാവത്തോടെ ഈ രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ളവരെ കണ്ടെത്തി കാര്യങ്ങളുടെ ചുമതലയേല്പിക്കുക.
15. കോളനികളിൽ ശിശുക്ഷേമകേന്ദ്രം, സാംസ്കാരിക കേന്ദ്രം ഇവയുടെ സൗകര്യം ഉറപ്പുവരുത്തുക.
16. അർഹതപ്പെട്ടവർക്ക് വിവിധ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്ത് ഇന്ന് നേരിടുന്ന പ്രതിസന്ധി കാർഷിക വ്യവസായ മേഖലയുടെ പിന്നോ ക്കാവസ്ഥയാണ്. മൂന്ന് തേയില ഫാക്ടറിയല്ലാതെ വ്യവസായ സ്ഥാപന ങ്ങളൊന്നും ഇല്ല. കാർഷിക മേഖലയിലും ചെറുകിട വ്യവസായരംഗത്തും മുന്നേറ്റം നടത്തി കൊണ്ട് വിഭവസമാഹരണത്തിന് പുത്തൻ മാർ ഗ്ഗങ്ങൾ വെട്ടിത്തുറക്കാവുന്നതാണ്. കാർഷി കോൽപ ന്നങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായ ങ്ങൾ തുടങ്ങുവാൻ ഈ പഞ്ചായത്തിൽ വളരെ യേറെ സാധ്യതകളുണ്ട്.

പ്രസ്തുതമേഖലയിൽ ഫലപ്രദമായി ഇട പെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ വ്യക്തമായ ഗുണഫലങ്ങൾ നേടാനാകും. പിന്നോക്കാവസ്ഥ മനസ്സിലാക്കി സർക്കാർ ഗ്രാൻറുകൾ അനുവദിക്കണം. നിയമ പരമായ ഭേദഗതികൾ ഇതിനു വേണ്ടിവരും. ഗ്രാൻറുകളുടെ നീതിപൂർവ്വമായ വിതരണത്തിന് ഇതാവശ്യമാണ്. പലമേഖലകളിൽ നിന്നും വന്നെ ത്തുന്ന വരുമാനങ്ങളെകുറിച്ച് പഞ്ചായത്തിൽ കൃത്യമായ വിവരങ്ങളില്ല. ഇത് അറിയുവാനുള്ള സംവിധാനങ്ങളുമില്ല. ഈ അവസ്ഥ മാറ്റം ഉദാ ഹരണമായി 372 പേർ ഈ പഞ്ചായത്തിൽ ഗൾഫ് മേഖലകളിൽ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ വരുമാനം എത്രയാണെ ന്നറിയില്ല. ഇവ പ്രത്യുൽപാദനപരമായി ഉപയോഗി ക്കുവാൻ കഴിയുന്നില്ല.

ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവർ

വാർഡ്	1	2	3	4	5	6	7	8	9	10	11	12	13
എണ്ണം	20	15	5	4	40	10	41	28	83	7	12	26	5

നികുതി പിരിക്കൽ ശാസ്ത്രീയമായി പരിഷ്ക രിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വികസന പ്രവർത്തന ങ്ങളിൽ തങ്ങളുടെതായ പങ്ക് നിർവ്വഹിക്കുകയാണ് നികുതി കൊടുക്കുന്നത് വഴി ചെയ്യുന്നതെന്ന തിരിച്ചറിവ് ജനങ്ങളിലുണ്ടാക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടുവാൻ കഴിയും.. ഇങ്ങനെ നികുതിയായി പഞ്ചായത്തിന് ലഭിക്കുവാൻ സാധ്യതയുള്ള ചില നിർദ്ദേശങ്ങൾ ചേർക്കുന്നു.

1. വൻകിട വരുമാനക്കാരുടെമേൽ അഡീഷണൽ നികുതി ചുമത്താൻ പഞ്ചായത്തുകൾക്ക് അധികാരം നൽകുക.
2. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ നടപടിയുണ്ടാവണം.
3. ജനങ്ങളുടെ വിശ്വസ്തതയാർജ്ജിക്കുവാൻ വരവ്ചെലവ് കണക്കുകൾക്ക് സുതാര്യത ഉണ്ടാവണം
4. നികുതി പിരിക്കുന്നതിന് നേതൃത്വം നൽകുന്നതിന് വാർഡ് പ്രതിനിധികളും, വികസന സമിതികളും തയ്യാ റാവണം.
5. കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും അത് ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ സംവിധാനവും പഞ്ചായത്തുകളിൽ ഉണ്ടാവണം.

കെട്ടിടനികുതി

1. കെട്ടിടനികുതി ഈടാക്കുന്നത് ശാസ്ത്രീയമായി പരിഗണിക്കണം. ആഢംബരം നിറഞ്ഞ വൻതുകമുടക്കി നിർമ്മിക്കുന്ന വീടുകൾക്ക് നികുതി വസൂലാക്കുന്നതിന് നിയമം ഭേദഗതി ചെയ്യണം.

പഞ്ചായത്തിലെ വാടക കെട്ടിടങ്ങളുടെ വാടക ക്രമം പരിഷ്കരിച്ച് നിശ്ചിതശതമാനം പഞ്ചായത്ത് വസൂലാക്കണം.

2. പഞ്ചായത്തിലെ പ്രധാനടൗണുകളിൽ

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക. ഇത് വ്യാവസായിക പുരോഗതിയിലേക്കും വഴിതെളിയിക്കും, വാളാട്, തലപ്പുഴ ടൗണിൽ ഷോപ്പിംഗ്കോംപ്ലക്സുകൾ സ്ഥാപി ക്കുക.

3. നികുതി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം കുറെകൂടി ജനകീയമാക്കണം. ഇത് വഴി ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം, കുടിശ്ശിക മുതലായ ദോഷവശങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. ഓരോ വാർഡിലും നികുതി പിരിക്കുന്നതിനുള്ള സമയവും ദിവസവും വാർഡ് സമിതികളെ മുൻകൂട്ടി അറിയിച്ച് അവരുടെ സഹകരണത്തോടെ കൂട്ടായി നടത്തുന്ന പ്രവർത്തനം ഇതിന് സഹായകരമാവും.

തൊഴിൽനികുതി

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും എയ്ഡഡ് സ്കൂളുകളിൽ മറ്റും ജോലി ചെയ്യുന്നവരിൽ നിന്നും മറ്റുമാണ് തൊഴിൽ നികുതി നിലവിൽ പിരിക്കുന്നത്. തൊഴിൽ ചെയ്യുന്ന മുഴുവൻ ആളുകളിൽ നിന്നും നികുതി വരുമാനത്തിന് ആനു പാതമായി ഈടാക്കുന്നത് പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്. ഇതിനായി തൊഴിൽ റജിസ്ട്രേഷൻ ഓഫീസുകൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കാവുന്നതാണ്. ഇതിലൂടെ തൊഴിലില്ലായ്മയും, തൊഴിലിന് ആളെകിട്ടാത്ത അവസ്ഥയും, പരസ്പര പൂരകമായി പരിഹരിക്കുവാൻ കഴിയും.

വിനോദനികുതി

നമ്മുടെ പഞ്ചായത്തിന് വികസന സാധ്യതകൾ കുറഞ്ഞമേഖലയാണ് ഇത്. സിനിമാതിയേറ്ററുകൾ സ്ഥാപിക്കുവാൻ ആവശ്യമായ പ്രോൽസാഹനത്തിലൂടെ ഒരു പരിധിവരെ ഈ ഇനത്തിൽ വരുമാനം ഉണ്ടാക്കാം. ഡിഷ് ആൻറിന സ്ഥാപിച്ചിട്ടുള്ള വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കാവുന്നതാണ്. 44 -ാം മൈലിലെ മിനിസ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കി പൊതുപരിപാടികൾക്ക് വാടകയ്ക്ക് നൽകാവുന്നതാണ്. വാളാട് 10-ാം വാർഡിലെ പഞ്ചായത്ത് ഭൂമിയിൽ മിനിസ്റ്റേഡിയം നിർമ്മിക്കുകയും പൊതുപരിപാടികൾക്ക്, വാടക നിശ്ചയിച്ച് കൊടുക്കുകയും വേണം

മറ്റ് ധനാഗമമാർഗ്ഗങ്ങൾ

പഞ്ചായത്തിന്റെ അധീനതയിൽവരുന്ന പുഴകളും, മറ്റ് പുറമ്പോക്കുകളും അളന്ന് തിട്ടപ്പെടുത്തി കർഷകർക്ക് ലീസിന് കൊടുക്കുക വഴി പഞ്ചായത്തിന്റെ വരുമാനം ഉയർത്തുന്നതിന് സാധിക്കും. അനധികൃതമായി പഞ്ചായത്ത് വക ഭൂമി കൈവശം വെച്ചനഭവിക്കു ന്നവരിൽ നിന്നും ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള സംവിധാനം ഉണ്ടാവണം.

മണൽവാരൽ

തവിഞ്ഞാൽ പഞ്ചായത്തിന് വരുമാനം കൂടുതൽ ലഭിക്കുന്ന ഒരു മേഖലയാണ് ഇത്. എന്നാൽ യഥാർത്ഥ നേട്ടം കൈവരിക്കുവാൻ നമുക്ക് കഴിയു ന്നില്ല. എന്നാൽ സ്വകാര്യവ്യക്തികൾക്ക് ധനലാഭ മുണ്ടാക്കുന്നതും, പരിസ്ഥിതിക്ക് ഭയങ്കരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന മേഖലയാ യതിനാൽ ഇതിന്റെ ആവശ്യകതയെക്കുറിച്ച് പുനർചിന്തനം ആവശ്യമാണ്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വാർഡുകളിൽ സമിതികൾ രൂപീകരിക്കു കയും അത്വഴി മണൽ വാരൽ ശാസ്ത്രീയമാക്കുകയും ചെയ്താൽ അനിയന്ത്രിതമായ മണൽ വാരൽ തടയുവാനും പഞ്ചായത്തിന് വരുമാനം ഉണ്ടാക്കുവാനും സഹായിക്കും.

വാഹനം

പഞ്ചായത്തിൽ 158 ടാക്സിജീപ്പുകൾ ഉണ്ട്. സ്വകാര്യവാഹനങ്ങൾ വേറെയും, ടാക്സികളിൽനിന്നും പഞ്ചായത്തിന് എന്തുവരുമാനം ലഭിക്കുമെന്നത് ചിന്തനീയമാണ്. കൂടാതെ ഇരുപതിലധികം ട്രാക്ടർ, ലോറി, രണ്ട് ബസ്സ് എന്നിവ പഞ്ചായത്തിലുണ്ട്. പക്ഷെ നിയമത്തിന്റെ വൈകല്യത്താൽ പഞ്ചായത്തിന് ന്യായ മായും ലഭിയ്ക്കേണ്ട ഒരു പങ്ക് നഷ്ടപ്പെടുകയാണ്. ഇതിന് പ്രതിവിധി കണ്ടെത്തണം.

ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ നിലവിലുള്ള ധനകാര്യ സ്ഥാപനങ്ങൾ കനറാബാങ്ക് തലപ്പുഴ ശാഖ, നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൻെറ പേര്യ, തലപ്പുഴ, കാട്ടിമൂല ശാഖകൾ, തവിഞ്ഞാൽ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയാണ്. സഹകരണബാങ്ക് നിക്ഷേപത്തിലും കവിഞ്ഞ തുക പഞ്ചായത്തിൽ തന്നെ ലോണുകളായി നൽകുന്നുണ്ട്. സഹകരണമേഖലയിൽ കൂടുതൽ നിക്ഷേപം ഉണ്ടാവേണ്ടത് അനിവാര്യമാണ്. ഇത് പഞ്ചായത്തിൻെറ വികസനത്തിന് സഹായിക്കും. ഇതിന് ജനകീയ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യണം. ഓരോ കുടുംബത്തിൽ നിന്നും ഒരു നിശ്ചിത തുക സഹകരണ മേഖലയിൽ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാവണം. വായ്പാവിതരണത്തിലും തിരിച്ചടയ്ക്കുന്നതിലും വികസന സമിതികൾക്ക് മുഖ്യ പങ്ക് ഉണ്ടായിരിക്കണം. കൂടാതെ ഗ്രാമസഭകളോ, ഗ്രാമപഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പകൊടുക്കാൻ ബാങ്കുകൾ ബാധ്യസ്ഥരാകുന്ന നിയമം ഈ രംഗത്ത് ഉണ്ടാവണം.

ഇന്ദിരാവികാസ് പത്ര

ഇന്ദിരാവികാസ് പത്രയിലൂടെ സമാഹരിക്കുന്ന സമ്പാദ്യത്തിൻെറ 15 മുതൽ 25 വരെ ശതമാനം അതാത് പഞ്ചായത്തിൽ ചെലവഴിക്കാമെന്നിരിക്കെ, ഈ രംഗത്ത് കൂടുതൽ ശ്രദ്ധിച്ചാൽ പഞ്ചായത്തിനും, രാഷ്ട്രത്തിനും പരമാവധി വികസനം സാധ്യമാകും.

ചെലവ് ഇനം

പഞ്ചായത്ത് ഫണ്ടിൻെറ ഭീമമായ ഭാഗം റോഡ്, പാലം മുതലായവയുടെ അറ്റകുറ്റ പണികൾക്കും, നിർമ്മാണത്തിനും, പ്രത്യുൽപാദനപരമല്ലാത്ത മേഖലയിലുമാണ് ചെലവഴിക്കപ്പെട്ടത്. ഈ അവസ്ഥക്ക് മാറ്റമുണ്ടാവണം.

ജനക്ഷേമപ്രവർത്തനങ്ങൾ

(ചെലവ് ഇനങ്ങൾ)

	1991-92	1992-93	1993-94	1994-95	1995-96
ഭരണം	304559.15	258680.10	315744.65	404419.50	449996.45
പൊതുമരാമത്ത്	163587.00	375859.00	775694.00	932353.50	481800.00
വിദ്യാഭ്യാസം	31913.88	15091.60	12152.80	22796.75	36381.00
പൊതുജനാരോഗ്യം	56038.00	49968.00	68252.00	89765.50	58074.45
തെരുവു വിളക്കുകൾ	10575.55	15768.00	15768.00	15768.00	17203.00

ജനകീയ സമിതികളുടെ ഉത്തരവാദിത്വത്തിൽ, പഞ്ചായത്ത് തലത്തിലുള്ള കരാറുപണികൾ ജനകീയ കമ്മിറ്റികൾ വഴി നടപ്പിലാക്കണം. നോമിനി സമ്പ്രദായം നിർത്തലാക്കുന്നത് വഴി അഴിമതിയും ഉദ്യോഗസ്ഥ മേധാവിത്വവും ഇല്ലാതാക്കാനും വലിയൊരളവിൽ മനുഷ്യാധ്വാനം സമാഹരിക്കാനും കഴിയും.

ഭൂനികുതി

ഭൂമിയുടെ തരമനുസരിച്ച് നികുതിയിൽ വർദ്ധനവ് വരുത്തേണ്ടതാണ്.

വിഭവ സമാഹരണം (തവിഞ്ഞാൽ പഞ്ചായത്ത്) വരുമാനത്തിലെ വ്യതിയാനം

പട്ടിക 11

		1991-92	1995-96	വ്യത്യാസം	ശതമാനം
1	തനത്വരുമാനം	553831.00	723296.00	169465.00	30.60%
	കെട്ടിടനികുതി	132124.55	255975.00	123851.00	93.74%
	വിനോദനികുതി	-	-	-	-
	തൊഴിൽനികുതി	89461.00	174620.00	85159.00	95.19%
2	ഉപാധിരഹിത ഫണ്ട225000.00	292900.00	67900.00	30.15%	
	എസ്.സി.പി.	30000.00	90000.00	60000.00	200%
3	ജെ.ആർ.വൈ	607861.00	938330.00	240469.00	34.46%
4	ഗ്രാൻറുകൾ,സംഭാവനകൾ	575749.00	825178.00	249429.00	43.32%
5	ആകെ	1577987.75	1981997.02	404010.00	25.60%
	ചെലവ്,എസ്റ്റാബ്ളിഷ്മെൻറ്	348545.00	521264.000	172719.00	49.55%

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് പണ്ടാകുന്നില്ല.
2. സർക്കാരിന്റെ സാമ്പത്തിക സഹായം വേണ്ടത്ര ലഭിക്കുന്നില്ല. അർഹമായ വിഹിതം പോലും യഥാസമയം ലഭിക്കുന്നില്ല.
3. ധനകാര്യസ്ഥാപനങ്ങളുടെ ഫണ്ട് വികസന പദ്ധതികൾക്കായ് ഉപയോഗിക്കുന്നില്ല.
4. ദേശസാൽകൃതബാങ്കുകളുടെ നിക്ഷേപവായ്പാ അനുപാതം വളരെ കുറവാണ്.

സാധ്യതകളും നിർദ്ദേശങ്ങളും

1. നികുതി വരുമാനം വർദ്ധിപ്പിക്കുക.
2. ഗ്രാൻറുകൾ യഥാസമയം ലഭ്യമാക്കുവാൻ ശ്രമിക്കുക
3. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമി വിഭവസമാഹരണത്തിന് ഉപയുക്തമാക്കുക.
4. ഗൾഫ് മലയാളികളുടെ നിക്ഷേപം ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കുക.
5. ടീബോർഡ്, കോഫീബോർഡ് തുടങ്ങിട സ്ഥാപനങ്ങളുടെ സഹായം ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പാക്കുക.
6. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ താമസസൗകര്യത്തിന് ഹൗസിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകക്ക് കൊടുക്കുക.
7. പഞ്ചായത്തിൽ വാളാട്, തലപ്പുഴ എന്നി വിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.
8. പൊതുമരാമത്ത് പണികൾ ജനകീയ സമിതികൾ മുഖേന നടപ്പാക്കുക.
9. നിർമ്മാണ പ്രവർത്തനരംഗത്ത് ചെറു സൊസൈറ്റികൾ രൂപീകരിക്കുക.

സ്വന്തം നെറ്റി വിയർത്തിട്ടാണ് ഓരോരുത്തരും ജീവിക്കുന്നതെങ്കിൽ ഭൂലോകം സ്വർഗ്ഗമാകും - ഗാന്ധിജി.

ഡി. ആർ. പി.മാർ

1. കെ. കെ. നാരായണൻ മാസ്റ്ററർ, കൺവീനർ
2. ഇ. നാരായണൻ നമ്പൂതിരി മാസ്റ്ററർ
3. വി.എ.അഗസ്റ്റിൻ
4. ബാബു മഴുവഞ്ചേരി
5. എൻ.എം. ആൻറണി
6. പി.കെ. ഷൈബി
7. എം. എസ്. മുഹമ്മദ്
8. ഷൈലജ .കെ
9. തങ്കമ്മ യേശുദാസ്

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1. കെ. വി. ഉണ്ണികൃഷ്ണൻ
2. എം. കെ. ഷാജു മാസ്റ്ററർ
3. കെ. ശശീന്ദ്രൻ മാസ്റ്ററർ
4. ജോസ് മാത്യു മാസ്റ്ററർ
5. ജോസഫ് . എ.ജെ. അയ്യാനിക്കാട്ട്
6. കെ.പി. ജോൺസൺ
7. പി.ജെ. ജോയി
8. കെ.ജി. വിനോദ് കുമാർ

പഠന പര്യടന സംഘം

1. കെ.കെ. നാരായണൻ മാസ്റ്റർ -നയിച്ചത്
   ചുമതല: ദിശ, മാർഗ്ഗനിർദേശം
2. വി. വിജയൻ, കൃഷി ആഫീസർ
   : മൺതരം ,കൃഷി രോഗങ്ങൾ
3. ടി.വി. ജോസഫ്, JHI ആരോഗ്യം
   :കുടിവെള്ളം- ഗുണം
4. ഷൈജു ടി.കെ
   : ദൂരം, അളവ്
5. രാജൻ. എൻ.വി } കൃഷി ഇനങ്ങൾ
6. ജോസഫ് .എ.ജെ: }
7. ബാബു മഴുവഞ്ചേരി }
8. കെ.കെ. കരുണാകരൻ മാസ്റ്ററർ } ഭൂ പ്രകൃതി
9. കെ.ജെ. ജോയി }
10. കെ.പി. രാധാകൃഷ്ണൻ :കുടിവെള്ളം, സഹായി
11. കെ.കെ. അണ്ണൻ, മെമ്പർ }
12. എക്കണ്ടി മൊയ്തൂട്ടി, പ്രസിഡണ്ട് } പൊതുകാര്യം
13. എൻ.സി. ആലി, മെമ്പർ : }



തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് വികസനരേഖ– 96

ശ്രീ പ്രിൻറ്റേഴസ് ,ചൊവ്വ - 6, 66129